PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY.

DATA ENTERED

FIRST SESSION—1953.

Monday, the 16th March 1953.

Vol. VIII OFFICIAL REPORT. No. 15

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 16th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

STOCK VERIFIED 1995

കാളനൈസേഷൻ പദ്ധതി.

*൩൮൮. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കാളനൈസേഷൻ പദ്ധതിപ്രകാരം ൧൧൨൮–൨൯–ൽ പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ പ്രവൎത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) പുതിയ പ്രവൎത്തനകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പുതുവെട്ടിമുറി, അഴൂർ, കല്ലാർ, അഞ്ചൽ, മുട്ടപ്പള്ളി, പനസ്സുവയൽ, പള്ളിക്കൽ, വെഞ്ഞോല, വാഴാനി എന്നീ സ്ഥലങ്ങൾ.

(ബി) കൃഷിക്കും താമസത്തിനും ഉപയുക്തമായി ൧൦ ഏക്കറെങ്കിലും സൗകര്യമായി കിട്ടുന്ന സ്ഥലങ്ങളാണ് പുതിയ പ്രവൎത്തനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതിലുള്ള മുഖ്യമായ മാനദണ്ഡം.

ശ്രീ. ആർ. ഗംഗാധരൻ: അഴൂർ എന്ന സ്ഥലത്തു് ഏതു പകുതിയിലാണു കാളനി സ്ഥാപിക്കാൻ പോകുന്നതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ; കാളനി സ്ഥാപിക്കാൻ പോകുന്നതു് അഴൂറിലാണു്. ഏതു പകുതിയിലാണെന്നുള്ളതു നിശ്ചയമില്ല.

ശ്രീ. ആർ. ഗംഗാധരൻ: എന്നാണു് ഈ കാളനിയുടെ പ്രവൎത്തനം ആരംഭിക്കാൻ പോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൧൨൮—൨൯-ൽ കാളനികളുടെ പ്രവൎത്തനങ്ങൾ ആരംഭിക്കുന്ന കൂട്ടത്തിൽ അവിടേയും ആരംഭിക്കുന്നതാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ കാളനികളിൽ ഷെഡ്യൂൾ കാസ്റ്റിൽ ഉള്ളവൎക്കു് പ്രവേശനം അനുവദിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനൈസേഷൻ സെററിൽമെൻറു് സ്കീമനുസരിച്ചു് അർഹതയുള്ളവൎക്കാണു് ഈ കാളനികൾ അനുവദിക്കുന്നതു്. അല്ലാതെ മററുള്ളവൎക്കല്ല.

ശ്രീ. ആർ. ഗംഗാധരൻ: ഷെഡ്യൂൾകാസ്റ്റിൽപ്പെട്ടിട്ടുള്ള വീടില്ലാത്തവരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ ധാരാളം കിട്ടിയിട്ടുണ്ടു്. പക്ഷെ അർഹതയുള്ളവൎക്കു മാത്രമെ കാളനികളിൽ പ്രവേശനം അനുവദിക്കുകയുള്ളു.

ശ്രീ. കൊച്ചുകുഞ്ഞു്: അർഹതയുള്ളവർ എന്നു പറഞ്ഞാൽ എന്തോന്നാണു മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനിയിൽ പ്രവേശനം അനുവദിക്കുന്നതു് സാധാരണയായി വീടില്ലാത്തവരേയും അതേസമയം കൃഷിചെയ്യാൻ കായബലം ഉള്ളവരേയും മററുമാണു്.

ശ്രീ. കൊച്ചുകുഞ്ഞു്: ഈ പറഞ്ഞ കാൎയ്യങ്ങളെല്ലാം ഉള്ളതായ പട്ടികജാതിക്കാൎക്കു് കാളനിയിൽ പ്രവേശനം അനുവദിച്ചുകൂടെ?

ശ്രീ. കൊച്ചുകുട്ടൻ: പട്ടികജാതിക്കാൎക്കു് കൊടുക്കേണ്ട എന്നു് ഞാൻ പറഞ്ഞില്ല. കൊടുക്കത്തക്കതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അവൎക്കും കൊടുക്കുന്നതായിരിക്കും.

ശ്രീ. കെ. കെ. അയ്യപ്പൻ: പട്ടികജാതിക്കാൎക്കും ഈ സ്ഥലങ്ങളിൽ പ്രവേശിക്കാൻ അർഹതയുണ്ടെന്നു് ഇതുവരെ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അവൎക്കു പ്രത്യേകമായും കാളനി ഉണ്ടാക്കിക്കൊടുക്കുന്നു. പട്ടികജാതിക്കാൎക്കെന്നു മാത്രമല്ല, ഞാൻ മുമ്പു പറഞ്ഞ തരത്തിലുള്ള എല്ലാവൎക്കും നിവൃത്തിയുള്ളിടത്തോളം കുത്തകപ്പാട്ടവ്യവസ്ഥയിൽ ധാരാളം സ്ഥലങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. സി. ആതിച്ചൻ: കാളനൈസേഷനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ കൊടുക്കണ്ടയെന്നു തീരുമാനം ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനികഠം ഉണ്ടാക്കാൻ ഉതകുമായ സ്ഥലങ്ങഠം വേണ്ടെന്നുവച്ചിട്ടില്ല.

ശ്രീ. പി. സി. ആതിച്ചൻ: ഹരിജനങ്ങഠംക്കുവേണ്ടി കാളനികഠം ഉണ്ടാക്കാൻ വ്യവസ്ഥ ചെയ്ത സ്ഥലം പിന്നീട്ട വേണ്ടെന്നുവച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഹരിജനങ്ങഠംക്കുവേണ്ടി കാളനികഠംക്കായി എവിടെയാണ് സ്ഥലം കൊടുക്കാമെന്നു പറഞ്ഞിരുന്നതും ഒടുവിൽ എന്നാണതു വേണ്ടെന്നുവെച്ചതും എന്നും മററും വിശദമായി ചോദിച്ചാൽ പറയാം.

ശ്രീ. പി. സി. ആതിച്ചൻ: ഹരിജനങ്ങഠംക്കുവേണ്ടി കോന്നിയിൽ കുറെ സ്ഥലം കാളനി ഉണ്ടാക്കാനായിട്ട ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടായിരുന്നു. ഒടുവിൽ അതു വേണ്ടെന്ന് വയ്ക്കുകയാണു ചെയ്തതു്. ആ കാര്യം അറിയാമോയെന്നാണ് ചോദിച്ചതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയൊരു തീരുമാനം ഉണ്ടായതായിട്ട് അറിവില്ല.

ശ്രീ. എ. താണുപിള്ള: കാളനൈസേഷൻ പദ്ധതിപ്രകാരം സ്ഥലം കൊടുക്കുന്നതു് കൃഷിചെയ്യുന്നതിനു പ്രാപ്തിയുള്ളവക്കായിരിക്കണമെന്നു പറഞ്ഞു. പ്രാപ്തി അല്ലെങ്കിൽ കഴിവ് എന്നതു് ധനശേഷിയോ, അല്ലെങ്കിൽ കായബലമോ അതുമല്ലെങ്കിൽ കൃഷി ചെയ്യാനുള്ള പരിചയമൊ ഏതാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരീരശേഷിയും കൃഷി ചെയ്യാനുള്ള പരിചയവുമാണ് പ്രാപ്തിയെന്നു പറയുന്നതു്.

ശ്രീ. എ. താണുപിള്ള: ശരീരശേഷിയും കൃഷികാര്യാദികളിൽ പരിചയവും ഉണ്ടായിരുന്നാൽ മതിയോ; പണശേഷി വേണ്ടേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനൈസേഷൻ പദ്ധതിയനുസരിച്ച സഹകരണസംഘാടിസ്ഥാനത്തിൽ പ്രവത്തിക്കാനുള്ള വ്യവസ്ഥയുണ്ട്. പണമില്ലാത്തവർ സംഘടിച്ച് ഒരു സഹകരണസംഘം രൂപീകരിച്ച ധനസഹായം വേണമെന്ന് ഗവണ്മെൻറിനോടപേക്ഷിച്ചാൽ ഗവണ്മെൻറ് ആ കാര്യത്തെപ്പററി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. താണുപിള്ള: സഹകരണാടിസ്ഥാനത്തിൽ മാത്രമെ പണം കൊടുക്കുകയുള്ളോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത്രയേ ഉള്ളൂ.

ശ്രീ. കെ. ജെ. തോമസ്: മുട്ടപ്പള്ളി, പനയ്ക്കുവയൽ എന്നീ സ്ഥലങ്ങളിൽനിന്നും എത്ര ഏക്കർ സ്ഥലമാണ് എടുത്തിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൩൪൦ ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കാളനികഠം ഉണ്ടാക്കാൻ വേണ്ടി നാട്ടുകാരിൽ ആരെങ്കിലും സ്ഥലം തന്നാൽ വാങ്ങിക്കാൻ തയാറാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തരുന്നപക്ഷം അങ്ങിനെ വാങ്ങിക്കാൻ തയാറാണു്.

ശ്രീ. എം. വി. ചെറിയാൻ: മുൻപറഞ്ഞ സ്ഥലങ്ങളിൽ റിസർവ്വു ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻപറഞ്ഞ സ്ഥലങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതു് മിക്കവാറും റിസർവ്വുഭൂമികളാണു്.

ശ്രീ. ആർ. കേശവപിള്ള: ജാതി അടിസ്ഥാനത്തിൽ ഭൂമി പതിച്ചു കൊടുക്കുന്ന വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെ പ്രത്യേകം ഒരു വ്യവസ്ഥയില്ല.

ശ്രീ. ആർ. കേശവപിള്ള: അങ്ങിനെ ജാതിയാടിസ്ഥാനത്തിൽ ഭൂമി പതിച്ചുകിട്ടണമെന്നു അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ പലതരത്തിലും കിട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കര താലൂക്കിൽനിന്നും ജാതി അടിസ്ഥാനത്തിൽ ഭൂമി പതിച്ചു കിട്ടണമെന്നു അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനേയും കിട്ടിയിരിക്കും.

ശ്രീ. എ. അച്യുതൻ: കൃഷിചെയ്യാൻ കഴിവുള്ള ഒരു വ്യക്തിക്കു് എത്ര ഏക്കർ സ്ഥലമാണു കൊടുക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൩ മുതൽ ൫ ഏക്കർവരെ കൊടുക്കുന്നതായിരിക്കും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സ്ഥലം പതിച്ചു കിട്ടണമെന്നു് ഏതെങ്കിലും ധനവാന്മാരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ കിട്ടിയിട്ടില്ല.

Wages of sweepers.

*389. [2] **Shri T. S. Ramaswami :** Will the Minister for Medicine and Public Health be pleased to state :

(*a*) whether any alteration of the monthly wages of sweepers were made by the Public Health Department during the financial year 1952-53 ; and

(*b*) if so, what ?

Minister for Medicine and Public Health **(Shri V. Madhavan) :** This question has been answered once, Sir.

Shri T. S. Ramaswami : Was there any reduction in the volume of work done by these sweepers ?

Shri V. Madhavan : No reduction.

Mr. Speaker : All these questions were put once.

Shri T. S. Ramaswami : There is another question on that point, Sir. Was there any complaint that sanitation has been affected on account of this alteration ?

Shri V. Madhavan : No complaint has been received by Government that sanitation has been affected on account of this reduction.

Shri T. S. Ramaswami : If the volume of work is reduced naturally it will affect sanitation.

Mr. Speaker : That is a question of inference.

Shri T. S. Ramaswami : May I know the amount of money saved by this reduction ?

Shri V. Madhavan : There is another question on that subject today. I will come to that later.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ നടപടികൾ പുനഃപരിശോധനചെയ്യാൻ ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : പുനഃപരിശോധന ചെയ്യാൻ ആരംഭിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു് നടപ്പിലാക്കിയിട്ടുള്ളതു് ഡിപ്പാർട്ടുമെന്റധികൃതരുമായി ആലോചിച്ചതിനുശേഷമാണോ ?

ശ്രീ. വി. മാധവൻ : ഡിപ്പാർട്ടുമെന്റ മേലധികാരികളുമായി ആലോചിച്ചതിനുശേഷമാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെയാണെങ്കിൽ തൂപ്പുകാരുടെ മാസശമ്പളത്തെപ്പററി പബ്ലിക്കു് ഹെൽത്തു ഡയറക്ടർ അഭിപ്രായപ്പെട്ടതു് എന്താണെന്നു് പറയാൻ ദയവുണ്ടാകുമോ ?

Mr. Speaker : The Public Health Department staff are not the only staff affected by this order. Ever so many questions could be put on the subject.

ശ്രീ. എൻ. രാജഗോപാലൻ നായർ : സർ, പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റ അധികൃതന്റെ അഭിപ്രായം എന്തായിരുന്നുവെന്നാണെനിക്കറിയേണ്ടതു്. (ഉത്തരമില്ല.)

ശ്രീ. എ. താണുപിള്ള : തൂപ്പുകാരുടെ ശമ്പളം കുറവു ചെയ്തതിൽ വന്നിട്ടുള്ള നഷ്ടം പരിഹരിക്കാൻ എന്താണു മാർഗ്ഗമെന്നു ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ഒരു ദിവസത്തിൽ അവർക്കു് ജോലിയുള്ള സമയം വളരെ തുച്ഛമാണു്. അതുകൊണ്ടു് ജോലിയില്ലാത്ത സമയ അവർക്കു് മററുവിധത്തിൽ നഷ്ടം പരിഹരിക്കാൻ ഉള്ള അവസരം കിട്ടുന്നു.

ശ്രീ. ഏ. താണുപിള്ള : പിരിച്ചുവിട്ടിട്ടുള്ള തൂപ്പുകാരിൽ എല്ലാവർക്കും കയറിക്കിടക്കാൻ ഭൂമിയുണ്ടോയെന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ഭൂമിയുള്ളവരും കാണും ഇല്ലാത്തവരും കാണും.

ശ്രീ. എം. വി. ചെറിയാൻ : ശമ്പളക്കുറവുകൊണ്ടാണ് പട്ടണങ്ങളിൽ ശുചീകരണം ശരിയാകുന്നില്ലെന്നു പറയുന്നതുകേട്ടു. ശമ്പളം കുറയ്ക്കുന്നതിനു മുമ്പും പട്ടണങ്ങളിൽ ശുചീകരണം ശരിയായ വിധത്തിൽ നടത്തിയില്ലെന്നറിയാമോ ?

ശ്രീ. വി. മാധവൻ : പട്ടണശുചീകരണത്തെ സംബന്ധിച്ചിടത്തോളം മുനിസിപ്പാലിററികളാണ് നേതൃത്വം വഹിക്കുന്നതു്. ഗവണ്മെന്റല്ല.

ശ്രീ. എം. വി. ചെറിയാൻ : മാർക്കററുകളിലെ ശുചീകരണം ശരിയായവിധം നിർവഹിക്കുന്നില്ലെന്നു പരാതികൾ കിട്ടിയിട്ടില്ലേ ?

ശ്രീ. വി. മാധവൻ : മാർക്കററുകളിലുള്ള കാര്യത്തെപ്പററിയാണെങ്കിൽ പരാതികൾ കിട്ടിയിരിക്കും.

ശ്രീ. ഏ. കുഞ്ഞൻ നാടാർ : തൂപ്പുജോലി പബ്ലിക്ക് ഹെൽത്തിലെ മററു ജീവനക്കാരെ ഏൽപ്പിക്കാൻ സാധിക്കുകയില്ലേ ?

ശ്രീ. വി. മാധവൻ : മററു ജീവനക്കാരെ ഏൽപ്പിക്കാനുള്ള ജോലിയല്ല അതു്.

ശ്രീ. സി. ജി. സദാശിവൻ : തൂപ്പുകാരുടെ ശമ്പളം കുറയ്ക്കുന്നതു വ്യയന്യൂനീകരണത്തിന്റെ പേരിലാണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ വ്യയന്യൂനീകരണത്തിന്റെ പേരിൽ എല്ലാവരുടെ ശമ്പളവും കുറയ്ക്കാൻ ആലോചനയുണ്ടോ ?

Mr. Speaker : It is a general question affecting the policy of Government in regard to all Departments.

ശ്രീ. കൊച്ചുകുഞ്ഞു് : ഇവർ ഒരു ദിവസം എത്ര മണിക്കൂർ വീതമാണു് ജോലി ചെയ്യേണ്ടതു് ?

ശ്രീ. വി. മാധവൻ : രണ്ടു മണിക്കൂർ. ഇവർക്കു് രണ്ടു മണിക്കൂർ ജോലിയേ ഉള്ളു.

ശ്രീ. എൻ. പി. വർഗ്ഗീസ് : ശമ്പളം കുറയ്ക്കപ്പെട്ടിട്ടുള്ള തൂപ്പുകാരുടെ കുട്ടികൾക്കു് ഫീസു സൗജന്യം നൽകുന്നതിനു് വല്ല വ്യവസ്ഥയും ഉണ്ടോ ?

ശ്രീ. വി. മാധവൻ : അങ്ങനെ വ്യവസ്ഥ ചെയ്തിട്ടില്ല.

ശ്രീ. പരീതു റാവുത്തർ : തൂപ്പു തൊഴിലാളികളെപ്പോലെ കുറഞ്ഞ ശമ്പളം വാങ്ങുന്ന മററു കണ്ടിജൻസിക്കാരുടെ ശമ്പളംകൂടി കുറയ്ക്കുന്ന കാര്യം ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ ? (ഉത്തരമില്ല.)

Mr. Speaker : Contingency service in every Department is affected by this order. That has already been answered. Next question, Mr. Ramaswami.

Emoluments to European Sisters.

*390. [3] **Shri T. S. Ramaswami :** Will the Minister for Public Health and Medicine be pleased to state :

(a) whether any alteration was made to the emoluments of the European Sisters serving in the Government Hospitals under the Medical Department ;

(b) if so, what ; and

(c) who ?

Minister for Medicine and Public Health **(Shri V. Madhavan) :**

(a) Yes.

(b) The honorarium given to the European sisters has been changed as follows :

1.	Matron	..	Rs. 175 p.m.
2.	Head Sister	..	Rs. 150 p.m.
3.	Nursing Sister	..	Rs. 125 p.m.

They are not eligible for any pension on retirement.

(c) The revision was sanctioned in view of the increased cost of living. The honoraria now sanctioned are just sufficient to enable the European Sisters to maintain the standards of life to which they are used.

Shri T. S. Ramaswami : What was their former pay ?

Shri V. Madhavan : A European Head Sister was paid Rs. 60 and a European Nursing Sister was paid Rs. 50.

Shri T. S. Ramaswami : Are they recruited by the Public Service Commission or by the Government ?

Shri V. Madhavan : That is not a pensionable service, and so, they might not have been recruited by the Public Service Commission.

Shri T. S. Ramaswami : May I know whether they are overned by the Travancore Service Rules ?

Shri V. Madhavan : That must apply to them because they are now in the Department.

Shri T. S. Ramaswami : May I know whether they were recruited by the Government ?

Shri V. Madhavan : Yes.

Shri T. S. Ramaswami : The answer given by the Minister was that there was an enhancement of more than 200 per cent in their emoluments. May I know whether any reasons of economy, finance, etc., were applied to their case ?

Shri V. Madhavan : I have already said that, as the standard of living has increased, the honoraria now sanctioned are just sufficient to enable the European sisters to maintain the standard of life to which they are used.

Shri T. S. Ramaswami : May I know whether the same considerations weigh with the Government with regard to the sweepers in the Public Health Department, and if not, why ?

Shri V. Madhavan : That question has been fully discussed and the reasons why their pay has been revised have been given.

ശ്രീ. എൻ. രാജഗോപാലൻ നായർ: എത്രകൊല്ലം മുമ്പായിരുന്നു അവർക്ക് ഈ ൱ രൂപാ കൊടുത്തു തുടങ്ങിയത് ?

ശ്രീ. വി. മാധവൻ: എപ്പോഴാണെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇതിനുമുമ്പ് ഇവർക്ക് ൱ രൂപാ ഉണ്ടായിരുന്നില്ല എന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. വി. മാധവൻ: അവർക്കു കൊടുത്തുവരുന്നത് ൱ രൂപയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: എന്നു മുതൽക്കാണ് ൱ രൂപ കൊടുത്തുവരുന്നത് ?

ശ്രീ. വി. മാധവൻ: റിക്കാർഡുകൊണ്ടു കാണുന്നത് ഇപ്പോൾ അവർക്ക് ൱ രൂപ കൊടുത്തുവരുന്നുണ്ട് എന്നാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇത് മുമ്പുണ്ടായിരുന്നതിൽനിന്നു ൨൦൦ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണോ ഗവൺമെന്റിന്റെ അഭിപ്രായം ?

ശ്രീ. വി. മാധവൻ: ഇത് ഈ കൊല്ലത്തിൽ കൊടുത്തുതുടങ്ങിയതല്ല, കുറെ കൊല്ലങ്ങളായി കൊടുത്തുവരികയാണ്.

Shri N. Rajagopalan Nair : "The Standard of life to which they are used" എന്നു പറഞ്ഞത്—

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇന്നത്തെ സ്റ്റാൻഡേർഡ് അനുസരിച്ച് അവരുടെ സേവനത്തിനു ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നു ഗവൺമെന്റിനു തോന്നിയതുകൊണ്ട് കൊടുത്തുവരികയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇതു പൊതുവെ എല്ലാവർക്കും ബാധകമാക്കിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: പൊതുവെ എല്ലാവർക്കും നൽകുന്നില്ല. ഇവരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള നിലയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇത് പൊതുവെ എല്ലാവർക്കും കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഇല്ല അങ്ങിനെ ചെയ്യുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: മററുള്ളവരുടെ സേവനവും ഇവരുടെ സേവനവും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറച്ചൊക്കെ വ്യത്യാസമുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ: ആകെ എത്ര യൂറോപ്യൻ സിസ്റ്റേഴ്സ് ഉണ്ട്?

ശ്രീ. എ. ജെ. ജാൺ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീ. പി. വി. അവിരാതരകൻ: എല്ലാ ആശുപത്രികളിലും യൂറോപ്യൻ സിസ്റ്റേഴ്സ് ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: എല്ലാ പ്രധാന ആശുപത്രികളിലും ഉണ്ട്

ശ്രീ. എൻ. പി. വർഗ്ഗീസ്: അവർക്ക് ഈ ഓണറേറിയം അല്ലാതെ വേറെ എന്തെങ്കിലും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

Shri. A. A. D. Luiz : Is the hon. Member, Shri Ramaswami, aware of the fact that most of these European sisters are—

Mr. Speaker : You are pntting the question to Shri Ramaswami ? (Laughter.)

Shri. A. A. D. Luiz : That qnestion, for the time being, happens to relate to the question he has put. Is the Member aware that most of these European sisters are foreign qualified nurses ?

Shri. A. J. John : Yes.

ശ്രീ. എ. താണുപിള്ള: അവർക്ക് ഗവണ്മെൻറിൽനിന്നു കൊടുക്കുന്ന അലവൻസല്ലാതെ വേറെ വല്ല തുകയും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: യൂറോപ്യൻ സിസ്റ്റേഴ്സിൽ ആംഗ്ലോ ഇൻഡ്യൻസ് ഉണ്ടോ? (ചിരി)

Mr. Speaker : Anglo-Indians are not Europeans.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഗവണ്മെൻറ സർവ്വീസിൽ ഇരിക്കുന്നവർക്ക് ശമ്പളം നിശ്ചയിക്കുന്നതു അവരുടെ അവകാശത്തെ അടിസ്ഥാനമാക്കിയോ, ജോലിയെ അടിസ്ഥാനമാക്കിയോ?

ശ്രീ. എ. ജെ. ജാൺ: രണ്ടു വിധത്തിലും ഉണ്ട്. അവരുടെ സർവ്വീസ് ആവശ്യമാണെന്നു വരുമ്പോൾ ഗവണ്മെൻറ് അതനുസരിച്ചും പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : ഈ യൂറോപ്യൻ സിസ്റ്റേഴ്സ് പ്രതിഫലം വാങ്ങി സേവനം ചെയ്യുന്നവരാണോ അതോ ത്യാഗം അനുസരിച്ചു വന്നിട്ടുള്ള വരാണോ ?

ശ്രീ. എ. ജെ. ജാൺ : ത്യാഗം അനുസരിച്ചു വന്നിട്ടുള്ളവരാണെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. ഒ. സി. നൈനാൻ : ഇവർ ഇവിടെ മാത്രമേ ഉള്ളോ മദ്രാസിലും മററും ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പല സ്റ്റേററുകളിലും ഉണ്ട്.

Shri M. Gopalan Nair : When was this enhancement made ?

ശ്രീ. എ. ജെ. ജാൺ : കഴിഞ്ഞ കൊല്ലമോ അതിനു മുമ്പോ ആണ്

Shri M. Gopalan Nair : May I take it that the Government were coerced to increase the emoluments of the nurses ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെന്റിനെ ഭയപ്പെടുത്തത്തക്ക ചുററുപാടുകളൊന്നും അവക്കില്ല.

ശ്രീ. ആർ. കേശവപിള്ള : കഴിഞ്ഞ കൊല്ലത്തേക്കാൾ അവരുടെ എണ്ണം കൂടിയിട്ടുണ്ടോ കുറഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കുറഞ്ഞു വരുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സാധാരണ നേഴ്സുമാരുടെ ജോലി തന്നെയാണോ ഇവക്കുള്ളതു് ?

Mr. Speaker : : You must go and see how they work. (Laughter.) I am not joking. Seventy five per cent. of these supplementary questions would not have been put had those who put those questions known something about the work of these European sisters.

ശ്രീമതി കെ. ആർ. ഗൗരി : അവരുടെ ജോലിതന്നെ ഈ നാട്ടുകാരായ നേഴ്സുമാർ നടത്തത്തക്കവിധത്തിൽ ഗവണ്മെന്റു വല്ല നടപടിയും എടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എടുക്കുന്നില്ല. എടുക്കാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ നാട്ടിലെ ആളുകൾതന്നെ ജോലിയില്ലാതിരിക്കുമ്പോൾ പുറത്തുനിന്നു ആളുകളെ കൊണ്ടുവന്നു് ജോലി കൊടുക്കുവാനാണോ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : ഇൗവക ജോലികൾക്കു് അവർ തന്നെ വേണം.

ശ്രീ. ആർ. ഗംഗാധരൻ : ത്യാഗം ചെയ്യുന്നതിനായിട്ടാണ് അവർ വന്നിട്ടുള്ളതെന്നു പറഞ്ഞിട്ട് അവക്കു് ശമ്പളം കൂട്ടിക്കൊടുക്കുന്നതിന്റെ ഉദ്ദേശമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അവർക്കും ആഹാരം കഴിക്കുകയും മററു ചെലവുകൾ നടത്തുകയും ചെയ്യണം. അതിനുവേണ്ടിയുള്ള ചെലവുകൾക്കു മാത്രമല്ല അവരുടെ കഷ്ടപ്പാടുകളുംകൂടി കണക്കാക്കിയാണ് അലവൻസ് കൂട്ടിയിരിക്കുന്നത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഇവിടത്തെ നാട്ടുകാരായ നേഴ്സുമാർക്കും സിസ്റ്റേഴ്സിനും എന്തെങ്കിലും കൂടുതൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവർക്ക് ശമ്പളത്തിനും പുറമെ ഡീയർനസ് അലവൻസു കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ ജാൺ : ഇല്ല എന്നാണു തോന്നുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മററു നേഴ്സുമാരുടെ ജോലികൂടി ഇവർ നോക്കിക്കൊള്ളുമെന്ന് ഉദ്ദേശിച്ചാണോ അവരുടെ ശമ്പളം കൂട്ടാഞ്ഞത് ?

ശ്രീ. എ. ജെ. ജാൺ : മററു നേഴ്സുകളുടെ ശമ്പളവും കൂട്ടിയിട്ടുണ്ട്.

Shri E. P. Varghese : Are these European sisters found to be comparatively more efficient ?

Shri A. J. John : That is the opinion of the Government and that is the reason why their pay was enhanced.

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

❋ നം ൧ [൪] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ വോട്ടർമാരുടെ വിരലിൽ ചായം പുരട്ടുന്ന നടപടി സ്വീകരിച്ചിരുന്നോ ?

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) മുനിസിപ്പൽ തിരഞ്ഞെടുപ്പു ചട്ടങ്ങളിൽ വോട്ടർമാരുടെ വിരലിൽ മഷി അടയാളമിടുന്നതിനു വ്യവസ്ഥയില്ലാത്തതുകൊണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ് : ഇങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടാകുന്നതു നല്ലതാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

ശ്രീ കെ. കൊച്ചുകുട്ടൻ : മുനിസിപ്പൽ ഇലക്ഷൻ കഴിഞ്ഞു പഞ്ചായത്ത് ഇലക്ഷനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ വ്യവസ്ഥ പ്രയോജനമുള്ളതാണെന്നു തോന്നുന്നില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: പഞ്ചായത്തു ഇലക്ഷനിൽ കള്ളവോട്ടു നടക്കുകയില്ലെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പാർലിമെൻറ് ഇലക്ഷനും അസംബ്ളി ഇലക്ഷനും വേണ്ടിയാണ് ഈ വ്യവസ്ഥ ഉണ്ടായിരുന്നതു്. ഈ മഷി പ്രതിദിവസത്തേക്കെ മാഞ്ഞുപോകാതെ നിൽക്കുകയുള്ളൂ. പഞ്ചായത്തു തിരഞ്ഞെടുപ്പാണെങ്കിൽ രണ്ടുമാസം നീണ്ടു നിൽക്കുന്നതാണ്. അസംബ്ളി നിയോജകമണ്ഡലം വളരെ വിപുലമായതായിരുന്നതിനാൽ ഒരു സ്ഥലത്തുള്ള ആളുകൾക്കു മറ്റൊരു ദിക്കിൽപോയി വോട്ടു ചെയ്യുന്നതിനു സൌകര്യമുണ്ട്. ചെറിയ ചെറിയ വാർഡുകളായി തിരിച്ചാണ് പഞ്ചായത്തു ഇലക്ഷൻ നടത്തുന്നതു്. അതുകൊണ്ടു ഒരു സ്ഥലത്തുള്ളവർ മറ്റൊരു സ്ഥലത്തുപോയി വോട്ടു ചെയ്താൽ അതു എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ടു് ഇതിലേക്കു വളരെ പണം ചിലവു ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. റൂൾ അനുസരിച്ചു് നോക്കുകയാണെങ്കിലും പഞ്ചായത്തു ഇലക്ഷനു ഇതു ആവശ്യമില്ല.

ശ്രീ. എ. താണുപിള്ള: റൂളനുസരിച്ചു് പഞ്ചായത്തു് ഇലക്ഷനു ഇതു ആവശ്യമില്ല എന്നു പറഞ്ഞു. ഈ റൂൾ ഉണ്ടാക്കിയതു് ആരാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറാണ്.

ശ്രീ. എ. താണുപിള്ള: ചെറിയ ചെറിയ പോളിംഗ് ഏരിയയിൽതന്നെയല്ലേ അസംബ്ളിക്കും, പാർലിമെൻറിനും ഉള്ള ഇലക്ഷൻ നടന്നതു്. ൭൦൦-ം, ൮൦൦-ം, പേർ വോട്ടു ചെയ്യുന്നതു് ചെറിയ ഒരു പോളിംഗ് ബൂത്തിലാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അസംബ്ളി ഇലക്ഷനിലേയും മുനിസിപ്പാലിറ്റി ഇലക്ഷനിലേയും പഞ്ചായത്തു് ഇലക്ഷനിലേയും വാർഡുകൾ നോക്കിയാൽ അസംബ്ളി നിയോജകമണ്ഡലവും പാർലിമെൻററി നിയോജകമണ്ഡലവും വളരെ വിപുലമായിരിക്കും.

ശ്രീ. എ. താണുപിള്ള: വാർഡുകൾ ചെറുതായിരുന്നാലും വലുതായിരുന്നാലും ഓരോ പോളിംഗ് ബൂത്തിലും വോട്ടുചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ ഒരു വ്യത്യാസവുമില്ല. കള്ളവോട്ടു് ഉണ്ടാകാതിരിക്കുന്നതിനു് പഞ്ചായത്തു് ഇലക്ഷനിലും, ഈ മഷിയുടെ ഏർപ്പാടു് നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്തു വാർഡുകൾ വളരെ ചെറുതായതുകൊണ്ടു് അതാതു വാർഡുകളിൽ ഉള്ള ആളുകളെ ഇലക്ഷനു് നിൽക്കുന്ന ആളുകൾക്കും അവരുടെ ഏജൻറന്മാർക്കും അറിയാൻ സാധിക്കും. അതുകൊണ്ടു് കള്ളവോട്ടു ചെയ്യുവാൻ അത്ര എളുപ്പമല്ല. അസംബ്ളി നിയോജകമണ്ഡലത്തിൽ ഉള്ള എല്ലാവരേയും കണ്ടു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ആ നിലക്കു നോക്കിയാലും ഇതു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ഒരാൾ വോട്ടു ചെയ്യാൻ വരുമ്പോൾ അയാൾ കള്ളവോട്ടു ചെയ്യുവാൻ വരികയാണെന്നു അയാളെ അറിയുന്ന അവിടെയുള്ള ആരെങ്കിലും പറഞ്ഞാൽ പ്രിസൈഡിംഗ് ആഫീസർ അയാളെ വോട്ടുചെയ്യാതെ അയയ്ക്കുന്നതിനു് സമ്മതിക്കുകയില്ലെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന് ചില വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. എ. താണുപിള്ള: അങ്ങനെയുള്ള ആളുകളെ വോട്ടുചെയ്യിപ്പിക്കാതിരിക്കണമെങ്കിൽ ചലഞ്ച് ചെയ്യണം, അതിനുള്ള പണവും കൊണ്ടുപോകണം എന്നാണോ പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൫ ൬ ദിവസം കഴിഞ്ഞാൽ ഈ മഷി മാഞ്ഞുപോകും. രണ്ടുമാസത്തേയ്ക്കാണ് ഈ പഞ്ചായത്ത് ഇലക്ഷൻ നടക്കുവാൻ പോകുന്നത്. ആ സ്ഥിതിക്കു മഷിയുടെ ഏർപ്പാടു പ്രായോഗികമാണെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ഇതിൽ അപ്രായോഗികത ഒന്നും ഇല്ല. ഈ കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. ഗോപാലൻ നായർ: പഞ്ചായത്ത് ഇലക്ഷനു ഈ മഷി ഉപയോഗിക്കുന്നതിനെപ്പറ്റി ശ്രീ. സുകുമാർസെന്നുമായി ഗവണ്മെൻറ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. എം. ഗോപാലൻ നായർ: ഇവിടത്തെ ഇലക്ഷൻ എക്സ്പെർട്ടായ അദ്ദേഹം ഈ മഷിയുടെ കാര്യത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത് എന്താണെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: പഞ്ചായത്തു ഇലക്ഷനു ഈ മഷി ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറിനു എന്താണ് ഇത്ര വൈമുഖ്യത്തിനു കാരണം?

ശ്രീ. കെ. കൊച്ചുകുട്ടൻ: മഷി ഏർപ്പെടുത്താതിരുന്നാൽ കുറെ രൂപ സേവ് ചെയ്യാം.

ശ്രീ. സി. അച്ചുതമേനോൻ: എത്ര രൂപാ സേവ് ചെയ്യാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: നാലയ്യായിരം രൂപായോളം സേവ് ചെയ്യാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ മഷി മായ്ക്കുന്നതിനു എന്തെല്ലാം വേണമെന്നു അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത് സ്നേഹിതന്മാരോട് ചോദിച്ചാൽ അറിയാം. എനിക്കു നിശ്ചയമില്ല.

ശ്രീ. പരീത് റാവുത്തർ: കള്ളവോട്ടു തടയാൻ മറ്റെന്തെങ്കിലും നടപടി ഗവണ്മെൻറ എടുത്തിട്ടുണ്ടോ?

(ഉത്തരം ഇല്ല.)

ശ്രീ. പ്രാക്കുളം ഭാസി: കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ മഷി ഇട്ടതു് ചില മാററകയുണ്ടായി എന്നു് ഗവണ്മെൻറിനു് ബോദ്ധ്യമായതുകൊണ്ടാണോ പഞ്ചായത്തു് ഇലക്ഷനിൽ മഷിവേണ്ടാ എന്നു തീരുമാനിച്ചതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ബോദ്ധ്യമായതുകൊണ്ടല്ല.

എൻ. ജി. ഒ. മാക്കുള്ള ഭവനനിർമ്മാണം.

* ൩൮൨ [൭] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

സംസ്ഥാനത്തെ എൻ. ജി. ഒ. മാരുടെ സൌകര്യത്തിനായി ഒരു ഭവനനിർമ്മാണ പദ്ധതി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണു്; എത്ര ഭവനങ്ങൾ പണിതീർന്നു ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ടു്. തിരുവനന്തപുരം, എറണാകുളം, ആലുവാ, കോട്ടയം മട്ടാഞ്ചേരി, ആലപ്പുഴ, തൃശ്ശൂർ, കൊല്ലം, നാഗർകോവിൽ, തിരുവനന്തപുരത്തു് ൭൦ ഭവനങ്ങളുടെ പണി പൂർത്തിയാകാറായി.

ശ്രീ. കെ. കുട്ടപ്പൻ: എൻ. ജി. ഒ. മാക്കു് തിരുവനന്തപുരത്തു പണിതിട്ടുള്ള വീടുകൾ വിട്ടുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. കെ. കുട്ടപ്പൻ: അതു് എന്നേയ്ക്കു വിട്ടുകൊടുക്കും ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അവിടെ ഇപ്പോൾ ഇലക്ട്രിസിററി കണക്ഷനും വാട്ടർ കണക്ഷനും കൊടുക്കുകയാണു്. അതു് കഴിഞ്ഞിട്ടേ കൊടുക്കുവാൻ നിവൃത്തിയുള്ളു.

ശ്രീ. കെ. കുട്ടപ്പൻ: ഈ വീടുകൾക്കു എന്തു വാടകയാണു് ഗവണ്മെൻറു ഈടാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: എ. ക്ലാസിൽപെട്ട വീടുകൾക്കു ൨൦ രൂപായും ബി. ക്ലാസിൽപെട്ട വീടുകൾക്കു ൧൫ രൂപായും സി. ക്ലാസ് വീടുകൾക്കു് ൧൦ രൂപായും വാടക നിശ്ചയിക്കാമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. എം. ഗോപാലൻ നായർ: സെൻട്രൽ കോവാപ്പറേററീവ് ബാങ്കിൽനിന്നു് എൻ. ജി. ഒ. മാക്കു് വീടുണ്ടാക്കി കൊടുക്കുന്നതിനു് ഒരു സ്കീം ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഒരു സ്കീം ഉണ്ടോ എന്നു അന്വേഷിച്ചു് പറയാം.

ശ്രീ. എം. ഗോപാലൻനായർ: എൻ. ജി. ഒ. മാരുടെ ആവശ്യത്തിനായി ഒരു ഭവന നിർമ്മാണപദ്ധതി സെൻട്രൽ കോവാപ്പറേറീവ് ബാങ്ക് ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചതായും, അതിനു് ൩ ലക്ഷം രൂപാ അവർ ഗ്രാൻറു ചോദിച്ചതായും ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവനന്തപുരത്തു് ൭൨ വീടുകൾ പണിതുവരുന്നു എന്നു പറഞ്ഞുവല്ലോ. ഈ ഭവനനിർമ്മാണം ഡിപ്പാർട്ടുമെൻറിൻെറ ചുമതലയിൽ നേരിട്ടു നടത്തുകയാണോ അതോ കൺട്രാക്ടു് കൊടുത്തു നടത്തുകയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കാൺട്രാക്ടു് കൊടുത്തു നടത്തുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും സൊസൈററികൾ ഈ ഭവന നിർമ്മാണജോലി ഏറെറടുത്തു നട...മെന്നു അപേക്ഷിച്ചിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതെങ്കിലും സൊസൈററികൾ ഈ ഭവന നിർമ്മാണത്തിനു അപേക്ഷിച്ചിട്ടുണ്ടോ എന്നു് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: തിരുവനന്തപുരത്തു് തുടങ്ങിയിട്ടുള്ള ൭൨ വീടുകളുടെ പണിപൂർത്തിയാകുമ്പോൾ മററു സ്ഥലങ്ങളിൽ വീട്ടുപണി തുടങ്ങുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മററുള്ള ദിക്കുകളിൽ അടുത്തു് തന്നെ തുടങ്ങാമെന്നാണു് ഗവണ്മെൻറ തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. അമ്പാട്ടു് ഈശ്വരമേനോൻ: ഇതിനിടയ്ക്കു ഈ വീടുകൾക്കു് അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: പലരും വീടുകൾക്കു അപേക്ഷിച്ചിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പണി തീർന്നിട്ടുള്ള ഈ വീടുകളിൽ ഓരോന്നിലും ഉദ്ദേശം എത്ര ആളുകൾക്കു് താമസിക്കുവാൻ സാധിക്കും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ കുടുംബത്തിലുമുള്ള ആളുകൾക്കു താമസിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അഞ്ചു മക്കൾക്കും ഒരു ഭാര്യക്കും ഭർത്താവിനും താമസിക്കുവാനുള്ള സൌകര്യം ഈ വീടുകൾക്കുണ്ടോ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവർക്കു താമസിക്കുവാനുള്ള സൌകര്യം ഉണ്ടാകും.

ശ്രീ. എ. കുഞ്ഞൻനാടാർ: ഗവണ്മെൻറ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വാടക ഈ വീടുകൾക്കു ചിലവായ സംഖ്യയുടെ എത്ര ശതമാനമാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ ഇലക്ട്രിക്ക കണക്ഷനും വാട്ടർ കണക്ഷനും കൊടുത്തുകഴിഞ്ഞിട്ടില്ല. അതു കഴിഞ്ഞാലേ അതിനു ആകെ ചെലവായിട്ടുള്ള സംഖ്യ ഇത്രയെന്നു കണക്കാക്കുവാൻ നിവൃത്തിയുള്ളു.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇത്രസംഖ്യവീതം ഓരോന്നിനും ചെലവാകും എന്നുള്ളതിനു് ഗവണ്മെൻറിനു് ഒരു കണക്കുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് കണക്കുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ആ സംഖ്യയുടെ എത്രശതമാനം വരും വാടക?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എത്രശതമാനമാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആതിച്ചൻ: ഭവനനിർമ്മാണ പദ്ധതിയുടെ പ്രവർത്തനത്തിനു് പ്രത്യേകമായിട്ടു ഒരു ഇഞ്ചിനീയറിംഗ് സ്റ്റാഫ് ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ആർ. കേശവപിള്ള: തിരുവനന്തപുരത്തു നിർമ്മിച്ചിട്ടുള്ള ഓരോ കെട്ടിടത്തിനും എത്ര സംഖ്യവീതം ചെലവായിട്ടുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എ ക്ലാസ് വീടുകൾക്കു് ൩൫൦൦ രൂപാവീതവും ബി ക്ലാസ് വീടുകൾക്കു ൪൦൪൦ രൂപാവീതവും സി. ക്ലാസ് വീടുകൾക്കു് ൩൫൩൦ രൂപാവീതവും ചെലവു കൊള്ളിച്ചിട്ടുണ്ടു്. സി ക്ലാസ് വീടുകൾ രണ്ടു യൂണിററുകളുള്ള കെട്ടിടമാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: തിരുവനന്തപുരത്തുള്ള എൻ. ജി. ഒ. മാക്കു് എല്ലാവക്കുംകൂടി എത്ര വീടുവേണമെന്നു് ഗവണ്മെൻറു് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ പണിതിട്ടുള്ള വീടു് പോരാ. എത്ര വീടു വേണം എന്നുള്ളതിനു് ഒരു കണക്കെടുത്തിട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇപ്പോൾ പണിതിട്ടുള്ള വീടുകൾ ഒരു ഡിപ്പാർട്ടുമെൻറിനു് ഒരു വീടു് എന്ന കണക്കിനു കൊടുക്കുവാൻ കഴിയുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൨ കെട്ടിടങ്ങളുംഇപ്പോൾ തീർന്നിട്ടുണ്ടു്. അത്രയും ഡിപ്പാർട്ടുമെൻറുകൾ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഒരു ഡിപ്പാർട്ടുമെൻറിലുള്ളവക്കു് കൂടുതൽ വീടുകൾ കൊടുത്താൽ മററു ഡിപ്പാർട്ടുമെൻറിനു കൊടുക്കുവാൻ കഴിയുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ വീടുകൾ ഡിപ്പാർട്ടുമെൻറു അനുസരിച്ചു് വീതിച്ചു കൊടുക്കണമോ അല്ലെങ്കിൽ എൻ. ജി. ഒ മാരിൽ അത്യാവശ്യമുള്ളവക്കു കൊടുക്കണമോ എന്നാണു് ഗവണ്മെൻറു ചിന്തിച്ചു കൊണ്ടിരിക്കുന്നതു്.

Arrears of tax to local bodies

*393. [6] **Shri K. Sattanatha Karayalar:** Will the Minister for Local Self Government be pleased to state :

(a) whether there are any arrears of tax to the various municipalities and to the Trivandrum Corporation ; and

(b) if so, what are the amounts that are due to them ?

Minister for Local Self Government **(Shri K. Kochukuttan) :**

(a) Yes,

(b) A statement showing the arrears due to each of the local bodies at the end of the financial year 1950 to 51 is placed on the table. †

Shri K. Sattanatha Karayalar : May I know the dues to the Trivandrum Corporation ?

Shri K. Kochukuttan : Rs. 10,36,460—15—3.

Shri K. Sattanatha Karayalar : May I know the reasons for such arrears ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കളക്ഷൻ ശരിയായി നടക്കായ്കകൊണ്ടും ആളുകൾ കൊടുക്കായ്കകൊണ്ടും മററുപല കാരണങ്ങൾ കൊണ്ടുമാണ് ഇത്രയും അരിയേഴ്സ് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ വളരെ അരിയേഴ്സ് അടച്ചു കഴിഞ്ഞിട്ടുണ്ട്.

Shri K. Sattanatha Karayalar : May I know how many years arrears will that be ? For one year or a number of years ?

Shri K. Kochukuttan : The arrears accumulating for a few years till the end of 1950-51 is so much.

Shri A. Thanu Pillai : Am I to understand that it is up to the end of March 1951 ?

Shri K. Kochukuttan : Yes.

Shri P. S. Nataraja Pillai : May I know whether there are arrears which the Government have to pay to the Corporation ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഉണ്ട്. അതിനെപ്പററി ഗവണ്മെൻറും കാർപ്പറേഷനും തമ്മിൽ ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്.

Shri P. S. Nataraja Pillai: May I know the annual amount that is due from Government to the Corporation ?

Shri K. Kochukuttan : I claim notice.

Shri P. S. Nataraja Pillai : Was not the amount settled by negotiation ?

---

†Please see Appendix I.

Shri K. Kochukuttan : It is not finally settled.

Shri P. S. Nataraja Pillai : How many years' amount is due to the Corporation from Government ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൂന്നുനാലു് കൊല്ലത്തേതു് ഉണ്ടാകുമെന്നാണു് തോന്നുന്നതു്.

Shri P. S. Nataraja Pillai : Will it be wrong when I say that the dues will be somewhere near 8 lakhs ?

Shri K. Kochukuttan : I claim notice.

ശ്രീ. എ. താണുപിള്ള : എൻ്റെ ഫിഗേഴ്സ് ഉള്ള അരിയേഴ്സിൻ്റെ ലിസ്റ്റുപോലും തിരുവനന്തപുരം കോർപ്പറേഷനിൽ തയ്യാറായിട്ടില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഓഡിററുചെയ്തു് ഫിഗർ ശരിയാക്കിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഗവണ്മെൻ്റിൻ്റെ തുക കൂടാതെകണ്ടു് അരിയേഴ്സ് എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഗോപാലൻനായർ : ഓരോ ആണ്ടിലും വന്നിട്ടുള്ള അരിയേഴ്സിൻ്റെ ഒരു സ്റ്റേറ്റുമെൻ്റു തരുവാൻ സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഇപ്പോൾ സാദ്ധ്യമല്ല.

ആയുർവ്വേദാശുപത്രികളും ഡിസ്പെൻസറികളും.

*നംബർ. [൭] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദാശുപത്രികളും ആയുർവ്വേദ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഗവണ്മെൻ്റിനു് എന്തെങ്കിലും ഒരു സ്കീം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരത്തു് ഒരു ജനറൽ ആശുപത്രിയും ഡിസ്ട്രിക്ററ് കേന്ദ്രങ്ങളിൽ ഡിസ്ട്രിക്ററ ആശുപത്രികളും, ഓരോ താലൂക്കിൽ ഓരോ താലൂക്ക ആശുപത്രിയും, വില്ലേജ് അടിസ്ഥാനത്തിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനു് പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്കീം തയാറാക്കിയിട്ടുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: ആയുർവ്വേദാശുപത്രികളിൽ ആവശ്യമുള്ള മരുന്ന് എവിടെ നിന്നാണ് സപ്ലൈ ചെയ്യുന്നത്?

ശ്രീ. വി. മാധവൻ: ആയുർവ്വേദാശുപത്രികളിൽ മരുന്നു സപ്ലൈ ചെയ്യുന്നതു രണ്ടുമൂന്നു തരത്തിലാണ്. കൊച്ചിയിലുള്ള ആശുപത്രികളിൽ മരുന്നു സപ്ലൈ ചെയ്യുന്നതിന് തൃശിവപേരൂർ ഒരു എസ്. കെ. വി. ഫാർമസി ഉണ്ട്. തിരുതാംകൂർവിഭാഗത്ത് തിരുവനന്തപുരത്തുള്ള ആശുപത്രിയിൽ വേണ്ട മരുന്നു സപ്ലൈ ചെയ്യുന്നതിന് അവിടെ ഒരു ഫാർമസി ഉണ്ട്. മററു ഡിസ്പെൻസറികളിൽ ആവശ്യമുള്ള മരുന്നു അതാതു ഡിസ്പെൻസറികളിൽതന്നെ ഉണ്ടാക്കി എടുക്കുകയാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: തിരുവനന്തപുരത്തുള്ള ആയുർവ്വേദഫാർമസിയിൽനിന്നു തിരുവിതാംകൂർ വിഭാഗത്തുള്ള ഡിസ്പെൻസറികളിലേയ്ക്കു ആവശ്യമുള്ള മരുന്നു സപ്ലൈ ചെയ്യുവാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടാണോ അതാതു ഡിസ്പെൻസറികളിൽ മരുന്നുണ്ടാക്കുവാൻ ഏർപ്പാടുചെയ്തിരിക്കുന്നത്?

ശ്രീ. വി. മാധവൻ: തിരുവനന്തപുരത്തുള്ള ഫാർമസിയിൽ മരുന്നുണ്ടാക്കുന്നത് ആയുർവ്വേദകാളേജിലുള്ള വിദ്യാർത്ഥികളെക്കൂടി ഉദ്ദേശിച്ചാണ്. അരിഷ്ടങ്ങളും മററും എങ്ങിനെയാണ് ഉണ്ടാക്കുന്നത് എന്നുള്ളത് ആയുർവ്വേദകാളേജുവിദ്യാർത്ഥികളെ കാണിച്ചുകൊടുക്കുന്നതിനും ആയുർവ്വേദാശുപത്രിയിൽ ചികിത്സയ്ക്കുവേണ്ടി സപ്ലൈ ചെയ്യുന്നതിനുമാണ് അവിടെ മരുന്നുണ്ടാക്കുന്നത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: വില്ലേജ് അടിസ്ഥാനത്തിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു വില്ലേജുകളിൽ ഇപ്പോൾ ഗ്രാമവൈദ്യന്മാർ നടത്തിവരുന്ന ഡിസ്പെൻസറികൾ എല്ലാം ഡിപ്പാർട്ടുമെൻറിലേയ്ക്കു എടുക്കുവാനാണോ തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. വി. മാധവൻ: അങ്ങനെ ഒരു തീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ സ്കീം എത്ര കൊല്ലം കൊണ്ടു പൂർത്തിയാക്കാമെന്നാണു വിചാരിക്കുന്നത്?

ശ്രീ. വി. മാധവൻ: എത്ര കൊല്ലംകൊണ്ട് സ്കീം പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഒരു കൊല്ലത്തിൽ ഇത്ര ആശുപത്രികളോ, ഇത്ര ഡിസ്പെൻസറികളോ സ്ഥാപിക്കണമെന്നു ഒരു സ്കീം ഉണ്ടോ?

ശ്രീ. വി. മാധവൻ: സാമ്പത്തികമായ കഴിവിനെ ആസ്പദമാക്കി ഓരോന്നും സ്ഥാപിക്കുമെന്നല്ലാതെ അതിലേക്കു പ്രത്യേകം സ്കീം ഒന്നുമില്ല.

ശ്രീ. എ കുഞ്ഞൻനാടാർ: ആശുപത്രികൾ ടൗണിലാണോ വില്ലേജുകളിലാണോ സ്ഥാപിക്കാൻ പോകുന്നത്?

ശ്രീ. വി. മാധവൻ: വില്ലേജുകളിലും ടൗണുകളിലും സ്ഥാപിക്കുന്നുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ടൗണുകളിൽ ഈ ആശുപത്രികൾ ഇല്ലെങ്കിലും മെഡിക്കൽ എയിഡ് കിട്ടുമെന്നു ഗവണ്മെന്റിനറിയാമോ ?

Mr. Speaker : That is a matter of opinion. Next question, please.

യാചകരുടെ എണ്ണം.

* നം. ൫. [൧൦] ശ്രീ. എം. പി. വറുഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തു യാചകരുടെ കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ഒരു കണക്കെടുക്കുവാൻ ഗവണ്മെന്റിൽ നിന്നും ഉദ്ദേശിക്കുന്നുണ്ടോ :

(സി) ഈ രാജ്യത്തു് എവിടെയെല്ലാം യാചകകേന്ദ്രങ്ങൾ ഉണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) കോട്ടയം. (൧) മുണ്ടകപ്പാടം അഗതിമന്ദിരം.

൨. മുട്ടമ്പലം ബെഗർ റിലീഫ് സെന്റർ.

൩. കേരളാ ക്രൈസ്താശ്രമം.

൪. സെന്റ് വിൻസന്റ് അഗതിമന്ദിരം.

കൊല്ലം.

൧. കൊല്ലം.

൨. ആലപ്പുഴ.

തിരുവനന്തപുരം.

൧. ശ്രീചിത്തിര അനാഥമന്ദിരം

൨. വഞ്ചിപൂവർഫണ്ട്.

൩. കൊഞ്ചിറവിള കഞ്ഞിപ്പുര

൪. ശ്രീ അവിട്ടംതിരുനാൾ മെമ്മോറിയൽ ഡെസ്റ്റിറ്റ്യൂട്ട് ഹോം, നാഗർകോവിൽ (മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ)

൫. രാമവർമ്മപുരം.

൬. പൊന്തരുണി

Motor Stands.

* 396 (11) **Shri O. C. Ninan :** Will the Minister for Local Self Government be pleased to state in what all Municipalities motor stands are provided by the Municipalities ?

Minister for Local Self Government (**Shri K. Kochukuttan**) :

The following Municipalities have provided motor stands :

(1) Kuzhithurai.
(2) Shencottah.
(3) Ernakulam.
(4) Mattancherri.
(5) Trichur.
(6) Irinjalakuda.
(7) Chittur-Tattamangalam.
(8) Kunnamkulam.

ശ്രീ. ഒ. സി. നൈനാൻ : തിരുവല്ലാ മുനിസിപ്പാലിററിയിൽനിന്നും മോട്ടോർ സ്റ്റാൻഡ സ്ഥാപിക്കുന്നതിലേക്കു് സ്ഥലം പൊന്നുംവിലക്കു എടുത്തുകൊടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ : അതനുസരിച്ചു എന്തു നടപടി നടത്തിയെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആവശ്യമായ നടപടി എടുത്തുവരുന്നു. മുനിസിപ്പാലിററി ചൂണ്ടിക്കാണിച്ചസ്ഥലം എടുക്കാൻ കഴിയുമോ എന്നു് റവന്യൂബോർഡിനോടു് ചോദിച്ചു. എടുക്കുന്നതിനു് മററു തടസ്സമൊന്നുമില്ല എന്നു് ബോർഡു് ശുപാർശ ചെയ്തിട്ടുണ്ടു്. സ്ഥലം പ്രയോജനപ്പെടുന്നതോ എന്നു് Transport ഡയറക്ടരോടു് ചോദിച്ചിരിക്കയാണു്. ആ റിപ്പോർട്ടു് കിട്ടിയാൽ മേൽ നടപടി എടുക്കുന്നതുമാണു്.

ബി. സി. ജി. കുത്തിവയ്പ്പു്.

* ൩൯൧. [൧൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തിൽ ആകെ (൧൯൫൩-ൽ എത്രപേർക്കു് ബി. സി. ജി. കുത്തിവയ്പ്പു് നടത്തിയിട്ടുണ്ടു്;

(ബി) ബി. സി. ജി. കുത്തിവയ്പ്പു് ക്ഷയരോഗത്തിനുള്ള ചികിത്സയാണോ അതോ ക്ഷയരോഗം തടയുന്നതിനുള്ള ഉപാധിയാണോ;

(സി) ബി. സി. ജി. കുത്തിവയ്പ്പു് ഫലപ്രദമാണോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൧൯൫൨ ജനവരിമാസംമുതൽ ൧൯൫൩ ജനവരി മാസം അവസാനംവരെ ൫,൦൪,൧൮൭ പേർക്കു ട്യൂബർകുലിൻ പരിശോധനയും ൧,൮൩,൪൯൮ പേർക്ക് ബി. സി. ജി. കുത്തിവയ്പും നടത്തിയിരിക്കുന്നു.

(ബി) ബി. സി. ജി. കുത്തിവയ്പ്പ് ക്ഷയരോഗം തടയുവാനുള്ള ഒരു ഉപാധിയാണ്.

(സി) അതെ.

ശ്രീ. എ. താണുപിള്ള: ഈ ലക്ഷത്തിൽശിഷ്ടംപേരെ പരിശോധിച്ചതിൽ എത്രപേർക്കു രോഗമുള്ളതായി കണ്ടുവെന്നുള്ളതിനു ഒരു കണക്കുണ്ടോ?

ശ്രീ. വി. മാധവൻ: ഒരു ലക്ഷത്തിനുമുകളിൽ ആളുകളെ കുത്തിവയ്ക്കേണ്ടിവന്നു. ക്ഷയരോഗാണുക്കൾ ബാധിക്കാത്തവരെയാണു കുത്തിവയ്ക്കുന്നതു്. കുത്തിവയ്പു കഴിഞ്ഞ ആളുകളെയും വല്ലപ്പോഴും ഈ അണുക്കൾ ബാധിച്ചുവെന്നുവരാം.

ശ്രീ. എ. താണുപിള്ള: എങ്കിലും അണുക്കൾ ഉണ്ടെന്നു കാണുന്നവരിൽ ഏകദേശം എത്രശതമാനം രോഗികൾ കാണുമെന്നു കണക്കുണ്ടോ?

ശ്രീ. വി. മാധവൻ: രോഗാണുക്കളുടെ ശതമാനം വർദ്ധിച്ചിരിക്കുന്ന ആളുകളെ ക്ഷയരോഗം ബാധിച്ചുവെന്നുവരാം.

ശ്രീ. എ. താണുപിള്ള: ഈ പരിശോധനനടത്തിയപ്പോൾ എത്രപേരെ ചികിത്സക്കായി അയച്ചിട്ടുണ്ടു്?

ശ്രീ. വി. മാധവൻ: ക്ഷയരോഗമാണെന്നു പരിശോധിച്ചു ബോദ്ധ്യപ്പെട്ടവരെയെല്ലാം നമ്മുടെ റ്റി. ബി. ആശുപത്രിയിലും മററും ചികിത്സയ്ക്കു അയച്ചിരിക്കും.

ശ്രീ. സി. അച്യുതമേനോൻ: ഒരു ലക്ഷംപേരെ കുത്തിവച്ചതിൽ എത്രപേർക്കു് രോഗമുണ്ടായിട്ടുണ്ടു്?

ശ്രീ. വി. മാധവൻ: ആ കണക്കു എടുത്തിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: അപ്രകാരം ഒരു കണക്കുകൂടി ഉണ്ടെങ്കിൽ അല്ലേ കുത്തിവയ്പു എത്രത്തോളം ഫലപ്രദമാണെന്നു അറിയാൻ കഴിയുകയുള്ളു?

ശ്രീ. വി. മാധവൻ: വേണ്ടതാണു്. കുത്തിവയ്പുപ്രസ്ഥാനം അടുത്ത കാലത്താണു തുടങ്ങിയതു്.

Harijan Uplift.

✱ 398 [13] Shri N. Ganapathi: Will the Minister for Harijans be pleased to state what action this Government have taken so that Harijans are not evicted from the lands occupied by them in Vandanmed and neighbouring places?

Minister for Revenue **(Shri A. Chidambaranatha Nadar)** : Government have recently ordered that Harijan occupants of poramboke need be evicted only if the lands are urgently required for public purposes and that even in cases where they have to be so evicted, they should be fixed up suitably in deserving cases, if alternative sites are available.

Allotted Blocks given to Landless People.

✻ 399 [14] **Shri P. V. Avira Tharakan :** Will the Minister for Revenue be pleased to state :

(*a*) whether a memorandum has been received in 1952 by the Government requesting to survey the allotted blocks in Pallivasal and Papadi pakuthies in Devikulam Taluk, given to some of the Landless People in Shertalai Taluk ; and

(*b*) if so, what steps the Government have taken ?

Minister for Revenue **(Shri A. Chidambaranatha Nadar)** :

(*a*) Yes.

(*b*) The survey of a portion of the area has already been completed. The survey of the remaining area will be resumed soon.

ഭവനനിർമ്മാണം.

✻ ൪൦൧. [൧൫] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതിക്കാർക്ക് കഴിഞ്ഞകൊല്ലം ഗവണ്മെന്റിൽനിന്നും എവിടെയെല്ലാം എത്ര വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): പട്ടികജാതിക്കാർക്ക് ൧൧൨൮-ൽ വീടുകൾ വച്ചുകൊടുത്തിട്ടില്ല.

ശ്രീ. സി. സി. അയ്യപ്പൻ : പട്ടികജാതിക്കാർക്ക് വീടുകൾ വച്ചുകൊടുക്കാൻ എന്തെങ്കിലും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉവ്വ്. വീടുകൾ വച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ : ആ പദ്ധതിപ്രകാരം എന്താണു വീടുവച്ചുകൊടുക്കാൻ സാധിക്കാതെവന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൧൧൨൮-ൽ സാധിച്ചിട്ടില്ലെന്നുമാത്രമെ പറഞ്ഞിട്ടുള്ളു. ബാക്കിയുള്ള കാലങ്ങളിൽ വീടുവച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ആതിച്ചൻ : ൧൧൨൮-ൽ വീടുവച്ചു കൊടുക്കാതെയിരിക്കാൻ കാരണമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്നത്തെ പദ്ധതിയനുസരിച്ചു വീടു വയ്ക്കാൻ സന്നദ്ധതയുള്ളവർക്കു ൩൫൦ രൂപാ ഗ്രാൻറു കൊടുക്കാമെന്നാണു വ്യവസ്ഥയുണ്ടായിരുന്നതു്. ൩൫൦ രൂപയിൽ കൂടുതൽ വരുന്ന ചെലവു അവരവർതന്നെ ചെയ്യണം. അതനുസരിച്ചു ആരും വീടു വയ്ക്കുന്നതിനു സന്നദ്ധതയുള്ളവരായി മുന്നോട്ടുവന്നില്ല.

ശ്രീ. പി. സി. ആതിച്ചൻ: ൧൯൨൮-ലേക്കു ഭവനനിർമ്മാണത്തിനു രൂപ നീക്കിവച്ചിട്ടുണ്ടോ?

Mr. Speaker: That is a different question. Order, order. Next question.

ഹരിജൻ വിദ്യാർത്ഥികൾ.

* ൪൦൧. [൧൩൭] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവണ്മെൻറു കമ്മേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ടിൽ ഇക്കൊല്ലം ചേർന്നു പഠിച്ചിരുന്ന ഹരിജൻ വിദ്യാർത്ഥികളിൽ ആരെങ്കിലും പഠിപ്പു നിറുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) പഠിപ്പു നിറുത്താൻ കാരണമെന്തു്;

(സി) ഇപ്പോൾ അവിടെ എത്ര ഹരിജൻ വിദ്യാർത്ഥികൾ പഠിക്കുന്നു;

(ഡി) എത്രപേർക്കു സ്റ്റൈപ്പൻറു് അനുവദിച്ചിട്ടുണ്ടു്?

Minister for Local Self Government **(Shri K. Kochukuttan):** (*a*), (*b*), (*c*) & (*d*) Information is being collected.

SHORT NOTICE QUESTIONS

മസൂരിരോഗം.

൭. [൭] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിലുള്ള കുളത്തൂർ, ആററിങ്കുഴി, കല്ലിങ്ങൽ എന്നിവടങ്ങളിൽ ഏതാനും ദിവസങ്ങളായി കൂട്ടത്തോടെ മസൂരിരോഗം പടർന്നുപിടിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ രോഗം ഇനിയും പടർന്നുപിടിക്കാതിരിക്കാൻ ഗവണ്മെൻറു് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) മസൂരി പടർന്നുപിടിച്ചിട്ടില്ല. എന്നാൽ ചിക്കൻപാക്സ് ഉണ്ടായിട്ടുണ്ടു്.

(ബി) 'എ'-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സിനെ തടയുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ചിക്കൻപാക്സിനു പ്രത്യേകമെഷർ ഒന്നും എടുക്കാനില്ല. മസൂരിവരാതിരിക്കാൻ ആ പ്രദേശത്തുള്ള വളരെയധികം ആളുകൾക്കു കുത്തിവയ്പു നടത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സ് പിടിപെട്ടിട്ടുള്ളവർ അവിടെ ആകെ എത്രപേരുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. വി. മാധവൻ : പബ്ളിക്ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ അന്വേഷണത്തിൽ നിന്നും ൨൫ പേരെ ആ രോഗം ബാധിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സും സ്മാൾപാക്സും തമ്മിൽ എങ്ങനെയാണു് തിരിച്ചറിയുന്നതു് ?

ശ്രീ. വി. മാധവൻ : അതു തിരിച്ചറിയുന്നതിനു് പബ്ളിക് ഹെൽത്തു ഡിപ്പാർട്ടുമെൻറുകാർക്കു് കഴിയും.

ശ്രീമതി കെ. ആർ. ഗൗരി : നിവാരണ നടപടികൾ ഫലപ്രദമായി നടത്താത്തതുകൊണ്ടു് പബ്ളിക്പരീക്ഷക്കു എഴുതേണ്ട കുട്ടികൾ പോലും വീട്ടിൽ പോയിട്ടുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ : അതിനെപ്പററി അറിവില്ല. സുഖക്കേടുണ്ടായാൽ വീട്ടിൽ പോകേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി : തിരുവനന്തപുരം സിററിയിൽ സ്കൂൾ കുട്ടികൾ താമസിക്കുന്ന സ്ഥലത്തു ഈ രോഗം പടർന്നുപിടിക്കാതിരിക്കാൻ എന്തെങ്കിലും നടപടി നടത്തുമോ?

ശ്രീ. വി. മാധവൻ : അതിനുള്ള നടപടികൾ നേരത്തെതന്നെ എടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഈ സിററിയിൽ ഒരു ഹെൽത്തു ആഫീസറെ ഇനിയെങ്കിലും വേഗം നിയമിക്കുമോ?

ശ്രീ. വി. മാധവൻ : നിയമിക്കാം.

കോൾകൃഷിക്കു വെള്ളം

൩. (൩) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി അണക്കെട്ടിൽനിന്നും തൃശ്ശിവപേരൂർ താലൂക്കിലെ കോൾകൃഷിക്കു വെള്ളം എത്തിച്ചുകൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണു് അങ്ങനെ എത്തിച്ചുകൊടുക്കുന്നതു് ;

(സി) കോൾനിലങ്ങളിൽ പല സ്ഥലങ്ങളിലും കൃഷിക്ക വെള്ളം കിട്ടുന്നില്ലെന്ന പരാതി ഗവണ്മെൻറിലേക്ക കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ കാൎയ്യത്തിൽ എന്തു നടപടിയെടുത്തു?

പൊതുമരാമത്തും ഗതാഗതവും വകപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ)

(എ) ഉണ്ട്.

(ബി) തൃശ്ശിവപേരൂർ താലൂക്കിലുള്ള കോൾനിലങ്ങൾക്ക് മുഴുവൻ.

(സി) ഉണ്ട്.

(ഡി) ഇടയ്ക്കുള്ള ചില ബണ്ടുകളുടെ തടസ്സംകൊണ്ടു ചില സ്ഥലങ്ങളിൽ വെള്ളം എത്തിയിരുന്നില്ല. എന്നാൽ കളക്ടർ, പ്രോജക്ററ എൻജിനീയർ, എക്സിക്യൂട്ടീവു എൻജിനീയർ എന്നിവർ സ്ഥലത്തുപോയി എല്ലാ തടസ്സങ്ങളും നീക്കുകയും തൽഫലമായി വെള്ളം ഇപ്പോൾ കോൾനിലങ്ങളിൽ എല്ലാംതന്നെ എത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ:</u> തുറന്നുവിട്ടിട്ടുള്ള വെള്ളം വഴിക്ക തടഞ്ഞു മററ ചിലർ കൊണ്ടുപോകുന്നതായി പരാതിയുണ്ടോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> ആ തടസ്ഥങ്ങളെല്ലാം ഇപ്പോൾ മാററിയിട്ടുണ്ട്.

<u>ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ:</u> കരുവന്നൂർ, ഇല്ലിക്കൽ എന്നീ സ്ഥലങ്ങളിൽ വെള്ളം നിറഞ്ഞു കിടക്കമ്പോൾ അതിനപ്പുറമുള്ള സ്ഥലങ്ങളിൽ വെള്ളം ഇല്ലെന്നുള്ള വിവരം അറിയാമോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> വെള്ളംപോകുന്ന വഴിയ്ക്കു അനേകം ബണ്ടുകൾ ഉണ്ട്. താൽപൎയ്യമുള്ള കൃഷിക്കാർ വെള്ളം ഇടയ്ക്കു വച്ച് അവരുടെയാവശ്യത്തിനു കൊണ്ടുപോകുന്നുണ്ട്. എന്നാൽ കഴിഞ്ഞ ൧൧-ാം നു-ക്ക ശേഷം വെള്ളം എല്ലാസ്ഥലത്തും കിട്ടുന്നുണ്ട്.

<u>ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ:</u> ഇതിൽ ചില കുംഭകോണങ്ങൾ ഉള്ളതായി ആക്ഷേപം ഉണ്ടായിട്ടുള്ളതു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> കുംഭകോണവും തഞ്ചാവൂരും ഒന്നും ഉള്ളതായി അറിവില്ല.

<u>ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ:</u> തൽപരകക്ഷികൾ സ്വാധീനം ചെലുത്തുന്നതുകൊണ്ടാണു ചില സ്ഥലത്തു വെള്ളം കിട്ടാതെവരുന്നതെന്നറിയാമോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> അവരവരുടെ നിലങ്ങളിൽ വെള്ളം കിട്ടാൻ ശ്രമിക്കുന്നതു ഒരു കുംഭകോണമാണെന്നു എനിക്കു തോന്നുന്നില്ല.

കോൾകൃഷിക്കു വെള്ളം.

൪. (൪) ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി അണയിൽ നിന്നുള്ള വെള്ളം തൃശ്ശൂർ താലൂക്കിലെ കോൾകൃഷിക്കു നൽകാൻ ഏർപ്പാടുചെയ്യുകയുണ്ടായോ;

(ബി) വെള്ളം വഴിക്കുവച്ചു തടഞ്ഞു് തിരിച്ചു് പലടത്തേയ്ക്കും കൊണ്ടുപോകുന്നതുമൂലം കോൾകൃഷിക്കു വെള്ളം കിട്ടുന്നില്ലെന്നും കൃഷി ഉണങ്ങിയെന്നും വല്ല പരാതിയും ഗവണ്മെന്റിലേക്കു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ തടസ്സം നീക്കി വെള്ളം കൃഷിക്കു കിട്ടാറാക്കാൻ എന്തു നടപടിയെടുത്തു?

Minister for Works and Transport **(Shri Kalathil Velayudhan Nair)**: Sir, the answer is the same as the previous one.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൧-ാം നു- ക്കുശേഷം കൃഷിക്കാർക്കു വെള്ളം കിട്ടുന്നുണ്ടെന്നുള്ള അറിവു് ഗവണ്മെന്റിനു ആരിൽനിന്നുമാണു് കിട്ടിയതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഡിസ്ട്രിക്ട് കളക്ടറിൽ നിന്നും, എക്സിക്യൂട്ടീവ് ഇൻജിനീയരിൽ നിന്നും, പ്രൊജക്ട് ഇൻജിനീയരിൽ നിന്നുമാണു് കിട്ടീട്ടുള്ളതു്.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാംനു- യിലെ എക്സ്പ്രസ് പത്രത്തിൽ വെള്ളം കിട്ടുന്നില്ലെന്നും ഉടൻ വെള്ളം കിട്ടിയില്ലെങ്കിൽ....

Mr. Speaker: Has the Member got any other direct information? Do not depend upon the 'Express' paper. He may put that question without referring to the 'Express' paper.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാം നു- തന്നെ കൃഷിക്കാർക്കു വെള്ളം കിട്ടുന്നില്ലെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടു്.

Mr. Speaker: Yes, put the question. The point is that on newspaper report I cannot allow a question to be put.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാംനു-വരെ കൃഷിക്കാർക്കു വെള്ളം കിട്ടിയില്ലെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൃഷിക്കാർക്കു് ആവശ്യമുള്ളിടത്തോളം വെള്ളം കിട്ടിയിട്ടുണ്ടോയെന്നു് പറയാൻ നിവൃത്തിയില്ല. കോൾനിലങ്ങൾക്കു വെള്ളം കിട്ടുന്നില്ലെന്നുള്ള ആക്ഷേപം ഈ സഭയിലെ പല മെംബർമാരും എന്നെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു വേണ്ട നടപടി ഉടൻതന്നെ നടത്തുകയുണ്ടായി. പ— ദിവസംകൊണ്ടു

ആവശ്യമുള്ള വെള്ളം മുഴുവൻ ലഭിക്കുമെന്നും കോൾകൃഷി വെള്ളത്തിന്റെ കുറവുമൂലം ദോഷപ്പെടാൻ പോകുന്നില്ലെന്നും ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീ കെ. പി. പ്രഭാകരൻ: വെള്ളം തുറന്നുവിട്ടിട്ട് എത്ര ദിവസമായെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വെള്ളം തുറന്നുവിട്ടിട്ടു കുറെ ദിവസമായി. തടസ്സങ്ങളെല്ലാം മാറിയിട്ടു പത്തു പതിനൊന്നു ദിവസമായിട്ടുണ്ട്.

Mr. Speaker: Order, order, please. The time for interpellations is over.

UNSTARRED QUESTIONS.

മിഡ്‌വൈഫിന്റെ നിയമനം.

൨൧൫. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാതുറ ഒരു മിഡ്‌വൈഫിനെ നിയമിച്ചുകിട്ടണമെന്നു കാണിച്ചു സ്ഥലത്തെ പൊതുജനങ്ങളുടെ ഒരു അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) അടുത്ത ബഡ്ജറ്റുവർഷത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മിഡ്‌വൈഫറി കേന്ദ്രങ്ങളുടെ കൂട്ടത്തിൽ പെരുമാതുറക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധിക്കണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്.

Nagercoil Government Hospital.

216. [2] **Shri A. Samraj**: Will the Minister for Medicine be pleased to state:

(*a*) whether any steps have been taken by the Government for improving the Nagercoil Government Hospital into a first grade hospital;

(*b*) if so, what steps; and

(*c*) if not, why not?

Answer.

(*a*) Hospitals have not been classified into grades.

(*b*) & (*c*) Do not arise.

Encroachment of Forests.

217. [3] **Shri A. Samraj:** Will the Minister for Revenue be pleased to state:

(*a*) the nature and extent of encroachments in the Forest Reserve in the whole of the State in general and in Vandenmedu and Aiyyappancoil in particular; and

(*b*) what steps the Government have taken for evicting large scale encroachment?

Answer.

(*a*) Encroachments were mostly done by lessees who were given lands under the G. M. F. Scheme. The exact area can be ascertained only after a survey. The approximate area under encroachment in the State is about 17,000 acres including 15,000 acres unauthorisedly encroached upon in Vandenmedu and Aiyyappancoil.

(*b*) Orders have been issued to institute suitable action for evicting encroachers.

അരൂക്കുറ്റി ചൗക്കത്തൊഴിലാളികൾ.

൨൧൮. [൪] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനം മൂലം ചൗക്കകൾ നിറുത്തിയപ്പോൾ അരൂക്കുറ്റി ചൗക്കയിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു;

(ബി) ഈ തൊഴിലാളികളെ എന്നാണ് ജോലിക്ക് നിയമിച്ചത്;

(സി) ഇവരുടെ കൂലിയായി ചരക്കുടമസ്ഥരിൽനിന്നും പിരിച്ചെടുക്കുന്ന തുക അന്നന്ന് അവർക്കു വീതിച്ചുകൊടുക്കുന്ന സമ്പ്രദായം നിർത്തിയതു എന്നു മുതൽക്കാണ്;

(ഡി) തൊഴിലാളികൾ നൽകിയ നിവേദനത്തിന്റെ ഫലമായി അവരിൽനിന്നും പിടിച്ചുവച്ച തുക എണ്ണി തിട്ടപ്പെടുത്തുകയുണ്ടായില്ലേ;

(ഇ) പിടിച്ചുവയ്ക്കപ്പെടുന്ന കൂലി അവരെ ജോലിയിൽനിന്നും പിരിച്ചുവിടുമ്പോൾ തിരിച്ചുകൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയ്ക്കു വിപരീതമായി ഇതേവരെ അതു അവക്കു തിരിച്ചുകൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണു്?

ഉത്തരം.

(എ) ൪൨.

(ബി) ഈ തൊഴിലാളികളെ നിയമിച്ചതു വളരെ വർഷങ്ങൾക്കു മുമ്പു് പല അവസരങ്ങളിലായിട്ടാണു്. ഇവരുടെ നിയമനം എന്നാണു് നടന്നതു് എന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ഈ സമ്പ്രദായം നിറുത്തിയതു് എന്നു മുതൽക്കാണെന്നു അറിയുന്നതിനുള്ള യാതൊരു രേഖയുമില്ല.

(ഡി) ചരക്കുടമസ്ഥരിൽനിന്നും പിടിച്ചുവച്ചതുക എണ്ണിത്തിട്ടപ്പെടുത്തണമെന്നു് കാണിച്ചു് തൊഴിലാളികളിൽനിന്നും യാതൊരു നിവേദനവും ലഭിച്ചിട്ടില്ല.

(ഇ) ചരക്കുടമസ്ഥരിൽനിന്നും പിടിച്ചുവയ്ക്കപ്പെടുന്ന കൂലി ജോലിയിൽനിന്നും പിരിച്ചുവിടുമ്പോൾ തൊഴിലാളികൾക്കു് തിരിച്ചുകൊടുത്തുകൊള്ളാമെന്നു് യാതൊരു വ്യവസ്ഥയും ഉണ്ടാക്കിയിട്ടില്ല.

ആശുപത്രികൾ.

൨൯. [൭] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൭-൨൮ വർഷത്തിൽ സംസ്ഥാനത്തു് എത്ര ആശുപത്രികൾ പുതുതായി സ്ഥാപിച്ചിട്ടുണ്ടു്;

(ബി) ആശുപത്രികളിൽ രോഗികൾക്കു് കിടക്കുന്നതിനുള്ള കിടക്കകളുടെ അഭാവം ഗവർമ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ൧൧൨൭-൨൮-ൽ പുതുതായി എത്ര കിടക്കകൾ കൂടുതലായി പണിയിച്ചിട്ടുണ്ടു്;

(ഡി) ൧൧൨൭-൨൮ വർഷത്തിൽ ചികിത്സാഫീസിനത്തിൽ എത്ര രൂപ വരവുണ്ടു്?

ഉത്തരം.

(എ) ൭.

(ബി) ഉണ്ടു്.

(സി) ൪൪.

(ഡി) കണക്കുകൾ തിട്ടപ്പെടുത്തുന്നേയുള്ളു.

എംപ്ലായ്മെൻറ് എക്സ്ചേഞ്ചു്.

൨൨൦. [൩] ശ്രീ. എം. പി. വർഗ്ഗീസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലും റീസെററിൽമെൻറ് ആൻറ് എമ്പ്ലോയിമെൻറ എക്സ്ചേഞ്ചിൻെറ പ്രവൎത്തനങ്ങൾ എന്തെല്ലാം;

(ബി) ഈ സംസ്ഥാനത്തിൽ അഭ്യസ്തവിദ്യരും എന്നാൽ തൊഴിലില്ലാതെ ഇരിക്കുന്നവരുമായിട്ടുള്ളവൎക്ക് ഈ എക്സ്ചേഞ്ചുകൾ മുഖേന എന്തെങ്കിലും തൊഴിൽ സമ്പാദിക്കുവാൻ കഴിയുന്നുണ്ടോ;

(ബി) ൧൧൨൦-൨൧, ൧൧൨൧-൨൨, ൧൧൨൨-൨൩ ഈ വൎഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചിയിൽ എംപ്ലായിമെൻറ് മുഖേന ജോലിസമ്പാദിച്ചിട്ടുള്ളവരുടെ ഒരു കണക്ക് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം.

(എ) തൊഴിൽ അന്വേഷിച്ചുനടക്കുന്നവൎക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുകയും തൊഴിലാളികളെ ആവശ്യമുള്ള മുതലാളിമാൎക്കും മററ സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്തു സഹായിക്കുകയും ആണ് എംപ്ലൊയിമെൻറ എക്സ്ചേഞ്ചുകളുടെ പ്രധാന പ്രവൎത്തനങ്ങൾ.

(ബി) ഉണ്ട്.

(സി)	൧൧൨൦-൨൧.	൧൧൨൧-൨൨.	൧൧൨൨-൨൩.
	൧൦൯	൯൫൧	൨൨൮൩

പിന്നോക്കസമുദായോദ്ധാരണത്തിനായി നീക്കിവച്ചിട്ടുള്ള തുക.

൨൨൧. [൧] ശ്രീ. എം. പി. വൎഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ നാലുകൊല്ലക്കാലത്തിൽ പിന്നോക്കസമുദായോദ്ധാരണത്തിനായി ഓരോ കൊല്ലവും എത്ര തുകവീതം നീക്കിവച്ചിരുന്നു;

(ബി) ഇതിൽ ഓരോകൊല്ലവും ലാപ്സായിപ്പോയ തുകയെത്ര? ഇങ്ങനെ ലാപ്സാവാൻ കാരണമെന്ത്?

(സി) ഇതിനെന്തെങ്കിലും പരിഹാരമുണ്ടോ?

ഉത്തരം.

(എ)	കൊല്ലം	നീക്കിവച്ചതുക
	൧൧൧൮—൧൯	൧൧൭൫൫൯ രൂപ.
	൧൧൧൯—൨൦	൨൮൨൯൨൨
	൧൧൨൦—൨൧	൧൨൧൩൫൦൦
	൧൧൨൧—൨൨	൧൨൫൦൮൦൦

(ബി)	(കൊല്ലം)	(ലാപ്സ് സായതുക)
	൧൧൨൮—൨൯	൩൧൨൭൭ രൂപ
	൧൧൨൯—൩൦	൯൯൨൭൧
	൧൧൩൦—൩൧	൭൦൧൩൦൧
	൧൧൩൧—൩൨	൭൮൧൬൧൭

ലാപ്സായിട്ടുള്ളതു് പ്രധാനമായും മരാമത്തുപണികൾക്ക് നീക്കിവച്ചിട്ടുള്ള തുകയിൽനിന്നാണ്. റവന്യൂ, മരാമത്തു് മുതലായ ഡിപ്പാർട്ടുമെൻറുമായി എഴുത്തുകുത്തുകൾ നടത്തേണ്ടിയിരുന്നതിനാൽ പ്രസ്തുത തുക വിനിയോഗിക്കുന്നതിന കാലതാമസം നേരിട്ടു.

(സി) ഇപ്രകാരം അനുവദിച്ച സംഖ്യ ലാപ്സായിപ്പോകാതെ വിനിയോഗിക്കുന്നതിന ആവശ്യമായ നടപടികൾ ഗവണ്മെൻറ് എടുത്തുവരുന്നു.

Denatured Spirit.

222 [8] **Shri C. Sankar:** Will the Minister for Excise be pleased to state:

(*a*) the quantity of essences and other alcoholic preparations containing not less than $33\frac{1}{3}\%$ of alcohol, sold during 1950, 1951 and 1952 respectively in Trivandrum District only;

(*b*) the quantity of denatured spirit sold during 1950, 1951 and 1952 respectively in Trivandrum District only; and

(*c*) the total quantity of denatured spirit sold in the Trivandrum District only during the last quarter of 1952?

Answer.

(*a*) The quantity of essences and other alcoholic preparations containing not less than $33\frac{1}{3}$ per cent of alcohol, sold in the Trivandrum District during 1950 - 1520 gallons.

1951 - 3464 gallons.

1952 - 7390 gallons.

(*b*) The quantity of denatured spirit sold in the Trivandrum District during 1950-3620 gallons.

1951 - 2683 gallons.

1952 - 3683 gallons.

(*c*) The total quantity of denatured spirit sold in the Trivandrum District during the last quarter of 1952 is 1153 gallons.

Vellayani Lake.

223 [9] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state:

(*a*) whether there were allegations of unjust distribution of lands leased out in the Vellayani lake;

(*b*) whether the Government have made any enquiry into those allegations;

(*c*) if so, what is the result of that enquiry; and

(*d*) did the Government rectify the wrongs?

Answer.

(*a*) Yes.

(*b*) Yes.

(*c*) and (*d*) The matter is under examination.

ഒററിക്കുടിയാൻ സംഘം.

൨൨൪. [൧൦] **ശ്രീ. കെ. കെ. കുമാരപിള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 'ഒററിക്കുടിയാൻ സംഘം' എന്ന ഒരു സംഘടന ഭൂമിയിലുള്ള അവകാശത്തെ സംബന്ധിച്ചു് ചീഫ് മിനിസ്റ്ററുടെ പടിക്കൽ നടത്തിയ സത്യാഗ്രഹം ഒത്തുതീർപ്പുകളുടെ ഫലമായിട്ടാണോ തീർന്നതു്;

(ബി) എന്താണു് ഒത്തുതീർപ്പു വ്യവസ്ഥകൾ?

ഉത്തരം.

(എ) യാതൊരു ഒത്തുതീർപ്പും ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദഡിസ്പെൻസറി.

൨൨൫. [൧൧] **ശ്രീ. ആർ. സുഗതൻ:** താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഹമ്മയിലെ ആയുർവ്വേദഡിസ്പെൻസറിയിൽ ചികിത്സാസൗകര്യങ്ങളും, മരുന്നും കൂടുതലായി അനുവദിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരുടെ നിവേദനം മെഡിക്കൽ മന്ത്രിക്കു് കിട്ടിയിട്ടുണ്ടോ?

ഉത്തരം.

മുഹമ്മയിലെ ആയുർവ്വേദാശുപത്രിയിൽ മരുന്നു കൂടുതലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരുടെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്. അടുത്ത കൊല്ലത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനെപ്പററി ആലോചിക്കുന്നതാണ്.

Inspection By The Survey Superintendent.

226 [13] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(*a*) What all taluks have been inspected by the Survey Superintendent in 1952;

(*b*) has he found out the arrears in survey work in each taluk;

(*c*) has he made any report about the work of the Revenue Supervisors to Government.

(*d*) what is the oldest application brought to his notice at the time of inspection.

(*e*) what is the number of applications pending in the Thiruvalla taluk in 1952.

Answer.

(*a*) 1. Thovala
2. Agastheeswaram
3. Kalkulam
4. Vilavancode
5. Neyyattinkara
6. Trivandrum
7. Nedumangad
8. Chirayinkil
9. Quilon
10. Kottarakara
11. Pathanapuram
12. Shencottah
13. Pathanamthitta
14. Shertallai
15 Karthigapally
16 Thiruvalla
17 Kottayam
18 Changanacherry
19 Meenachil

20. Kunnathunad
21. Vaikom
22. Moovattupuzha
23. Thodupuzha

(*b*) Yes.

(*c*) No. However, notes of inspection of the Survey Superintendent are being submitted to the Board of Revenue and the Board is sending quarterly reviews of such notes to Government.

(*d*) 13 applications of Shertallai Taluk and 1 application of the Thovala Taluk (of these 6 applications of the Shertallai Taluk have since been disposed of), relating to the year 1119.

(*e*) 121.

അഴിമതിക്കുററം.

൨൨൧. [൬൯] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിലുള്ള അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടറെ അഴിമതിക്കുററങ്ങൾക്കായോ മററു കാരണങ്ങൾക്കായോ സസ്പെൻറു് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തു്;

(സി) അതിനെപ്പററിയുള്ള അന്വേഷണഫലമെന്തായി?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറു പണം ദുർവിനിയോഗിച്ചതിനു്.

(സി) ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണു്.

ഒളവക്കോട്ടു പയൽ സ്കൂൾ.

൨൨൨. [൬൬] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) മാവേലിക്കര താലൂക്കിൽ പാലമേൽ പകുതിയിൽ ഒളവക്കോട്ടു എന്ന സ്ഥലത്തുള്ള പയൽസ്കൂൾ പന്തളം തെക്കേക്കര പകുതിയിൽ പെരുമ്പുളിയ്ക്കൽ മുറിയിൽ പറന്തൽ എന്ന സ്ഥലത്തുള്ള ഒരു സ്കൂൾ കെട്ടിടത്തിലേയ്ക്കു മാററുവാൻ ഗവണ്മെൻറു് ഉത്തരവു് പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത ഉത്തരവു് റദ്ദുചെയ്തിട്ടുണ്ടോ;

(ബി ഉണ്ടെങ്കിൽ ആദ്യത്തെ ഉത്തരവു് റദ്ദുചെയ്യാൻ കാരണമെന്താണു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഒളവക്കോട്ട് പയൽ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതാണു പ്രസ്തുത സ്കൂൾ മാററുന്നതിനു ആദ്യം ഉത്തരവു പുറപ്പെടുവിക്കുവാനുണ്ടായ പ്രധാനകാരണം. എന്നാൽ പിന്നീട് വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചതുകൊണ്ട് ആദ്യത്തെ ഉത്തരവ് റദ്ദ് ചെയ്തു.

Grants to Hospitals.

229 [20] **Shri O. C. Ninan:** Will the Minister for Medicine and Public Health be pleased to state:

(*a*) what are the hospitals for which grant has been given by the Government in 1951 and 1952;

(*b*) what is the amount of grant given to each hospital;

(*c*) what is the sort of control the Government has over the hospitals for which grant is given?

(*d*) will the Government consider the question of enhancing the grant and having greater control; and

(*e*) how many of such hospitals are leper hospitals?

Answer

(*a*) & (*b*) A statement furnishing the information is laid on the table *

(*c*) The Officers deputed by Government are empowered to inspect the grant-in aid institutions at any time to assess quality of work etc in the same way as Government institutions are inspected. Government reserve the right to stop grant-in-aid to an institution without assigning any reason. The Medical practitioners in Cochin area have to execute agreements for getting grants.

(*d*) This may be considered according to necessity.

(*e*) 1. C. P. Memorial Leper Asylum, Neyyoor;

2. Salvation Army Leper Colony, Puthencruz;

3. Leper Clinic, Velur; and

4. Leper Clinic, Palangi.

---

* Please see Appendix II.

മുനിസിപ്പാലിററികൾ.

൨൩൦. [൨൧] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര മുനിസിപ്പാലിററികൾ ഉണ്ട്; ഇതിൽ മേജർ എത്ര; മൈനർ എത്ര;

(ബി) ആകെ ഈ മുനിസിപ്പാലിററികളിലായി എത്ര മുനിസിപ്പൽ തൊഴിലാളികളുണ്ട്;

(സി) ഇതിൽ തോട്ടികൾ എത്ര; തൂപ്പുകാർ എത്ര; മററുള്ളവരെത്ര; ഈ തൊഴിൽക്കാരിൽ ഓരോ വിഭാഗത്തിൽ സ്ഥിരജോലിക്കാരെത്ര; ടെമ്പററി എത്ര; ഫുൾടൈം എത്ര; പാർട്ട്ടൈം എത്ര?

ഉത്തരം.

(എ) ആകെ ൨൩ മുനിസിപ്പാലിററികൾ. അതിൽ ൭ എണ്ണം മേജറും ബാക്കിയുള്ളവ മൈനറും ആണ്.

(ബി) ൨൦൭൭.

(സി) തോട്ടികൾ ൮൪൩.
തൂപ്പുകാർ ൮൩൦.
മററുള്ളവർ ൩൪൧.

മേൽപ്പറഞ്ഞവരിൽ ൧൩൧൩ പേർ സ്ഥിരം ജോലിയുള്ളവരും, ൪൩൩ പേർ ടെമ്പററി ജോലിയുള്ളവരും ൧൩൨൩ പേർ ഫുൾടൈം ജോലിക്കാരും, ൪൯൧ പേർ പാർട്ടൈം ജോലിക്കാരും ആണ്.

ആശുപത്രി.

൨൩൧. [൨൩] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮-൨൯-ൽ പറവൂർ ആശുപത്രിയിൽ ഓരോമാസവും ശരാശരി ഇൻപേഷ്യൻറ്സും, ഔട്ടുപേഷ്യൻറ്സും എത്രയായിരുന്നു; ൧൧൨൯-൩൦-ൽ ഈ കണക്ക് എത്രയായിരുന്നു;

(ബി) ൧൧൨൮-൨൯-ൽ പറവൂർ ആശുപത്രിയിൽ ഒരു മാസം ശരാശരി എത്ര രൂപ മരുന്നിനുവേണ്ടി ചെലവായിട്ടുണ്ട്: ൧൧൨൯-൩൦-ൽ എത്ര;

(സി) നിർധനരായ രോഗികളുടെ പക്കൽ മരുന്നു വെളിയിലുള്ള കെമിസ്ററുകളുടെ പക്കൽനിന്നും വാങ്ങിക്കാനുള്ള ചീററുകൊടുക്കുന്ന സമ്പ്രദായം അവിടെ ഉണ്ടോ;

(ഡി) ആശുപത്രിവകയായി 'ഒരു പുവർഫണ്ട്" മുൻകാലങ്ങളി ലുണ്ടായിരുന്നോ; ഇന്ന് അതു നിലവിലുണ്ടോ;

(ഇ) ടി ആശുപത്രിയിൽ ൧൯൫൨-൫൩-ൽ എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) ൧൯൫൨-൫൩-ൽ:—

൧. ഇൻപേഷ്യൻറ്സ് ൨൧൧.൧.

൨. ഔട്ടുപേഷ്യൻറ്സ് ൧൩൮൦൮.൭൨.

൧൯൫൧-൫൨-ൽ:—

൧. ഇൻപേഷ്യൻറ്സ് ൨൦൦.൫.

൨. ഔട്ടുപേഷ്യൻറ്സ് ൧൮൩൧൭.൩൩.

(ബി) ൧൯൫൧-൫൨-ൽ ൧൧൨൫ രൂപ.

൧൯൫൨-൫൩-ൽ ൧൨൦൦ രൂപ.

(സി) ഇല്ല.

(ഡി) ഉണ്ടായിരുന്നു. ഉണ്ട്.

(ഇ) ൩൨.

മുനിസിപ്പൽ ടൗൺ.

൨൩൨. [൨൮] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ മുനിസിപ്പൽ ടൗണിൽ ആകെ ജനസംഖ്യ എത്ര;

(ബി) ടി ടൗണിൽ ഉപയോഗയോഗ്യമായ എത്ര പബ്ലിക്ക കക്കൂസുകളും, മൂത്രപ്പുരകളും, പബ്ലിക്ക് കിണറുകളും ഉണ്ട്?

ഉത്തരം.

(എ) ൧൭൨൮൧.

(ബി) രണ്ടു കക്കൂസും, നാലു് മൂത്രപ്പുരയും, ആറ് കിണറും ഉണ്ട്.

Dispensary.

233 (25) **Shri K. M. Chandy:** Will the Minister for Medicine and Public Health be pleased to State:

(*a*) whether the Government have sanctioned the raising of the dispensary at Kuruvilangad into a hospital;

(*b*) whether the Government have accepted the offer of the public of Kuruvilangad to make available the necessary site and construct the required building;

(*c*) whether the public have requested the Government to supply the necessary plan for the hospital building;

(*d*) whether the Government have supplied them the plan asked for; and

(*e*) if not, why it has been delayed ?

Answer.

(*a*) No

(*b*) An offer to put up wards has been accepted by Government.

(*c*) The people have requested for the plan to put up the wards.

(*d*) No

(*e*) The plan is being prepared and will be sent to the people as early as possible.

தீபஸ்தம்பம்

234. (26) ஸ்ரீ. எஸ். ஜி. தேவியப்பன்: கீழ்காணும் வினவுக்கு ரெவன்யூ மந்திரி அவர்கள் விடை பகர்வர்களாக:

தேவிகுளம் தாலுக்கில் வட்டவடை கிராமத்து கோவிலுக்கு தீபஸ்தம்பத்திற்கு கேட்ட மரத்துக்கு மனு எழுதி சுமார் ஆறுமாத காலமாகியும் யாதொரு பதிலும் தெரியாத காரணமென்ன ?

விடை

மனுதார்களுக்கு மரம் என்ன விலை நிரக்குக்கு விற்கப்படவேண்டுமென்று அரசாங்கம் முடிவாக தீர்மானிக்காததால்.

Voting of Demands for Grants

Demand XV—Police.

12 NOON].

Mr. Speaker: We will now proceed to Voting of Demands for grants Minister for Home Affairs.

Minister for Home Affairs (**Shri T. M. Varghese**): Sir, I move for a grant of Rs. 94,19,000 under Demand XV—Police.

Chief Minister (**Shri A. J. John**): I second the motion.

Shri P. Bhaskaran Nair: Sir, I move: to reduce the allotment of Rs. 18,800 for pay of Officers by Re. 1.

I have two more cut motions. Can I move them now, Sir?

Mr. Speaker: The position is this. Last time I was going through the list of cut motions and selecting certain motions and placing those motions before the House, so that everybody in a general way can take part in the discussion and the whole departmental policy may be reviewed. Some hon. Members do not, I think, agree with that method. Now, the only alternative is this. The Police Department contains 5 sub-heads. According to the rules of procedure, every motion coming under a particular sub-head will be called; and what I have to suggest to the Members is that unless all these cut motions are withdrawn and you go to the total cut, the general policy of the department could not be discussed. Now, for example, here is a cut on subhead (*a*) to reduce the allotment of Rs. 18,800 for Officers. That includes the pay of the Inspector General of Police, Deputy Inspector General of Police and the Superintendent attached to the Head Quarters. Therefore, in moving that motion, the hon. mover has to confine himself to the work of these 3 persons without going to the wider policy of the Department.

ശ്രീ. പി. ഭാസ്കരൻനായർ: സർ, വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും ഇൻഡ്യയിലെ ഏററവും മുന്നണിയിൽ നിൽക്കുന്ന ഈ സംസ്ഥാനത്തെ പോലീസു ഡിപ്പാർട്ടുമെൻറു വാസ്തവത്തിൽ ഇവിടെ അഭിമാനാർഹമായ രീതിയിലല്ല പ്രവർത്തിക്കുന്നതെന്നുള്ള വിവരം അറിയിക്കാനായിട്ടാണ്, ഈ ഡിപ്പാർട്ടുമെൻറിന്റെ തലക്കലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കിയിരിക്കുന്നത്. ഈ ഡിപ്പാർട്ടുമെൻറു ജനങ്ങളുടെ ധനവും മാനവും സംരക്ഷിക്കാനുള്ളതാണ്. രാജ്യത്തെ നിയമസമാധാനം പാലിക്കുന്ന ചുമതലയും പോലീസിനുണ്ട്. ഇന്നു ജനങ്ങളുടെ ജീവനും ധനവും മാനവും വളരെ അപകടത്തിൽപ്പെട്ടിരിക്കുകയാണെന്നു നിത്യാനുഭവത്തിൽനിന്നും അറിയാവുന്നതാണ്. ഇതിനെല്ലാം പോലീസു കൂട്ടുനിൽക്കുന്നുണ്ടെന്നു കേൾക്കുന്നതു നമ്മുടെ രാജ്യത്തിനും പോലീസുഡിപ്പാർട്ടുമെൻറിനും ഒരു തീരാക്കളങ്കമാണ്. ദിവാൻ ഭരണകാലത്തു പോലീസുകാർ കാട്ടിക്കൂട്ടിയിട്ടുള്ള അക്രമങ്ങളെപ്പററി പറഞ്ഞാൽ, അന്നു സ്വേച്ഛാഭരണമാണു നടന്നതെന്നും, അതുകൊണ്ടു എന്തും നടക്കുമെന്നും സമാധാനം പറയാം. എന്നാൽ ഇപ്പോൾ ജനകീയ ഭരണമാണു നടക്കുന്നത്. ജനകീയഭരണം നടപ്പിൽ വന്നതോടുകൂടി പോലീസുകാർ യാതൊരു നിയന്ത്രണവുമില്ലാത്ത രീതിയിൽ ജനങ്ങളെ മർദ്ദിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഈ അടുത്തകാലത്തു നടന്ന ഒരു സംഭവത്തെപ്പററി ഞാൻ ഇൻസ്പെക്ടർ ജനറലിനെ നേരിട്ടുകണ്ടു സംസാരിച്ചു. പോലീസു വകുപ്പുമന്ത്രിയേയും കണ്ടു വിവരം ധരിപ്പിച്ചു. എങ്കിലും, കേവലം ഒരന്വേഷണംപോലും ഈ സംഗതിയെപ്പററി നടത്തിയില്ല. ഡിപ്പാർട്ടുമെൻറിൽനിന്നും താഴ്ന്ന തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ

വിട്ട് അന്വേഷണം നടത്തുന്ന രീതികൊണ്ടും ഇന്നു ജനങ്ങൾ പൊറുതി മുട്ടിയിരിക്കുകയാണ്. സാധുക്കളായ തൊഴിലാളികൾ, അവർ ചെയ്ത ജോലിയുടെ കൂലി ചോദിച്ചാൽ, അവിടെ ഉടൻ പോലീസു ഓടിയെത്തും. ഇവിടെ ലേബർ ഡിപ്പാർട്ടുമെൻറുണ്ട്. തൊഴിൽത്തർക്കങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടുന്നതിനു മുൻപുതന്നെ പോലീസു ലാത്തിയുമായി എത്തും. ഈയിടെ കോട്ടയത്തു പരിപ്പിൽ തൊള്ളായിരം കായൽ എന്ന പാടത്തിൽ ഒരു തൊഴിൽത്തർക്കമുണ്ടായി. പറിച്ചുനടീൽ സമയത്താണ് ഈ തൊഴിൽക്കുഴപ്പമുണ്ടായതു്. പോലീസുകാർ കുറെ ആളുകളെ തടഞ്ഞുവച്ചു. തൊഴിലാളികളിൽ കൂടുതലും സ്ത്രീകളായിരുന്നു; ൨൩ സ്ത്രീകളും ൭ പുരുഷന്മാരും. വിവരം അറിഞ്ഞ ഞാൻ ഈ തൊഴിൽത്തർക്കത്തെപ്പററി രമ്യമായ ഒരു തീർപ്പുണ്ടാക്കാനായി അവിടെ ചെന്നു. തൊഴിൽത്തർക്കം ഏററവും രമ്യമായി തീർക്കാനുള്ള എല്ലാ സാഹചര്യങ്ങളും അവിടെ ഉണ്ടായിരുന്നു. എങ്കിലും അവിടെ നടന്ന സംഭവങ്ങളെപ്പററി യാതൊരന്വേഷണവും നടത്താതെ, തടഞ്ഞുവച്ചിരിക്കുന്ന തൊഴിലാളികളുടെ നേരെ, ഒരു വിദേശസൈന്യം ആക്രമിക്കുന്ന രീതിയിൽ നിസ്സഹായരായ തൊഴിലാളികളെ ചവിട്ടുകയും, അടിക്കുകയും, ഇടിക്കുകയും മററുമാണ് ആ കൃഷിക്കാരൻെറ ബോട്ടിൽ ഒരു സംഘം റിസർവ്വ് പോലീസുമായി അവിടെ ആ സമയം വന്നെത്തിയ കോട്ടയം സർക്കിൾ ഇൻസ്പെക്ടറും കസ്ബാ സബ്ഇൻസ്പെക്ടറുംകൂടി ചെയ്തതു്.

ശ്രീ. കെ. എം. കോര: അവിടെയുണ്ടായ തൊഴിൽത്തർക്കം എന്താണെന്നു പറയാമോ?

ശ്രീ. പി. ഭാസ്കരൻ നായർ: ഞാൻ അവരുടെ സമീപത്തേയ്ക്കു ഓടി അണഞ്ഞു; ആ മർദ്ദനം തടയുന്നതിനുവേണ്ടി. എന്നാൽ തോക്കുധാരികളായ നാലഞ്ചു പോലീസുകാർ ഇൻസ്പെക്ടറുടെ ആജ്ഞയനുസരിച്ചു് എന്നെ മുന്നോട്ടു വിടാതെ തടഞ്ഞു. ഇങ്ങനെ അക്രമം നടത്തുന്നതെന്തിനാണെന്നു ചോദിച്ചപ്പോൾ 'ഇതു നഗ്നമായ മർദ്ദനംതന്നെ' എന്നു ആ സർക്കിൾ ഇൻസ്പെക്ടർ എന്നോടു പറഞ്ഞു. ഈ വിവരം ഞാൻ ഉടൻതന്നെ ഇൻസ്പെക്ടർ ജനറലിനെ അറിയിച്ചു. മന്ത്രിയേയും ഫോൺവഴി അറിയിച്ചു. അതിനെ സംബന്ധിച്ചു കഴിഞ്ഞ ഡിസംബർ ൧൨-ാംനു എനിക്കു ഒരു മറുപടി കിട്ടി. 'അതായതു ഇക്കാര്യം ഗവണ്മെൻറിൻെറ അന്വേഷണത്തിലിരിക്കുകയാണെന്നു്'. അന്വേഷണം എന്തായി എന്നു ഇതേവരെ എനിക്കറിഞ്ഞുകൂടാ. "It is engaging the attention of Government" എന്നു് അങ്ങു് എഴുതി അയച്ചാൽ അതുമാത്രം മതിയെന്നാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആ തൊഴിൽത്തർക്കം എന്തിനെപ്പററിയാണെന്നു പറഞ്ഞാൽ അതിനെപ്പററി അന്വേഷിച്ചു പറയാൻ സാധിക്കും.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയം പരിപ്പുകരയിൽ തൊള്ളായിരം കായൽ എന്ന പാടശേഖരത്തിലെ പറിച്ചുനടീൽ സംബന്ധിച്ചുണ്ടായതാണ്. പറിച്ചു നടീലിനു ഒരാളിനു മൂന്നിടങ്ങഴി നെല്ലു് കൂലി

ശ്രീ. പി. ഭാസ്കരൻ നായർ.]

കൊടുത്തുകൊണ്ടിരുന്നു. അവിടെ ഈ കൂലി കൊടുക്കാൻ നിവൃത്തിയില്ലെന്നു നിലം ഉടമസ്ഥൻ ശാഠ്യം പിടിച്ചതിനെ തുടർന്നാണു തൊഴിൽ തർക്കം ഉണ്ടായതു്.

കോട്ടയം കസ്ബാ സ്റ്റേഷനിൽ സബ് ഇൻസ്പെക്ടരായിരുന്ന ഒരു ചെറുപ്പക്കാരനെപ്പററി പല പരാതികളും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. അയാളുടെ കൺമുൻപിൽ ചെല്ലുന്നവർ വാദിയായാലും പ്രതിയായാലും ശരി, അവരോടു കേൾക്കാൻ പാടില്ലാത്ത തെറി തന്നെ പറയും. ഒരു സർക്കസ്സു് വിദഗ്ദ്ധനെപ്പോലെ കാൽ മടക്കി ചിലരുടെ കരണത്തു് അടിക്കുക എന്ന ഹീനകൃത്യവും അയാൾ ചെയ്തുപോന്നു. ഇതിനെപ്പററി ഗവണ്മെൻറിൽ നേരിട്ടു നിവേദനങ്ങൾ നടത്തി. അതിനു ഒരു പരിഹാരമെന്നോണം അദ്ദേഹത്തെ അവിടെനിന്നും ഒന്നു സ്ഥലം മാററിയെന്നു മാത്രം. അല്ലാതെ ഇങ്ങനെയുള്ള മർദ്ദനങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി യാതൊന്നും ഗവണ്മെൻറു ചെയ്തു കാണുന്നില്ല. ഈ ഉദ്യോഗസ്ഥനു തന്നെ ഒരു താക്കീതുപോലും നൽകിയിട്ടില്ല. പല സ്ഥലങ്ങളും മാറി മാറി ഇപ്പോൾ ഈ ഉദ്യോഗസ്ഥൻ പറവൂർ ചെന്നെത്തിയിട്ടുണ്ടു്. ഈ ഒരാഴ്ചയ്ക്കുള്ളിൽതന്നെ ഈ സബ്ഇൻസ്പെക്ടരെപ്പററി പല പരാതികളും ഇവിടെ വന്നുകൊണ്ടിരിക്കുന്നുണ്ടു്.

എസ്റ്റേററുകളിലാണെങ്കിൽ, നിസ്സഹായരായ തൊഴിലാളികളെ പോലീസു മർദ്ദിച്ചുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞമാസം ൧൮-ാംതീയതി ചെറുവള്ളിത്തോട്ടത്തിലുണ്ടായതായി, ഈ സഭയിൽ അടിയന്തിരപ്രമേയാവതരണത്തിനു നിദാനമായ ആ സംഭവത്തെ തുടർന്നു അവിടെ ഒരു പോലീസു സൈന്യം പാളയമടിച്ചു കിടക്കുകയാണു ചെയ്യുന്നതു്. അന്നത്തെ സംഭവത്തിനുശേഷം, അവിടെ യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ല. കുപ്പക്കയം എസ്റ്റേററിലും, ൩൫-ാംമൈലിലുള്ള എസ്റ്റേററിലും നിരന്തരമായി പോലീസുകാർ ക്യാമ്പടിച്ചുകിടക്കുകയാണു്. അവർ അവിടെ നടത്തുന്ന അക്രമങ്ങൾക്കു കണക്കില്ല. അർദ്ധരാത്രിയിൽ ഓരോ വീട്ടിലും ചെന്നു് വാതിൽ തുറക്കാൻ വിളിക്കുകയും, തുറന്നില്ലെങ്കിൽ അസഭ്യങ്ങൾ പറയുകയും, അഥവാ തുറക്കുന്നപക്ഷം അവിടെയുള്ളവരെ ഉപദ്രവിക്കുകയും, നീചമായ പല പെരുമാററങ്ങൾക്കു് അവരെ വിധേയരാക്കുകയും ചെയ്യുന്നുണ്ടു്. ഈ കഴിഞ്ഞ ൧൮-ാംതീയതി ചെറുവള്ളി എസ്റ്റേററിൽ ഒരു കങ്കാണി ഒരു തൊഴിലാളിയെ കുത്തി കൊലപ്പെടുത്തി. ൧൮-ാംതീയതിക്കുശേഷം അവിടെ യാതൊരനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ല. അതുമുതൽ റിസർവ്വ് പോലീസ് അവിടെ ക്യാമ്പുചെയ്തുവരുന്നു. അതിൻെറ പ്രത്യേക ആവശ്യമൊന്നും അവിടെയില്ല. ഈ പോലീസുക്യാമ്പു എന്തിനു് അവിടെ ഉണ്ടായി എന്നു ആർക്കും നിശ്ചയമില്ല. തോട്ടം മാനേജുമെൻറിൻെറ ആവശ്യപ്രകാരമാണോ അവിടെ പോലീസു ക്യാമ്പുചെയ്യുന്നതെന്നു ഞാൻ അന്വേഷിച്ചു. അവരുടെ ആവശ്യപ്രകാരമല്ലെന്നു മനസ്സിലായി. അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾ സംഘടിച്ചു് പ്രവർത്തിക്കുമ്പോൾ നിയമസമാധാനം പാലിക്കേണ്ട പോലീസ് മുതലാളിമാരുടെ ഭാഗത്തു ചേർന്നു നിന്നുകൊണ്ടു തൊഴിലാളികളുടെ പ്രവർത്തനങ്ങൾക്കു വിഘാതമായി പ്രവർത്തിക്കുന്നതും, അവരെ മർദ്ദിക്കുന്നതും ഈ മാതിരി തോന്ന്യാസങ്ങൾ കാണിക്കുന്നതും ജനാധിപത്യമര്യാദയനുസരിച്ചു് തുടർന്നുകൊണ്ടു പോകുവാൻ പാടില്ല, അതു തെററാണു്.

കോട്ടയം ലാക്കപ്പിൽ തക്കല ലാക്കപ്പിലുണ്ടായതുപോലെ ക്ഷൗരകർമ്മങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിലേയ്ക്കു സ്റ്റേഷനറി നൽകുമ്പോൾ ഇനി നല്ല ക്ഷൗരക്കത്തികളുംകൂടി കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിർബന്ധപൂർവ്വമായ ശിരോമുണ്ഡനം പല സ്ഥലങ്ങളിലും നടത്തുന്നുണ്ട്. സാധാരണ സെൻട്രൽജയിലിൽചെന്നാലുടൻ തലമുടി വടിച്ചു കളയുന്ന ഒരു ഏർപ്പാടുണ്ട്. അവിടെ പോലും മുസ്ലീങ്ങൾക്ക് അവരുടെ മീശ വടിക്കാതിരിക്കാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ലാക്കപ്പിൽ പ്രത്യേകിച്ചും കോട്ടയം കസ്ബാസ്റ്റേഷനിൽ അവിടത്തെ സബ്ഇൻസ്പെക്ടർ മുസ്ലീങ്ങൾക്കു അനുവദിച്ചിട്ടുള്ള ആ മീശവെക്കാനുള്ള അവകാശംപോലും സമ്മതിച്ചിട്ടില്ല. അടുത്ത ഒരു ദിവസം ഒരു മുസ്ലീം തടവുകാരനെ, ഒരു കള്ളക്കേസ്സിൽ പ്രതിയാക്കിയ ഒരു രാഷ്ട്രീയ തടവുകാരനെ സ്റ്റേഷനിൽവച്ചു അയാളുടെ തലവടിക്കുകയും മീശ വടിപ്പിക്കുകയും ചെയ്യുകയുണ്ടായി.

കോട്ടയത്തു് രണ്ടാഴ്ചമുൻപ് ഒരാൾക്ക് സെഷൻസ് കോടതിയിൽനിന്നും ശിക്ഷനൽകി, എന്നാൽ അന്നുതന്നെ അയാൾക്കു ജാമ്യം അനുവദിക്കുകയുണ്ടായി. ശിക്ഷിച്ചു ഉടനെതന്നെ അയാളെ പോലീസ്സ്റ്റേഷനിലേക്കു കൊണ്ടുപോയി. അരമണിക്കൂറിനകം ജാമ്യം അനുവദിപ്പിച്ചു ജാമ്യക്കാരും വക്കീലുമായി സ്റ്റേഷനിൽചെന്ന അവസരത്തിൽ പ്രതി കേശവക്കുറുപ്പെന്നയാൾ തീരെ അവശനായി എഴുന്നേൽക്കാൻപോലും നിവൃത്തിയില്ലാതെ കിടക്കുന്നതായി കാണുകയുണ്ടായി. അയാൾക്കു എഴുന്നേറ്റുനില്ക്കാൻ നിവൃത്തിയില്ലാതാകത്തക്കവിധം പൈശാചികമായി അയാളെ മർദ്ദിച്ചു. കിടക്കുന്നതുകണ്ടു പോലീസുകാർ ബലം പ്രയോഗിച്ച് അയാളുടെ വായിൽ കള്ളു ഒഴിച്ചുകൊടുത്തു. എന്നിട്ട്, എഴുന്നേറ്റുനില്ക്കാൻ നിവൃത്തിയില്ലാതെ അയാൾ മദ്യപിച്ച് ബോധംകെട്ടു കിടക്കുകയാണെന്നു അവർ പറയുകയുണ്ടായി. ഈ വിധത്തിൽ യാതൊരു രക്ഷയുമില്ലാതെ, ജീവനോ, ധനത്തിനോ, അഭിമാനത്തിനോ സംരക്ഷണമില്ലാത്ത ഒരു നിലയാണു ഇന്നുണ്ടായിരിക്കുന്നതു്. ഇങ്ങനെയുള്ള പോലീസുകാരുടെ മർദ്ദനഭരണത്തെ പോലീസ് ഡിപ്പാർട്ടുമെൻറു ശരിയായി നിയന്ത്രിക്കേണ്ടതാണ്.

ഇതുമാത്രമല്ല, ഇത്രവലിയ വ്യയം ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി ഈ കൊച്ചു രാജ്യത്തു നടത്തിക്കൊണ്ടുപോകേണ്ടതായിട്ടുണ്ടോ? ഇതിനു തക്കവണ്ണമുള്ള ആവശ്യം ഇവിടെയുണ്ടോ എന്ന് നാം ആലോചിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ചെലവു ആണ്ടുതോറും വർദ്ധിച്ചു വർദ്ധിച്ചു വരികയാണ്. പോലീസുഡിപ്പാർട്ടുമെൻറിനുവേണ്ടി ഗവണ്മെൻറ് വളരെയേറെ തുകകൾ ഇപ്പോൾ ചിലവാക്കിക്കൊണ്ടിരിക്കയാണ്. കഴിഞ്ഞവർഷം ൮൫ ലക്ഷത്തിൽപ്പരം രൂപ നീക്കിവച്ചിരുന്നതു ഇപ്പോൾ ൯൮ ലക്ഷം ആയിട്ടുണ്ട്.

Mr. Speaker: You are going to the general policy of the Department.

ശ്രീ. പി. ഭാസ്കരൻ നായർ: എനിക്കു അവസാനമായി പറയാനുള്ളതു ഗവണ്മെൻറും മന്ത്രിസഭയും ഇതു കണ്ടില്ല, കേട്ടില്ല എന്നുള്ള ഒരു മട്ടിലാണു ഇവിടെ സംഭവങ്ങൾ നടക്കുന്നതു്. ഈ സമ്പ്രദായം നിർ

[ശ്രീ. പി. ഭാസ്കരൻ നായർ]

ത്തണം. കീഴുദ്യോഗസ്ഥന്മാരെ മുറക്ക ശരിയായി നിയന്ത്രിക്കണം. ഇന്നു ജനങ്ങളെ പോലീസുകാർ അങ്ങേ അററം മർദ്ദിക്കുകയും തൊഴിലാളി പ്രവർത്തനങ്ങളെ വിഫലമാക്കപ്പെടുത്തുകയും, ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്ക പ്രതിബന്ധങ്ങൾ വരുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ നിന്നും കീഴുദ്യോഗസ്ഥന്മാരെ തടയേണ്ടതാണ്.

അതുപോലെതന്നെ സാംസ്കാരികകാര്യങ്ങളിലും, അതായത്, നാടകം നടത്തുന്നതിലും മററുമുള്ള കാര്യങ്ങളിൽ ഈ കീഴുദ്യോഗസ്ഥന്മാർ ഇടപെട്ടു ആളുകളുടെ ഒപ്പുശേഖരണം നടത്തുകയും, നാടകം നടത്തിയാൽ മാനം ഇടിഞ്ഞു വീഴുമെന്നും കടൽവന്നു കേറുമെന്നും പറഞ്ഞ് അതു നിരോധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു. നാടകം സാധാരണ ടിക്കററുവെച്ചും കൊട്ടകയിൽ വെച്ചുമാണല്ലോ നടത്തുന്നത്. അവിടെ ആരെങ്കിലും അക്രമം പ്രവർത്തിക്കുകയാണെങ്കിൽ ആ അക്രമത്തെ തടയുന്നതിനല്ലേ അവർക്ക ശമ്പളം കൊടുക്കുന്നത്? അതിനു പകരം അവിടെ നിയമസമാധാനലംഘനമുണ്ടാകുമെന്നു പറഞ്ഞു പോലീസു ഉദ്യോഗസ്ഥന്മാർ അതു നിരോധിക്കണമെന്നു പറഞ്ഞു നടക്കുന്നു. ഈമാതിരി പ്രവർത്തനങ്ങളിൽനിന്നും ഈ ചിററുദ്യോഗസ്ഥന്മാരെ ശരിയായി നിയന്ത്രിക്കണം. ഇതുപോലുള്ള പോലീസുമർദ്ദനങ്ങളെപ്പററിയാണ് എനിക്കു പ്രത്യേകമായി പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഞാനീ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഇവിടത്തെ പോലീസ്സ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലയെപ്പററിയും,

Mr Speaker: I would request the members to remember one fact. The mover of a motion can speak for 10 minutes and those who speak in support 5 minutes. Please see that time is not exceeded.

ശ്രീ. എം. വി. ചെറിയാൻ: സർ, ഈ രാജ്യത്തു സമാധാനം പാലിക്കുന്നതിനും ജീവനും വസ്തുവകകൾക്കും സുരക്ഷിതത്വം ഉണ്ടാകുന്നതിനും പോലീസ് സൈന്യം അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുകയാണു ചെയ്യുന്നത്. ഇവിടെ പോലീസ്ഡിപ്പാർട്ടുമെൻറിൽ ശമ്പളങ്ങളും ഉദ്യോഗസ്ഥന്മാരും വർദ്ധിപ്പിക്കുന്നതിലും അവർക്കു വേണ്ടി വാഹനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും അവർക്ക് താമസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും മേലുദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നതിൽ അവരെ അനുമോദിക്കണം. ഇവിടെ പറയുകയുണ്ടായി—പല സ്ഥലങ്ങളിലും സമാധാനലംഘനമുണ്ടാകുന്നതിൽ പോലീസ് ഇടപെടുന്നു എന്നും ഇവിടത്തെ പോലീസിനെക്കൊണ്ടു രാജ്യരക്ഷ സാദ്ധ്യമല്ല എന്നും—സർ, ഞാൻ ചോദിക്കുകയാണ് ഈ രാജ്യത്തു അസമാധാനങ്ങളുണ്ടോ എന്ന്. സമാധാനലംഘനമുണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് ഇടപെട്ട് സമാധാനം പാലിക്കാതെ നിവൃത്തിയില്ല. സർ; ഈ രാജ്യത്തു പോലീസിനെ ജനങ്ങൾക്കു വലിയ പേടിയാണെന്നും അവരെക്കൊണ്ടു ജനങ്ങൾക്കു ജീവിക്കുന്നതിനു സാദ്ധ്യമല്ലെന്നും പറഞ്ഞു കേട്ടു. എന്നാൽ ഇവിടെ പോലീസിനെ ഭയപ്പെടുന്നവർ കള്ളന്മാരും കൊള്ളക്കാരുമാണെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, പത്തുമല സംഭവത്തെപ്പററി പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതന്മാർ പരാമർശിക്കയുണ്ടായി. അവിടെ സമാധാനലംഘനമുണ്ടായി എന്നുള്ളതു വളരെ ശരിയാണു്. പത്തുമലയിൽ പോലീസുകാർ കൊടികുത്തി ഭരണം നടത്തി എന്നുള്ളതിനെ സംബന്ധിച്ചു് ഈ സഭയിൽതന്നെ പലപ്രാവശ്യം വാദപ്രതിവാദമുണ്ടായി. അങ്ങിനെ ഒരു പരിതഃസ്ഥിതിയുണ്ടായതിൻെറ ഫലമായി അവക്കു വേറെ രീതിയിൽ സേവനം നടത്താൻതന്നെ വിഷമമായിരുന്നു. അന്നു പത്തുമലയിൽ സമാധാനം പാലിക്കുന്നതിനു പോലീസിൻെറ ഇടപെടൽ വളരെ ആവശ്യമായിരുന്നു. എന്നാൽ അതു ചിലകൂട്ടക്കു അവരുടെ ഉദ്ദേശസാദ്ധ്യത്തിനു വിഘാതമായിത്തീന്നതുകൊണ്ടു അവർ അതിനെ വിമർശിക്കയുണ്ടായി. ഇന്നു ഈ രാജ്യത്തു സമാധാനം പാലിക്കേണ്ടതു പോലീസിൻെറ ചുമതലയാണു്. ആ രാവണന്മാരെ അതായതു പത്തുമലയിൽ സമാധാനലംഘനമുണ്ടാക്കിയ ആ പത്തുമല രാവണന്മാരെ ഓടിക്കേണ്ടതു ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കടമയാണു്. അതേസമയത്തുതന്നെ അവർ ജനങ്ങളുടെ സമാധാനത്തെ സംരക്ഷിക്കേണ്ടവരുമാണു്. ഈ വിഷയത്തെപ്പററി പിന്നെയും പിന്നെയും ചവ്വിതചവ്വണം ചെയ്യുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണുചെയ്യുന്നതു്.

സർ, എൻെറ നിയോജകമണ്ഡലത്തിലുള്ള കൂത്താട്ടുകുളത്തും ഇതുപോലെയുള്ള സംഭവങ്ങൾ പല പ്രാവശ്യവും ഉണ്ടായിട്ടുണ്ടു്. അവിടെ പാവപ്പെട്ട ഒരു പോലീസ് കാൺസ്റ്റബിളിനെ വധിക്കയുണ്ടായി. അതു ആരു്, ആക്കുവേണ്ടി എന്താവശ്യത്തിനുചെയ്തു? ഈ രാജ്യത്തു സമാധാനലംഘനം ഉണ്ടാകാതിരിക്കാൻ കഴിവുള്ളവണ്ണം പ്രവത്തിച്ചുകൊണ്ടിരിക്കുന്ന പോലീസിനെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടർ ഇതിനെ അനുകൂലിക്കുകയാണു ചെയ്തതു്. അതുപോലെ ഇക്കൂട്ടർക്കു ഒരു പക്ഷെ പ്രത്യേകമായ പല രാഷ്ട്രീയോദ്ദേശങ്ങളുമുണ്ടായിരിക്കാം. അവക്കു അവരുടെ പ്രത്യേകലക്ഷ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി അതായതു മാക്ക്സിൻെറ തത്വങ്ങൾ സാധിതപ്രായമാക്കുന്നതിനുവേണ്ടി കരുതിക്കൂട്ടി ചില പ്രവത്തികൾ ചെയ്യുന്നതാണു്. എന്നാൽ അതിനു് പാവപ്പെട്ട പോലീസുകാരനെ കുത്തിയതെന്തിനാണു്? ഈ മാതിരി കൂത്താട്ടുകുളത്തുമാത്രമല്ല. മററു സ്ഥലങ്ങളിലും കൊലയും കൊള്ളയും നടത്തിയിട്ടുള്ള അക്രമികൾക്കു പാലും പഞ്ചസാരയും പോലീസുകാർ കൊടുക്കണമെന്നാണോ പറയുന്നതു്? ഈ മാതിരി അക്രമങ്ങളെ നേരിടേണ്ടതു ഈ പോലീസിൻെറ ചുമതലയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈമാതിരി അക്രമങ്ങൾ അഴിച്ചുവിട്ടുകഴിഞ്ഞതിനുശേഷം സമാധാനമായി ജീവിക്കുന്ന ആളുകളുടെ ഭവനങ്ങളിൽ അക്രമികൾ ഒളിവിൽ ഇരിക്കുന്നുണ്ടെന്നു ഇക്കൂട്ടർ വ്യാജമായി പോലീസുകാക്കു അറിവുകൊടുക്കുകയും തൻമൂലം സമാധാനകാംക്ഷികളായ ജനങ്ങൾക്കു ഉപദ്രവങ്ങൾക്കിടയാവുകയും ചെയ്യുന്നു. ഇങ്ങനെ ഈ കൂട്ടർ തന്നെയാണു് നാട്ടിൽ സമാധാനലംഘനത്തിനു ബീജാവാപം ചെയ്യുന്നതു് എന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

അതുപോലെതന്നെ അവിടെയുള്ള മറെറാരു സ്ഥലമായ ഇടയാററിൽ ഈ കൂട്ടർ സമാധാനത്തിനുവേണ്ടിയാണോ ഒരു വീട്ടിൽ വാക്ക

[ശ്രീ. എം. വി. ചെറിയാൻ]

ത്തിയും വെട്ടുകത്തിയുമായി ചെന്നു ആ ഗൃഹനാഥന്റെ പുരയ്ക്കു തീവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും അവരുടെ ആടുമാടുകളെപ്പോലും അരിഞ്ഞു വീഴ്ത്തുകയും ചെയ്തതു്? ആ പ്രതികളെ അറസ്റ്റുചെയ്യരുതെന്നാണോ പറയുന്നതു്? ഈമാതിരി അക്രമങ്ങൾ ഈ രാജ്യത്തിനുണ്ടാകാതിരിക്കുന്നതിനും സമാധാനം കൈവരുത്തുന്നതിനും തീർച്ചയായും ഇവിടത്തെ പോലീസ് സൈന്യത്തെ ഊർജ്ജിതപ്പെടുത്തുകതന്നെവേണമെന്നു എനിക്കു ഖണ്ഡിതമായ അഭിപ്രായമുണ്ടു്.

ஸ்ரீ. என். ஏ. நூர்முகமது: ஸர், நாகர்கோவில் நகரத்தில் கூடுதலாக ஒரு போலீஸ் ஸ்டேஷன் ஸ்தாபிப்பதின் அவசியத்தைப் பற்றிக் கூற விரும்புகிறேன். நாகர்கோவிலில் 85,000-க்கு மேல் ஜனத்தொகை உண்டு. இந்த ஜனத்தொகை டௌண் விஸ்தரிப்பினால் ஏற்பட்டதாகும். நகரம் விஸ்தரிக்கப்பட்டாலும் நகரப் போலீஸின் ஆள்பலம் கூட்டப்படவில்லை. நாகர்கோவிலில் இருக்கும் கோட்டாறு போலீஸ் ஸ்டேஷனில் 1952-ல் 219 காக்னைசபிள் கேஸ்களும் 661-பெற்றி கேஸ்களும் பதிவு செய்யப்பட்டிருக்கின்றன. 1952-ல் 7500-க்கு மேற்பட்ட ப்ராஸஸ்கள் அந்த ஸ்டேஷனில் கிடைத்திருக்கின்றன. இதற்கு மேல் நூற்றுக்கணக்கான அர்ஜிகள் வந்துகொண்டிருக்கின்றன. இத்தகைய ஜோலிகள் உள்ள ஒரு நகரில் ஒரு ஸ்டேஷன்கொண்டு போதாது என்று நான் கூறவேண்டியதில்லை.

நாகர்கோவில் நகரில் எவ்வளவோ களவுகள் நடந்துகொண்டிருக்கின்றன. நான் தாமசிக்கும் ராமவர்மபுரத்தில் என் வீட்டின் சமீபத்திலும் ஒரு பெரிய களவு நடந்தது. இத்தகைய களவுகள் இதுவரையிலும் கண்டுபிடிக்கப்படவில்லை. நாகர்கோவிலில் ஒரு அனுபவம் முதிர்ந்த ஏ. எஸ். பி. யும், ஸர்கிள் இன்ஸ்பெக்டரும் உண்டு. ஆனால் அவர்களால் தகுந்த போலீஸ் படை இல்லாதவரையில், ஒன்றும் செய்துகொள்ள முடியாது. ஆகவே தான் நாகர்கோவிலில் கூடுதலாக ஒரு போலீஸ் ஸ்டேஷன் வேண்டுமென்று வலியுறுத்துகிறேன்.

கொல்லம், ஆலப்புழை, எர்ணாகுளம் முதலிய நகரங்களில் இரண்டு போலீஸ் ஸ்டேஷன்கள் வீதம் உண்டு. இரண்டு லக்ஷம் ஜனத்தொகை உள்ள திருவனந்தபுரம் நகரத்தில் நான்கு போலீஸ் ஸ்டேஷன்கள் உண்டு. இந்த நகரங்களில் எல்லாம் இரண்டு வீதம் ஸ்டேஷன்கள் இருப்பதால் எங்கள்நகருக்கும் இரண்டு ஸ்டேஷன்கள் வேண்டுமென்று கூறவில்லை. ஆனால் அங்கு மக்களுடைய சொத்துக்கும், உடமைக்கும் தகுந்த பாதுகாப்பு கொடுக்கவேண்டுமென்ற நோக்கத்தோடு நாகர்கோவிலில் கூடுதலாக ஒரு போலீஸ் ஸ்டேஷன் வேண்டுமென்று வலியுறுத்துகிறேன். இப்பொழுது கோட்டாற்றில் ஒரு ஸ்டேஷன் உண்டு. நாகர்கோவில் பாகத்தில் ஒரு போலீஸ் ஸ்டேஷன் நிறுவவேண்டும். இந்தக் காரியத்தில் போலீஸ் மந்திரியும், ஐ. ஜி. யும் தகுந்த நடபடி எடுக்க வேண்டுகிறேன்.

Mr. Speaker: Again I have to bring to the notice of the hon. Members occupying my right side that the purpose for which discussion on cut-motions is allowed is primarily for giving an opportunity to the members to criticise the policy of the Government so far as the particular grant and the Department are concerned. The parliamentary convention is that opposition Members must be given preference to move cut-motions. The hon. Members please bear this in mind.

ശ്രീ. പരീതുറാവുത്തർ: സർ, പോലീസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് അൽപ്പസ്വൽപ്പം അതൃപ്തികൾ നാട്ടിൽ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവെ പറയുന്നപക്ഷം, അതായത്, മാനംമര്യാദയായിട്ട് ജീവിതം നയിക്കുന്നവർക്ക് സമാധാനത്തോടുകൂടി കഴിയുന്നതിനുള്ള ഒരു പശ്ചാത്തലം നമ്മുടെ പോലീസ് സൃഷ്ടിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ തരമില്ല. അക്രമികളായും ചട്ടമ്പികളായും കള്ളുംകുടിച്ച് ആരോടും പോരാടുന്നതിനു യാതൊരു കൂസലുമില്ലാതെ ഇറങ്ങിപ്പുറപ്പെടുന്ന ആളുകളെ നിശ്ചയമായിട്ടും അടിച്ചമർത്തിയിട്ടുണ്ടെങ്കിൽ അതിൽ പോലീസിനെ കുററപ്പെടുത്താനില്ല. സത്യസന്ധതയോടും ന്യായദീക്ഷയോടും കൂടി സേവനമനുഷ്ഠിക്കുന്ന ഒരു പോലീസുദ്യോഗസ്ഥൻെറ പേരിൽ ഇവിടത്തെ പ്രതിപക്ഷങ്ങളിൽ ചിലർ ഇല്ലാത്ത ആരോപണങ്ങളെല്ലാം എഴുതിപ്പിടിപ്പിച്ച് പെററീഷൻ കൊടുക്കുകയുണ്ടായി. അതുമാത്രമല്ല, അദ്ദേഹത്തെ കഠിനമായി ശിക്ഷിക്കണമെന്നും സ്ഥലം മാററണമെന്നും മററും ശുപാർശകളും ചെയ്തിട്ടുള്ളതായും എനിക്കറിവു കിട്ടിയിരിക്കുന്നു.

Mr. Speaker: I may also invite the attention of hon. Members to this fact. Of course, certain incidents have been mentioned by hon. Members. Now you are going to give some other incidents. If hon. Members indulge in making such speeches, supporting and opposing indivdual officers, they are likely to prejudice one or other in the department.

ശ്രീ. പരീതുറാവുത്തർ: സർ, എൻെറ അറിവിൽപെട്ട ചില പരമാർത്ഥങ്ങളെയാണു ഞാൻ പറയണമെന്നു വിചാരിക്കുന്നതു്.

Mr. Speaker : The truth is one thing. But it should not be prejudicial to some party or other. You may say it in a general way.

ശ്രീ. പരീതുറാവുത്തർ: സർ, ഈ അടുത്തകാലത്തു ആറന്മുള പോലീസ് ഇൻസ്പെക്ടർ ആ നാട്ടിലുള്ള ചില അക്രമികളുടെ അനീതിപരമായ പെരുമാററത്തെ തടയാൻ ശ്രമിച്ചു. അങ്ങനെ ശ്രമിച്ചതിൻെറ ഫലമായി അതിൽനിന്നും പല പ്രത്യാഘാതങ്ങളും ഉണ്ടാകാൻ ഇടയായി. കൈക്കൂലിയോ അഴിമതിയോ വഞ്ചനയോ ഒന്നുമില്ലാത്ത ഈ ഉദ്യോഗസ്ഥൻ ഈ അക്രമികളുടെ പേരിൽ നിയമപരമായ നടപടികൾ കൊണ്ടാണു് അവരെ അമർത്തിയതു്. ഇതുപോലെ പല അക്രമികളെയും അമർച്ച ചെയ്തിട്ടുണ്ടു്. ഇത്തരം അക്രമികളെ ഇളക്കിവിട്ടു

[ശ്രീ. പരീതുറാവുത്തർ]

അക്രമം പ്രവർത്തിക്കുന്നതിൽ ഒരുകൂട്ടം ആളുകൾക്ക് വളരെ താൽപ്പര്യമുള്ളതുകൊണ്ടാണ് ഈവിധ സംഭവങ്ങൾ കൂടുതലും ഉണ്ടാകുന്നത്. ഈ ഇൻസ്പെക്ടറുടെ പേരിൽ കള്ള ഹർജികളും മററും അയയ്ക്കുകയും അദ്ദേഹത്തെ .... അവിടെ നിന്നും സ്ഥലംമാററാനായിട്ടു വേണ്ടവിധം ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതേസമയം അദ്ദേഹത്തിനു പ്രമോഷനൊന്നും കൊടുത്തില്ലെങ്കിലും അവിടെ നിന്നും സ്ഥലംമാററാൻ പാടില്ലെന്നു വിചാരിക്കുന്ന മറെറാരു ജനതതിയും ആറന്മുളയുണ്ട്. അസംബ്ലി ഇവിടെ സമ്മേളിക്കുന്നതുകൊണ്ട് ചട്ടമ്പിമാരെ പ്രേരിപ്പിക്കാൻ നാട്ടിൽ ആളുകളില്ല. അതുകൊണ്ട് ശല്യങ്ങൾക്ക് കുറെ കുറവുണ്ട്. ഈ അസംബ്ലി സമ്മേളനം കഴിയുമ്പോൾ ചട്ടമ്പിശല്യം പിന്നെയും അവിടങ്ങളിൽ തലപൊക്കിത്തുടങ്ങും. സർ, എനിക്കു മറെറാരു സംഗതികൂടി ഈ സഭയെ അറിയിക്കുവാനുണ്ട്.

മി. സ്പീക്കർ: അധികം സമയമില്ല. ബഹുമാനപ്പെട്ട മെമ്പർക്കു പറയാനുള്ളതു പെട്ടെന്നു പറഞ്ഞുതീർക്കേണ്ടതാണ്.

ശ്രീ. പരീതുറാവുത്തർ: സർ, പട്ടണങ്ങളിൽ അഗ്നിബാധ ഉണ്ടാകുന്ന അവസരം അതിനെ ശമിപ്പിക്കുന്നതിനുവേണ്ടി ഒരു വിഭാഗം പോലീസുകാർ കൺറോൺമെൻറ് പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ജോലിചെയ്യുന്നുണ്ട്. രാത്രിയും പകലും ഇവർ സ്ഥലം വിടാതെതന്നെ കാത്തുകെട്ടികിടന്നു ജോലിചെയ്യുകയാണ്. ഇൻസ്പെക്ടറാണ് ഇവരെക്കൊണ്ട് ഭംഗിയായി ജോലി നിർവഹിപ്പിക്കുന്നത്. പല സമയങ്ങളിലും ഉണ്ടായിട്ടുള്ള അഗ്നിബാധയെ ഈ കൂട്ടർ ശമിപ്പിക്കുകയും വലിയ നഷ്ടങ്ങളിൽ നിന്നും ഉടമസ്ഥന്മാരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇത്ര കൃത്യമായിട്ടു ജോലി ചെയ്യിപ്പിക്കുന്നതു ഇൻസ്പെക്ടറുടെ സാമർത്ഥ്യംകൊണ്ടാണ്. ഇൻസ്പെക്ടർക്ക് അദ്ദേഹത്തിന്റെ അധികാരാതിർത്തിയിൽ ഉള്ള ജോലികൾക്കു പുറമെ കോർട്ടു ഡ്യൂട്ടിയും, അതിനുപുറമെയാണ് ഈ വലിയ ചുമതലയും ഉള്ളത്. എന്നാൽ രണ്ടരക്കൊല്ലങ്ങൾക്കുമുമ്പ് വരെ അദ്ദേഹത്തിനു ജോലിക്കൂടുതലിന്റെ ഫലമായിട്ടു അലവൻസ് എന്ന നിലയിൽ പതിനഞ്ചു രൂപ കൊടുത്തുകൊണ്ടിരുന്നു. അതു നിറുത്തലാക്കീട്ടു ഇപ്പോൾ രണ്ടരവർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ജോലിക്കു യാതൊരു കുറവും ഇന്നും സംഭവിച്ചിട്ടില്ല. ജോലിക്കൂടുതലിനെ ആസ്പദമാക്കി ഈമാതിരി ഉദ്യോഗസ്ഥന്മാർക്ക് പ്രോത്സാഹനം നൽകേണ്ടതു ഗവണ്മെൻറിന്റെ കടമയാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. നീതിപരിപാലനത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്ന ഇത്തരം ഉദ്യോഗസ്ഥന്മാർക്ക് അവർ അർഹിക്കുന്ന ഒരു അലവൻസുകൂടി കൊടുക്കുന്നതു കാര്യക്ഷമതയ്ക്കു ഉത്തേജനം കൊടുക്കുകയാണെന്നുള്ളതിനു സംശയമില്ല.

മറെറാരു സംഗതി എനിക്കു പറയാനുള്ളതു ഇവിടത്തെ റിസർവ് പോലീസിനെ സംബന്ധിച്ചാണ്. ഇവർക്ക് താമസത്തിനുള്ള സ്ഥലസൗകര്യം റിസർവ് ക്യാമ്പിനടുത്തുതന്നെ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. മിക്കവരും ക്യാമ്പിനു വളരെ ദൂരെ താമസിക്കുന്നതുകൊണ്ട് വളരെ അസൗകര്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. രാജ്യത്തു നീതി പരിപാലനത്തിനുവേണ്ടി വളരെ ശ്രദ്ധയോടും താൽപ്പര്യത്തോടും പ്രവർത്തിക്കുന്ന

ഈ കൂട്ടക്ക് അവരർഹിക്കുന്ന പ്രോൽസാഹനങ്ങൾ ലഭിക്കാത്തതിൽ സർ, എനിക്ക് അതിയായ ഖേദമുണ്ട്. നാട്ടിൽ അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനീതികളേയും അക്രമങ്ങളേയും അടിച്ചമർത്തി ജനങ്ങൾക്ക് സ്വൈരമായും ശാന്തിയോടുകൂടിയും ജീവിക്കുന്നതിനു സാധിക്കത്തക്കവണ്ണമുള്ള ഒരു പരിതസ്ഥിതി ഉണ്ടാകണമെങ്കിൽ, അങ്ങനെ ഉണ്ടാകണമെന്നു ഗവണ്മെന്റ യഥാർത്ഥത്തിൽ വിചാരിക്കുന്നുവെങ്കിൽ, നമ്മുടെ പോലീസിനെ പ്രോത്സാഹിപ്പിച്ചു സുശക്തമാക്കണം. ഞാൻ മുമ്പു പറഞ്ഞ സംഗതികളെല്ലാം ഗവണ്മെന്റ സദയം വീക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker: Order, order, please. Now the House will realise that so far only a cut motion under 'Superintendence' could be discussed. If the House is agreeable I will go to Cut Motion No. 15 standing in the name of Shri R. Gangadharan, which is a Motion for reduction of total allotment. There you can discuss the whole policy and direction of the Department. May I resort to this suggestion?

The House agreed.

Mr. Speaker: Mr. Gangadharan will move Cut Motion No. 15.

Shri. R. Gangadharan : Sir, I move:

To reduce the allotment of Rs 5,33,600 for Superintendence by Re 1.

സർ, ഗവണ്മെന്റ നടപടികളെ സംബന്ധിച്ചു പ്രതിപക്ഷത്തുനിന്നും നിരൂപണങ്ങൾ ഉണ്ടാകുമ്പോൾ ആ നിരൂപണങ്ങൾ നിരൂപണങ്ങൾക്കുവേണ്ടി മാത്രമാണെന്നു കാൺഗ്രസ് ബെഞ്ചുകളിൽനിന്നു ഒരു സമാധാനം സാധാരണ ഉണ്ടാകാറുണ്ട്. എന്നാൽ വസ്തുതകളുടേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ ഉണ്ടാകുന്ന നിരൂപണങ്ങൾക്ക് ഈ സമാധാനം ഒരിക്കലും പര്യാപ്തമായിരിക്കുന്നതല്ല. ഞങ്ങളുടെ നിരൂപണങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നും നേരെമറിച്ച് അവ എത്രത്തോളം ന്യായമുള്ളതായിരുന്നാലും, വിപരീത ഫലങ്ങളാണുണ്ടാകാറുള്ളതെന്നും, ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. വളരെ അനീതിയും അക്രമവും കാണിച്ച ഒരു പോലീസു ഇൻസ്പെക്ടറുടെ പേരിൽ ഞങ്ങൾ നാലഞ്ചു ഐക്യമുന്നണി എം. എൽ. എമാർ ചേർന്നു പരാതി പറയുകയുണ്ടായി. അതിന്റെ ഫലമായി അയാളുടെ പേരിൽ യാതൊരു നടപടികളും എടുത്തിട്ടില്ലെന്നു മാത്രമല്ല, അയാൾക്കു പ്രോത്സാഹനങ്ങൾ നൽകുകയുമാണു ചെയ്തതു്. ഈയിടെ ഒരു ഇൻസ്പെക്ടർ പറയുകയാണ് "എനിക്ക് ഈ സ്റ്റേഷനിൽനിന്നു പോകാൻ വളരെ ആഗ്രഹമുണ്ട്.

[ശ്രീ. ആർ. ഗംഗാധരൻ]

എന്നാൽ ഐക്യമുന്നണി എം. എൽ. എമാർ എന്റെ പേരിൽ നടത്തിയ പരാതി നിമിത്തം, ഗവണ്മെന്റ് എന്നെ ഇവിടെനിന്നും സ്ഥലം മാററാതെ വച്ചിരിക്കുകയാണെന്ന്." ഞങ്ങളുടെ നേരെയുള്ള ഗവണ്മെന്റിന്റെ മനോഭാവം ഇതാണ്. എന്നാലും ഞങ്ങൾക്ക് ഗവണ്മെന്റിനെ വിമർശിക്കേണ്ടതാവശ്യമുണ്ട്. ഫലമുണ്ടാകുമെന്നുള്ള പ്രതീക്ഷയില്ല. അഴിമതികളും കൊള്ളരുതായ്മകളും തുറന്നുകാണണമെന്നുള്ളതുകൊണ്ട് ബഹുജനങ്ങൾ എപ്പോഴും ഞങ്ങളുടെ ഭാഗത്തായിരിക്കുകയും ചെയ്യും.

എനിക്കു പോലീസിന്റെ പേരിൽ രണ്ടു ആരോപണങ്ങളാണുള്ളത്. ഒന്ന് പോലീസിന്റെ കാര്യക്ഷമതയില്ലായ്മ. മറേറത് പോലീസുനടപടികളിൽ കാണുന്ന അനീതിയും അക്രമവും. പോലീസിന്റെ ചുമതല ജനങ്ങളുടെ ജീവനും സമാധാനവും സംരക്ഷിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഈ വിഷയത്തിൽ നമ്മുടെ പോലീസ് തികച്ചും പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയാതെ തരമില്ല. ഇവിടെ ജീവനും ധനവും സുരക്ഷിതമല്ലാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. മോഷണങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടാണ് വരുന്നത്. ജനസംഖ്യയുടെ വർദ്ധനവ് ഇതിനൊരു കാരണമായി പറയാമെങ്കിലും, രാജ്യത്തിന്റെ ആരോഗ്യകരമായ നിലയ്ക്കിത് ഒരിക്കലും അനുയോജ്യമല്ല. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പ്, ഈ സംസ്ഥാനത്തിന്റെ തലസ്ഥാനവും, സുശക്തമായ എല്ലാ പോലീസു പ്രവർത്തനങ്ങളുമുള്ള ഈ തിരുവനന്തപുരം പട്ടണത്തിലുള്ള മ്യൂസിയത്തിൽനിന്നും, വിലപിടിപ്പുള്ള കുറച്ചധികം സാധനങ്ങൾ മോഷണം പോകുകയുണ്ടായി. ഇതുവരെ അത് തെളിവിൽ വന്നിട്ടില്ല. അതുപോലെ പല മോഷണങ്ങളും തെളിവിൽ വരാതെ കിടപ്പുണ്ട്. പോലീസ് ചാർജ്ജ് ചെയ്യുന്ന കേസുകളിൽ ചിലതെല്ലാംതന്നെ യാഥാർത്ഥ്യങ്ങളിൽനിന്നും വിഭിന്നമായ നിലകളിലാണ്. ഒരു മോഷണം തെളിയാതെവന്നാൽ ആ സ്ഥലത്തു് തൊഴിലില്ലാതെ നടക്കുന്ന ആരെയെങ്കിലും അറസ്ററു ചെയ്ത് അവന്റെ പേരിൽ കേസെടുക്കുകയാണു ചെയ്യുന്നത്. തൊഴിലില്ലാതെ വന്നതു് തൊഴിൽ കിട്ടാത്തതുകൊണ്ടായിരിക്കാം. ഇങ്ങനെ അറസ്ററു ചെയ്യപ്പെടുന്ന ആളുകൾ കേസു വാദിക്കാൻ തക്ക ധനശേഷിയുള്ളവരായിരിക്കുകയില്ല. ഇവർ എതിർവാദം നടത്താതെ കുററം ഏററു ശിക്ഷിക്കപ്പെടുകയാണു ചെയ്തുവരുന്നത്. ഇനി വേറൊരു സംഗതികൂടിയുണ്ട്. ആ സ്റ്റേഷൻ അതിർത്തിയിൽ തെളിവില്ലാതെ കിടക്കുന്ന എല്ലാ മോഷണങ്ങളും ആ ആളുകൾക്കായി ഭാഗിച്ച് അവരുടെ പേരിൽ കേസുകൾ ചാർജ്ജ് ചെയ്യുകയാണ്. കുററക്കാരെ കണ്ടുപിടിക്കാനുള്ള പോലീസിന്റെ കഴിവുകേടിനു നിരപരാധികളായ സാധുജനങ്ങൾ അനുഭവിക്കേണ്ടതായിട്ടാണു വന്നുകൂടിയിരിക്കുന്നത്. പോലീസ് ചാർജ്ജു ചെയ്യുന്ന കേസുകളിൽ ഭൂരിഭാഗവും ശിക്ഷയിൽ വരാതെ പോകുകയാണ്. ചാർജ്ജിനുള്ള ന്യൂനതകളാണു ഇതിനുള്ള കാരണം. പോലീസിന്റെ അറിവോടും, അജ്ഞതയുടെ ഫലമായും ഇങ്ങനെ സംഭവിക്കുന്നുണ്ട്. ഇതെല്ലാം പോലീസിന്റെ കാര്യക്ഷമതയില്ലായ്മയെയാണു വെളിവാക്കുന്നത്.

പല കൊലപാതകങ്ങളും പോലീസ് റഫർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിൽ ഏതാനും മാസങ്ങൾക്കുള്ളിൽ നടന്ന പല കൊലപാതകങ്ങളും ഇന്നു തെളിവില്ലാതെ കിടക്കുകയാണ്. ഒന്നുരണ്ടു വർഷങ്ങൾക്കുമുമ്പ് വക്കത്തു ഒരു കൊലപാതകം നടന്നു. പോലീസ അതു് റഫർ ചെയ്യുകയാണു ചെയ്തതു്. നഗരൂർ എന്ന സ്ഥലത്തു് ഒരാളെ അടിച്ചുകൊന്നു കിണററിൽ കെട്ടിത്താഴ്ത്തി. അതും തെളിവില്ലാതെ പോയി. പരവൂർ ഒരു യുവതിയെ വെട്ടിക്കൊന്നു് ആററിൽ ഇട്ടിരുന്നു. അതും തെളിഞ്ഞിട്ടില്ല. അഞ്ചുതെങ്ങിൽ ഒരു ക്രിസ്ത്യൻ യുവതി കടപ്പുറത്തു് പാടുകൾ ഏററ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഈ സ്ത്രീ മരിക്കുന്നതിനു ഏതാനും ദിവസങ്ങൾക്കുമുമ്പുതന്നെ ചിലർക്കുടി ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും, അവർതന്നെ ജീവാപായപ്പെടുത്താൻ ഇടയുണ്ടെന്നും വക്കം പോലീസിൽ ഒരു ഹർജി കൊടുത്തിരുന്നു. അതിന്മേൽ യാതൊരു അന്വേഷണവും നടന്നിട്ടില്ല. ഇങ്ങനെയിരിക്കെ ആണ് ആ സ്ത്രീ പരുക്കേററ മരിക്കാൻ ഇടവന്നതു്. ആ സ്ത്രീയുടെ ഹർജിയിൽ പറഞ്ഞിരുന്ന ആളുകൾ ഇന്നും യഥേഷ്ടം വിഹരിക്കുകയാണ്. കൊലപാതകം തെളിവില്ലാത്ത ഒരവസ്ഥയിലേയ്ക്കു് നീങ്ങിക്കൊണ്ടുമിരിക്കുന്നു. ഇതാണ്, സർ, ഇവിടത്തെ പോലീസിന്റെ കാര്യക്ഷമത. ശബരിമലക്ഷേത്രം വെന്തു നശിച്ചിട്ട് മൂന്നു വർഷങ്ങൾക്കുമേലായി. ഇതുവരെ കുററക്കാരെ കണ്ടുപിടിക്കാൻ നമ്മുടെ പോലീസിനു കഴിഞ്ഞിട്ടില്ല. ഇപ്പോഴും അന്വേഷണം നടത്തുന്നുപോലും. ശബരിമലക്ഷേത്രം ഈ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും ആരാധനകേന്ദ്രമാണ്. അങ്ങനെയുള്ള ഒരു ക്ഷേത്രം ചുട്ടുനശിപ്പിക്കുകയും, ബിംബം അടിച്ചുടയ്ക്കുകയും ചെയ്തവരെ കണ്ടുപിടിക്കാൻ ഈ കഴിഞ്ഞ മൂന്നു വർഷത്തിനകം ഇവിടത്തെ പോലീസിനു് സാധിച്ചിട്ടില്ലെന്നുള്ളതിൽകവിഞ്ഞു് ഇവിടത്തെ പോലീസിന്റെ കാര്യക്ഷമതയില്ലായ്മയ്ക്കു മററുദാഹരണങ്ങൾ ആവശ്യമില്ല.

അടുത്തതായി പോലീസിന്റെ അനീതിയേയും അക്രമത്തേയും സംബന്ധിച്ചാണ് എനിക്കു് സംസാരിക്കേണ്ടതു്. അനീതിയും അക്രമവും ഉണ്ടാകുന്നതു് പ്രധാനമായി നാലു കാര്യങ്ങളെ ആശ്രയിച്ചാണ്; കൈക്കൂലി, ശുപാർശ, സ്വജനപക്ഷപാതം, സ്വാഭാവികമായ ദുർവ്വാസന.

കൈക്കൂലിയെ സംബന്ധിച്ചാണെങ്കിൽ ഇവിടെയുള്ള മിക്ക ബഹുമാനപ്പെട്ട മെമ്പറന്മാർക്കും നേരിട്ടോ, അല്ലാതേയോ, അതു് അനുഭവപ്പെട്ടിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ചെറുന്നിയൂർ ഉള്ള ഒരു പട്ടികജാതിക്കാരനിൽനിന്നും ഇരുനൂറു രൂപാ കൈക്കൂലി ആവശ്യപ്പെട്ടതിൽ കൊടുക്കാത്ത കാരണത്താൽ വക്കം പോലീസ് ഇൻസ്പെക്ടർ അയാളെ പിടിച്ചുകൊണ്ടുപോയി ലാക്കപ്പിൽവച്ചു് മർദ്ദിക്കുകയുണ്ടായി. ഇങ്ങനെ എത്രയോ കൈക്കൂലിക്കാര്യങ്ങൾ ഈ രാജ്യത്തു നടക്കുന്നുണ്ടു്. ഒരു പാവപ്പെട്ടവൻ ഒരു ഹർജിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നാൽ എതിർകക്ഷി സ്വാധീനമുള്ളവനാണെങ്കിൽ ഹർജിക്കാരനെ മർദ്ദനവും അയാൾ പ്രതിയാകുന്ന സാഹചര്യവുമാണ് ഇന്നുള്ളതു്. സ്വന്തം ജാതക്കാരോടു് മമത കാണിക്കുന്ന പതിവും ഇവിടെ വിരളമല്ല. പോലീസിന്റെ സ്വാഭാവികമായ ദുർവ്വാസനകളുടേയും ഫലം അനുഭവിക്കേണ്ടതു

[ശ്രീ ആർ. ഗംഗാധരൻ]

ഇന്നു് പൊതുജനങ്ങളുമായിത്തീർന്നിരിക്കുന്നു. പോലീസ് ഇൻസ്പെക്ടറെ കണ്ടാൽ എഴുന്നേററില്ലെങ്കിൽ പ്രഹരമാണു്. സ്ത്രീകളുടെ നേരെയുള്ള അപമര്യാദകൾക്കു് ഒട്ടും കുറവില്ല. ഇങ്ങനെ നോക്കിയാൽ നമ്മുടെ പോലീസ് സകലവിധത്തിലും അധഃപതിച്ചിരിക്കുന്നുവെന്നു് കാണാൻ യാതൊരു പ്രയാസവുമില്ല.

പോലീസിനെ കുററം പറഞ്ഞിട്ടു് കാര്യമില്ല. കാൺഗ്രസ്സു് സക്കാറിന്റെ അറിവോടും അനുമതിയോടുംകൂടിയാണു്. അതിനു് കാരണമുണ്ടു്. ഇടതുപക്ഷ രാഷ്ട്രീയകക്ഷികളെ അന്യായമായ വിധത്തിൽ അടിച്ചമർത്തേണ്ടതു് കാൺഗ്രസ്സു് സക്കാരിന്റെ ഒരാവശ്യമാണു്. അതിനു് പോലീസിനെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഉപയോഗിക്കണമെങ്കിൽ അവരുടെ മററുപ്രകാരത്തിലുള്ള അനീതികളേയും, അക്രമങ്ങളേയും, അനുകൂലിക്കാതിരിക്കാൻ സാധിക്കുകയില്ല. എന്നാൽ ഒരു ഗവണ്മെൻറ് കാൺഗ്രസ്സു് ബെഞ്ചുകളിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരും ആലോചിക്കേണ്ടതുണ്ടു്. ഈ സംസ്ഥാനം വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഏററവും ഉയർന്നുനില്ക്കുന്ന ഒരു സംസ്ഥാനമാണു്. ഇടതുപക്ഷ രാഷ്ട്രീയകക്ഷികളെ അമർച്ചവരുത്തണമെന്നുള്ള ഉദ്ദേശം സാധിതപ്രായമാക്കുന്നതിനുവേണ്ടി പോലീസിനെ അഴിച്ചുവിടുന്നതു് രാജ്യത്തിന്റെ അന്തസ്സിനും ആരോഗ്യകരമായ അവസ്ഥയ്ക്കും അനുയോജ്യമല്ല: അക്രമങ്ങളെ അക്രമങ്ങൾകൊണ്ടു് ചെറുക്കേണ്ടതു് ആവശ്യംതന്നെയാണു്. ചില ഘട്ടങ്ങളിൽ പോലീസിനു് ലാത്തിയും, തോക്കും എടുക്കേണ്ടതായി വരും എന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ സാധുക്കൾ, നിരപരാധികൾ, രാഷ്ട്രീയ എതിർകക്ഷികൾ പോലീസിന്റെ തോന്ന്യാസങ്ങൾക്കു് വിധേയരായിത്തീരണമെന്നുള്ള പരിതഃസ്ഥിതി ആശാസ്യകരമല്ല. അതു് ആരേയും ഒരിടത്തും എത്തിക്കുന്നതുമല്ല. ഒരു കാര്യം കാൺഗ്രസ്സ് സക്കാർ ഓർക്കേണ്ടതുണ്ടു്. ഈ രാജ്യത്തു് ഇതു് വിലപ്പോകാൻ പോകുന്നില്ല. ഇവിടത്തെ ബഹുജനങ്ങൾ ഇതിലും ഭയങ്കരമായ മർദ്ദനസംവിധാനങ്ങളെ ചെറുത്തു തോല്പിച്ചിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: സർ, സഖാവു ഗംഗാധരൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം പോലീസു വകുപ്പിനെ സംബന്ധിച്ചുള്ള ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. രാജ്യത്തു നിയമവും സമാധാനവും പരിപാലിക്കാനും, നാട്ടുകാരുടെ ധനത്തേയും ജീവനെയും മാനത്തേയും സംരക്ഷിക്കാനും വേണ്ടിയാണു പോലീസിനെ വെച്ചിരിക്കുന്നതെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതായ ചില അനുഭവങ്ങൾ വച്ചുകൊണ്ടു പറയുകയാണെങ്കിൽ, പോലീസിന്റെ സിംഹഭാഗം പെരുമാററങ്ങളും പ്രഖ്യാപിത സിദ്ധാന്തങ്ങളെ സമൂലം സംഹരിക്കുന്നമട്ടിലുള്ളവയായിരുന്നു. കുത്തിയതോട്ടിൽ ഒരു പോലീസു ഇൻസ്പെക്ടറുണ്ടു്. അവിടെ ഒരു കർഷകതൊഴിലാളി പണിമുടക്കുണ്ടായി. അതിന്റെ വിവരങ്ങളെപ്പററി അന്വേഷിക്കുവാനായി ഇൻസ്പെക്ടർ അവിടെപോകുകയും വിവരം അന്വേഷിക്കുകയും ചെയ്തു

എന്നാൽ പണിമുടക്കുനടത്തിയ കഷ്ടകതൊഴിലാളികളുടെ സങ്കടത്തിനു യാതൊരു പരിഹാരവുമുണ്ടാക്കാതെ കേസു ചാർജ്ജു ചെയ്യുകയാണുണ്ടായതു്. അതു കഴിഞ്ഞു് ആ സ്ഥലത്തുള്ള അധികംപേരും ആ പോലീസു ഇൻസ്പെക്ടരുടെ നടപടിയിൽ പരാതിക്കാരായിരുന്നു, അഥവാ ആരെങ്കിലും കേസുമായി ചെന്നാൽ, അദ്ദേഹം അവരോടു പറയുന്നതു്, എനിക്കിനി പെൻഷനാകുവാൻ ഒന്നുരണ്ടുകൊല്ലമേയുള്ളു, അതുകൊണ്ടു എനിക്കു ചെയ്യാവുന്നത്ര ദ്രോഹം ഞാൻ ചെയ്യുമെന്നാണു്. കായംകുളം പോലീസ് ഇൻസ്പെക്ടർ വ്യക്തമായ തെളിവില്ലാതെ രാഷ്ട്രീയ പ്രതിയോഗികൾ എന്നുപറഞ്ഞു് നിരവധി കേസ്സുകൾ ൧൦൭ ാം വകുപ്പിനു ചാർജ്ജുചെയ്തിരിക്കുന്നു. തൊഴിലാളി പ്രവർത്തികളെ മർദ്ദിക്കുകയും ചെയ്യുന്നതായി പരാതികേൾക്കുന്നുണ്ടു്. ഈ കാരണത്താൽ ന്യായമായ ആവശ്യങ്ങൾ സാധിച്ചുകിട്ടാൻപോലും കായംകുളത്തു് സമാധാനം പാലിക്കേണ്ട ആ ഉദ്യോഗസ്ഥനെ സമീപിക്കാൻ ആളുകൾക്കു ഭയമാണു്. ഏതെങ്കിലും തൊഴിൽതർക്കംസംബന്ധിച്ചു കേസുണ്ടായാൽ, തൊഴിലാളികൾക്കനുകൂലമായ ഒരു തീർപ്പുണ്ടാക്കാൻ കഴിയാത്തവിധം അതിനു വിഘാതമായിട്ടുള്ള ഒരു നടപടിയായിട്ടാണു് അങ്ങനെയുള്ളവരെ അറസ്ററുചെയ്യുന്നതിൽ ഈ രാജ്യത്തെ പോലീസു കൈക്കൊണ്ടിരിക്കുന്നതു്.

സർ, നാലാംക്ലാസിലെ കുട്ടികൾക്കുവേണ്ടി എഴുതിയിട്ടുള്ള പുസ്തകത്തിൽ രാജ്യഭരണപരമായ നിയമസംഹിതകളുടെ ചില പ്രാഥമിക പാഠങ്ങൾ ചേർത്തിരിക്കുന്നതു കാണാം. മജിസ്ട്രേട്ടിന്റെ ആർഡറോടുകൂടി കുററക്കാരെ അറസ്ററുചെയ്യുകയാണു് പോലീസിന്റെ ജോലി എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെ നടക്കുന്നതു നേരെ മറിച്ചാണു്. എന്നാൽ നിയമസമാധാനപാലകന്മാർ ഇവിടെ എത്രമാത്രം നിയമം അനുസരിക്കുന്നുണ്ടെന്നു പരിശോധിച്ചാൽ വളരെ വിചിത്രമാണു്. ഒരാളെ അറസ്ററുചെയ്താൽ നിശ്ചിതസമയത്തിനുള്ളിൽ—ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ—മജിസ്ട്രേട്ടിന്റെ മുൻപിൽ ഹാജരാക്കി കേസു ചാർജ്ജുചെയ്യണമെന്ന നിയമത്തിനു വിപരീതമായിട്ടാണു ഇന്നു പോലീസുകാർ പ്രവർത്തിക്കുന്നതു്. ശരിയായ റിക്കാർഡുകൾ സൂക്ഷിക്കാതെ അവർ പുള്ളികളെ അകാരണമായി തടവിൽ വയ്ക്കുകയും, മർദ്ദിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ അനുഭവങ്ങൾ സാധാരണയായി തീർന്നിരിക്കുകയാണു്. യാതൊരു കുററവും ചെയ്തിട്ടില്ലെങ്കിലും പോലീസിന്റെ നോട്ടത്തിൽ, 'കുററക്കാരനെന്നു കണ്ടാലറിയാം' എന്ന ന്യായേന നിരപരാധികളായ പലരും ശിക്ഷയ്ക്കും ക്രൂരമായ മർദ്ദനത്തിനും വിധേയരാകുന്നുണ്ടു്. യഥാർത്ഥത്തിൽ കുററംചെയ്തിട്ടുള്ളവരെ കണ്ടുപിടിക്കാനുള്ള കഴിവില്ലാതെയോ, ഉദ്ദേശമില്ലാതെയോ സാധുക്കളായ തൊഴിലാളികളെ അറസ്ററുചെയ്തു പോലീസുസ്റേറഷനിൽകൊണ്ടുപോയി മർദ്ദിക്കുന്നതും, ശിക്ഷിക്കുന്നതും പോലീസിന്റെ കാര്യക്ഷമതയ്ക്കും സൽപേരിനും ചേർന്നതാണോ എന്നു ഞാൻ ചോദിക്കുന്നു.

അന്തിക്കാട്ടു ഈയിടെ ഒരു കേസു ൧൦൭-ാം വകുപ്പുപ്രകാരം ചാർജ്ജു ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ മററുപലടത്തും ൧൦൭-ാം വകുപ്പുകൾ ഊർജ്ജിതമായി പ്രയോഗിച്ചുവരുന്നുണ്ടു്. കിരാതഭരണം

[ശ്രീ. ആർ. സുഗതൻ]

നടന്നിയ സർ സി. പി. യുടെ കാലത്തുപോലും ഇല്ലാതിരുന്ന മർദ്ദന നയങ്ങളും നടപടിക്രമങ്ങളുമാണു ഇന്നത്തെ കാൺഗ്രസ്സ ഗവണ്മെൻറ നടത്തിക്കൊണ്ടിരിക്കുന്നതു്. അന്നു് സർ സി. പി യുടെ ഭരണത്തെ അപലപിക്കുകയും, അതിനെ ചെറുക്കുവാൻ ഞങ്ങൾക്കു പ്രേരണ നൽകുകയും ചെയ്ത ശ്രീ. ടി. എം. വർഗ്ഗീസാണു ഇന്നു പോലീസുമന്ത്രിയായിരുന്നുകൊണ്ടു കാൺഗ്രസിനെ എതിർക്കുന്നവരെന്ന കാരണത്താൽ നിരപരാധികളായ തൊഴിലാളികളോടു ഇങ്ങനെ നിയമരഹിതവും നിർദ്ദയവുമായ മർദ്ദനനടപടികൾ നടത്തുന്ന പോലീസിനെ നിയന്ത്രിക്കുന്നതു്. സർ, കാൺഗ്രസ്സുകാരനായാലും, പി. എസ്സ്. പി. യായാലും, കമ്മ്യൂണിസ്ററുകാരനായാലും നിയമം എല്ലാവരെയും ഒന്നുപോലെ ബാധിക്കണമെന്നേ ഞങ്ങൾക്കഭിപ്രായമുള്ളു. നേരേമറിച്ചു് ഇന്നു പോലീസിൻെറ ദൃഷ്ടിയിൽ അക്രമത്തിനും അനീതിക്കും, ചെയ്തിട്ടില്ലാത്ത കുററങ്ങൾക്കും വിധേയരാകാൻ കമ്മ്യൂണിസ്ററോ, ഐക്യമുന്നണിയോ ആയിരിക്കണമെന്നേയുള്ളു. സർ, ഇവിടുത്തെ പോലീസിൻെറ മർദ്ദനനടപടികളോടു പതിനാറുകൊല്ലം പഴകിയവനാണു ഞാൻ. ഈ നാട്ടിലെ പ്രധാന പൌരനായ ശ്രീ. കെ. പി. നീലകണ്ഠപിള്ളയുടെ കൈ കോൺഗ്രസ്സ് കാലത്തു് പോലീസ് തല്ലിഒടിച്ചു; അന്നു ഞാൻ അദ്ദേഹത്തിൻെറ കൂടെ ആശുപത്രിയിൽ പോയിരുന്നു. ഇവിടുത്തെ പോലീസു നല്ലവരാണു്. മേലധികാരികളുടെ ആജ്ഞാകാരികൾമാത്രമാണവർ. നമ്പ്യാരാശാൻ പറയുംപോലെ 'കൊല്ലും ഭൂപൻ തിന്നും സചിവൻ' എന്ന മട്ടിലാണു ഇവിടുത്തെ പോലീസുകാർ. മേലാവുപറയുന്നതെല്ലാം അവർ ചെയ്യുന്നുവെന്നേയുള്ളു.

സർ സി. പി. യുടെ കാലത്തു പോലീസുകാർ പലരെയും വെടിവച്ചിട്ടുണ്ടു്, ലാത്തിച്ചാർജ്ജു നടത്തിയിട്ടുണ്ടു്, അറസ്ററുചെയ്തു ലാക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ചിട്ടുണ്ടു്. പക്ഷെ ഇന്നാകട്ടെ ജനകീയഭരണത്തിൻെറ നേട്ടങ്ങളെപ്പററി അഭിമാനിക്കുന്ന മന്ത്രിമാരുടെ ഭരണമായപ്പോൾ പോലീസു തൊഴിലാളികളെ വഴിനീളെ മർദ്ദിച്ചുകൊണ്ടു ലാക്കപ്പുകളിലേക്കു പോകുന്ന കാഴ്ച ആരെയും ചിന്തിപ്പിക്കുന്നതാണു്. സർ ഇതാണോ നാട്ടുകാരുടെ ഇടയിൽ നീതിയും സമാധാനവും പരിപാലിക്കുന്നതിനു ഒരു പരിഷ്കൃതഗവണ്മെൻറ സ്വീകരിക്കേണ്ട സംസ്കാരമെന്നു ഞാൻ ചോദിക്കുന്നു. നാട്ടുകാർക്കു മാനമായി ജീവിക്കാനുള്ള നിലയിൽ നിയമം നടത്തുവാനുള്ള സംസ്കാരവും പെരുമാററവും പോലീസിനു ഇനിയും വന്നിട്ടില്ലെങ്കിൽ ഐക്യമുന്നണിക്കാർക്കുമാത്രമല്ല, നാട്ടുകാർക്കെല്ലാംതന്നെ ഇങ്ങനെയുള്ള പോലീസിനെ വച്ചുകൊണ്ടു ഇവിടെ ഭരണം നടത്തണമെന്ന അഭിപ്രായമില്ലതന്നെ. ആകപ്പാടെ നോക്കിയാൽ എങ്ങും അഴിമതിയും കൈക്കൂലിയും തന്നെ. "ഇന്നു് പോലീസ് വാങ്ങുന്ന ഹർജികളിൽ ഐക്യമുന്നണിക്കാരനും കമ്മ്യൂണിസ്ററും" എന്നു കാരണം കാണിച്ചിരിക്കും; "കോൺഗ്രസ്സ് കാലത്തെ ഹർജിയിൽ "വിദ്ധ്വംസകനും സ്റ്റേററുകോൺഗ്രസ്സുകാരനും ആകുന്നു എന്നു പറയും. ഇത്തരത്തിലുള്ള ഒരു ഭരണം നിലനിറുത്തിക്കൊണ്ടുപോകണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. അതുകൊണ്ടു ഈ രാജ്യത്തെ പോലീസിൻെറ പ്രവർത്തനം ന്യായമായി നടക്കത്തക്ക ഒരു പരിതസ്ഥിതി സൃഷ്ടിക്കുവാനും, അതുവഴി നാട്ടുകാരുടെ ഇടയിൽ സമാധാനം പുലർത്തുവാനുമാണു നോക്കേണ്ടതു്. അല്ലാതെ

പാവപ്പെട്ടവരുടെ നേരെ തോക്കെടുത്തു കാണിച്ചു അവരെ ഭയപ്പെടുത്തിയും, അന്യായമായി മർദ്ദിച്ചും എങ്ങനെയെങ്കിലും ശമ്പളം വാങ്ങണമെന്നുമാത്രം വിചാരിക്കുന്ന പോലീസുഭരണം നമ്മുടെ രാജ്യത്തു ആവശ്യമില്ല.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

2 P. M.

Mr. Speaker: Mr. Nataraja Pillai, do you wish to speak on motion No. 25.

Shri P. S. Nataraja Pillai: Yes, Sir. When I speak on the motion under "Superintendence," one thing I have to say is, this is the controlling authority of the Police Department as far as that department is concerned. I find the demand for District Police has increased by somewhere nearly 60 per cent in the course of the last 4 years but the superintendence has not proportionately increased in efficiency. That is not a matter for congratulation. But I will confine myself to the superintendence that is being done by the controlling agency. The one great defect which we find in the controlling agency is in regard to the investigation of crime and the result produced. As revealed by the Administration Report of the Department, it is unsatisfactory, nay blameworthy. We have not yet got the report on the Police Administration for 1950-51, though the other Departments have supplied their reports. The latest available report for the Police Department is of the year 1949-50. If I am correct, the Police Department has not published their Administration Report for 1950-51. If we look into the latest available report, we see for offences against the State a certain number of persons have been arrested. For the purpose of keeping tranquillity and peace, the number of persons tried was 803, but the number convicted was 114. Such is the kind of investigation, and the effectiveness with which they do the investigation is seen in the result. Sir, after having registered cases against 803 persons, when the Police charged them before the Magistracy, the result was only 114 persons were convicted and the rest acquitted. Such is the efficiency of the Department as far as investigation of crime and the work of controlling are concerned. I am making these remarks because of the recent happenings in different parts of the country. The kind of police protection that is afforded to the people of the country is very defective. There were open murders in a number of municipalities which have not been so far investigated or the offenders brought to book. There have occurred prominent thefts not only from private institutions but also from

[Shri. P. S. Nataraja Pillai]

Government offices as well which have not been traced nor the offenders were brought to book. There were other kinds of major crimes like sacrilege and destruction of religious institutions, which have not been detected by the Police. But investigation officers are being provided every year and funds allowed on that score. Though the department is in receipt of confidential reports on these matters, still such great crimes are still in an undetected stage. That is the kind of efficiency with which this Department is functioning and this Department nearly claims a crore of rupees for expenditure inclusive of controlling activity, for which 5.33 lakhs is set apart. I ask, are not the people of this country entitled to get better results from the money Government are spending on the Police Department? The one undesirable activity which this Department has recently manifested is—I am compelled to say to that extent—a kind of obsession to the working of political parties. I base my statement on the facts as revealed by statistics furnished by the Department itself. The persons arrested for rioting, for unlawful assembly, that is, class 1 offences against the State, public tranquillity, safety and justice, were 1,806. Even after one year's investigation the Police were able to send for trial only 667 persons. Even out of that, the conviction was only 80 in number. We know more or less the sections under which such charges are framed, 1,806 persons were arrested and the Police sent up for trial just one third of that number, namely, 667 and the wonder of it is, only 80 persons were convicted. This shows that the Police have developed an undesirable propensity to interfere in the political activities of the country which I think Sir, in the long run, may tend to create a state of fascism in the administration of the country. Such a development in the police administration is certainly dangerous to the general public at large. That, I think, is one of the fundamental mistakes of the controlling agency of the department. That is the primary charge which I would like to place against this branch of the service. I would request the House also to ponder on this aspect of the matter and not deal with individual investigations and high-handedness, here and there, but on the attitude of mind of the department towards the public activities and their undesirable propensity to meddle in the political activities of the country. I think it is high time this House registered its voice against such activity of the Police Department. In this context I would like to know whether we are to discuss separately this aspect of the matter as it arises in each branch of the Department or as a whole.

Mr. Speaker: If there is a specific cut on a sub head, I will give preference to that. There are groups under a, b, c, d, e, and

so on. This specific cut refers to the want of superintendence in the Police Department. Remarks may be confined to that matter now.

Shri P. S. Nataraja Pillai: There is a separate budget for the District Superintendent of Police. This is only about superintendence in general and so I will confine my remarks only to that.

I refer to the policy and the attitude of the controlling agency and shall deal with other matters when the next appropriate time comes. I would therefore reiterate what I said on this matter. I for one do see a change of attitude in the police department in the matter of interfering with political activities. That is what is revealed by the statistics available at present. There should be a change of attitude. They are to protect life and property of every citizen. They are not here to canalize public opinion nor to correct public opinion. It is none of their duty. The duty of the Police is to give protection for life and property to all alike. In that discharge of duty the Police must be unfettered and given the fullest liberty and support. But when once they enter prohibited fields to canalize or correct public opinion and to interfere with public activities which are legitimate, as long as those activities do not go against security of State, they must be called to halt. They are doing a grave misconduct. I find this tendency on the part of the Police in recent years. I speak that from personal knowledge and through reports as well. I warn them, for such kind of control against public activities is dangerous, and I request the House to take note of this fact and to think what it would mean if such behaviour is not controlled properly at the very outset.

<u>ശ്രീ. സി. കെ. കുമാരപ്പണിക്കർ:</u> സർ, ഈ രാജ്യത്ത് ക്രമസമാധാനം പാലിക്കുന്നതിന വേണ്ടിയാണ് പോലിസ് ഡിപ്പാർട്ടുമെൻറ് ഉള്ളത്. ആലപ്പുഴയിൽ പണ്ടും ഉത്സവങ്ങൾ നടക്കാറുള്ളതും ഈ രാജ്യത്തിൻെറ നാനാഭാഗത്തുനിന്നും പലരും ആ ഉത്സവങ്ങളിൽ സംബന്ധിക്കാറുള്ളതുമാണ്. ഇവിടെയിരിക്കുന്ന പല മെമ്പർമാരും മന്ത്രിമാരും ആ അവസരങ്ങളിൽ അവിടെ വരാറുണ്ട്. എന്നാൽ ഇന്ന അവിടെ ഉത്സവങ്ങളിൽ ആളുകൾ സംബന്ധിക്കുന്നതിന ഇവിടത്തെ പോലീസുകാർ സമ്മതിക്കുന്നില്ല എന്ന പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ ഇപ്പോൾ ഉത്സവം നടന്നുവരുന്ന കാലമാണ്. ഉത്സവകാലങ്ങളിലെല്ലാം കാൺഗ്രസ്സുകാർ അവിടങ്ങളിൽ വന്ന് പ്രസംഗിക്കാറുണ്ട്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുശേഷം ഈ ഉത്സവം നടക്കുന്നസ്ഥലങ്ങളിലെല്ലാം കാൺഗ്രസ്സുകാർ പരാജയപ്പെടുകയാൽ അങ്ങിനേയുള്ള ഉത്സവസ്ഥലങ്ങളിലെല്ലാം പോലീസു ഗുണ്ടാകളെ അഴിച്ചുവിട്ട് ബഹളം ഉണ്ടാക്കുന്നതിന കോൺഗ്രസ്സുകാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്, കഴിഞ്ഞ ഒരവസരത്തിൽ

[ശ്രീ. സി. കെ. കുമാരപ്പണിക്കർ]

ആലപ്പുഴ ഒരു ക്ഷേത്രത്തിൽ ഉത്സവം നടന്നുകൊണ്ടിരുന്നപ്പോൾ ഉണ്ടായ സംഭവത്തെപ്പററി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഉത്സവംകാണാൻ കൂടിയിരുന്ന രണ്ടുമൂവ്വായിരം ആളുകളെ അവിടെ നിന്നു അടിച്ചോടിക്കുവാൻ ചില ഗുണ്ടാകൾക്കു് സാധിച്ചുവെന്നും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ പ്രമാണികൾ ആരാണു്? കഴിഞ്ഞ ഒരു കൊല്ലത്തിനകം ൨൦-ൽ അധികം ഹർജികൾ അവരുടെ പേരിൽ ഫയൽ ചെയ്തിട്ടുണ്ടു്. ഇങ്ങനെ അക്രമികളായ ഒരുകൂട്ടം ആളുകളാണു് ക്രമസമാധാനത്തിന്റെ പേരിൽ ആളുകളെ അടിച്ചോടിക്കുവാൻ നിയുക്തരായിട്ടുള്ളതു്. തണ്ണീർമുക്കത്തു് ഒരു സ്ത്രീ മാത്രം താമസിച്ചിരുന്ന പുര ഈ ഗുണ്ടാകൾ തീവച്ചുകളിച്ചു. നാട്ടുകാർ ഈ സംഭവം അറിഞ്ഞു് അവിടെ കൂടുകയും ഡിപ്പാർട്ടുമെന്റിൽ പരാതിപ്പെടുകയും ചെയ്തതനുസരിച്ചു് പോലീസ് ഇൻസ്പെക്ടർ സ്ഥലത്തുവന്നു് അന്വേഷിച്ചു് തെളിവു ശേഖരിക്കുകയും ചെയ്തു. ഈ സംഭവംകണ്ട പല ആളുകളും അതിനെ സംബന്ധിച്ചു് പോലീസ് ഇൻസ്പെക്ടരുടെ അടുത്തു മൊഴികൊടുക്കുകയുണ്ടായി. എന്നാൽ ഇന്നു് ആലപ്പുഴ ഇൻസ്പെക്ടർ സ്ഥലത്തു വന്ന അവസരത്തിൽ മൊഴികൊടുത്തിട്ടുള്ള ആളുകളെ പോലീസ് ഗുണ്ടാകൾ വന്നു് മർദ്ദിക്കുകയാണു് ചെയ്യുന്നതു്. പോലീസിൽ മൊഴികൊടുത്തിട്ടുള്ള ആളുകൾക്കു് സമാധാനമായി അവിടെ ജീവിക്കുവാൻ നിവൃത്തിയില്ലാ ഒരു സ്ഥിതിയാണു് ഇന്നവിടെ വന്നുചേർന്നിരിക്കുന്നതു്. ഇന്നു് രാഷ്ട്രീയപ്രതിയോഗികളെ അടിച്ചൊതുക്കുന്നതിനാണു് പോലീസുകാർ അവരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നതു്. പോലീസുകാരുടെ പ്രവർത്തനംമൂലം ഇന്നു് ട്രെയിഡ് യൂണിയൻപ്രവർത്തനം അസാദ്ധ്യമായിരിക്കുന്നു. ട്രെയിഡ് യൂണിയന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ പണിമുടക്കങ്ങൾ നടത്തുമ്പോൾ അതിൽപോലീസ് ഇടപെടുകയും തൊഴിലാളികളെ അന്യായമായി മർദ്ദിക്കുകയും ചെയ്യുന്നു. രണ്ടുമൂന്നു കള്ളുഷാപ്പുകളിലെ തൊഴിലാളികൾ അവർക്കു് കിട്ടുവാനുള്ള കൂലിബാക്കിയ്ക്കുവേണ്ടി ഒരു പ്രക്ഷോഭണം ആരംഭിച്ചു. ഈ ഷാപ്പുകൾ ഈ മാസം ൩൧-ാം തീയതിയോടുകൂടി അവസാനിക്കുന്നതാണു്. ഈ ൩൧-ാം തീയതിക്കുമുമ്പു് അവിടത്തെ തൊഴിലാളികൾക്കു കിട്ടുവാനുള്ള കൂലി ബാക്കികിട്ടിയില്ലെങ്കിൽ അവർ വെറുതെ പോകേണ്ടിവരും. അതുകൊണ്ടു് ഷാപ്പുകൾ നിറുത്തുന്നതിനുമുമ്പു് തൊഴിലാളികൾക്കു കിട്ടുവാനുള്ള കൂലിബാക്കികിട്ടുന്നതിനുവേണ്ടി അവർ ഒരു പ്രക്ഷോഭണം ആരംഭിച്ചു. ആ പ്രക്ഷോഭണം പരാജയപ്പെടുത്തുന്നതിനുവേണ്ടി പോലീസുകാർ ഇടപെടുകയും അവർ പണിപ്പെട്ടു് ഒപ്പുശേഖരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉത്സവസ്ഥലങ്ങളിലും ട്രെയിഡ് യൂണിയൻ പ്രസ്ഥാനങ്ങളിലും പോലീസ് അന്യായമായി ഇടപെട്ടു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

തുറവൂരിൽ ഒരു തിരുമല ദേവസ്വം ഉണ്ടു്. ആ തിരുമലദേവസ്വവും അവിടെയുള്ള കുറെ തൊഴിലാളികളുമായി ചില അഭിപ്രായവ്യത്യാസം ഉണ്ടായി. ബഹുമാനപ്പെട്ട തുറവൂർമെംബർ സഖാവു് ഗൗരിയുടെ നിയോജകമണ്ഡലത്തിൽ പെട്ട ഒരു സ്ഥലമാണു് അതു്. സഖാവു് ഗൗരി അവിടെ ചെന്നു് തൊഴിലാളികളും ദേവസ്വവും തമ്മിലുള്ള തർക്കം ഒത്തു

മദ്ധ്യസ്ഥതയിൽ കൊണ്ടുവന്നു. സഖാവ് ഗൗരിയുടെ മുമ്പിൽവച്ച് കുത്തിയതോട്ട് ഇൻസ്പെക്ടർ തൊഴിലാളിപ്രവർത്തനങ്ങൾക്ക വിധേയരായ തൊഴിലാളികളെ കഠിനമായി മർദ്ദിച്ചു. ഇതാണോ ഇവിടത്തെ പോലീസിന്റെ ക്രമസമാധാനം പാലിക്കുന്നതിനുള്ള മാതൃക എന്നു ഞാൻ ചോദിക്കുന്നു. ദിവാൻ ഭരണകാലത്ത് ധാരാളം തൊഴിൽ തർക്കങ്ങളിൽ പോലീസു ഇടപെടാറുണ്ട്. ഒത്തുതീർപ്പുണ്ടാകുന്നതോടുകൂടി അതു സംബന്ധമായി ഉണ്ടായിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുകയും ചെയ്യും. എന്നാൽ സഖാവ് ഗൗരിയുടെ മുമ്പിൽവച്ച് തൊഴിലാളികളെ ദേഹോപദ്രവം ചെയ്ത അറസ്റ്റ ചെയ്ത ആ കേസും ഇന്നും നിലവിലിരിക്കുകയാണ്. സർ, ഇതു് അവിടെ മാത്രമല്ല, നാടിന്റെ ഏതു ഭാഗത്തുനോക്കിയാലും പോലീസിന്റെ ഈ മാതിരി പ്രവർത്തികൾ കാണാവുന്നതാണ്. ഇന്ന് ട്രെയിഡ്യൂണിയൻ പ്രവർത്തനം എവിടെയെല്ലാം നടക്കുന്നുണ്ടോ അവിടെയെല്ലാം ട്രെയിഡ്യൂണിയൻ പ്രവർത്തനത്തെ പരാജയപ്പെടുത്തുന്നതിന് പോലീസ് കരുതിക്കൂട്ടി ചെയ്യുന്ന പ്രവർത്തിയാണിതു്. ഈ രാജ്യത്തെ അക്രമികളുടെ ഭാഗത്താണ് ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെന്റ ചേർന്നുപ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുവാനാണ് ഞാൻ ഇതു് പറഞ്ഞതു്. പോലീസുകാരുടെ കലയെപ്പററിയും സാഹിത്യത്തെപ്പററിയും അറിവുള്ള മന്ത്രിമാർ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർക്കും അതിനെപ്പറ്റി അറിവുണ്ട്. എന്നാൽ കലയേയും സാഹിത്യത്തെയും പോലീസിനെ ഏല്പിച്ചാണ നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നതു്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം അഭിനയിക്കുവാൻ അനുവദിക്കണമൊ വേണ്ടയൊ എന്നു തീരുമാനിക്കുന്നതിനുള്ള ചുമതല പോലീസിനെ ഏല്പിച്ചിരിക്കുകയാണ്. ഇതുപോലൊരു കലാകൊലപാതകം വേറെയുണ്ടോ എന്നാണ ഞാൻ ചോദിക്കുന്നതു്. ഇതിന്റെ എല്ലാം അർത്ഥം ജനങ്ങളെ പോലീസിന്റെ മുമ്പിൽ വലിച്ചു എറിഞ്ഞിരിക്കുകയാണെന്നാണ്. റോമാസാമ്രാജ്യത്തെ ഒരുകഥ ഞാൻ കേട്ടിട്ടുണ്ട്. വിശന്നുകിടക്കുന്ന ഒരു സിംഹത്തിന്റെ മുമ്പിൽ ഒരു മനുഷ്യനെ ഇട്ടുകൊടുത്തിട്ടു മററുള്ളവർ ആ കാഴ്ചകണ്ടു രസിക്കും. അതുപോലെ പോലീസിന്റെ മുമ്പിൽ മനുഷ്യരെ എറിഞ്ഞിട്ടു ഗവൺമെന്റ രസിക്കുകയാണ് ചെയ്യുന്നതു്. ധീരനായ സർ. സി. പി. യുടെ കാലത്തു പുന്നപ്ര-വയലാർ ചരിത്രം സൃഷ്ടിച്ച ജനത ഇതു് അങ്ങനെ നോക്കിയിരിക്കയില്ല, അതാണ് അവസാനമായി എനിക്കു പറയുവാനുള്ളതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെപ്പററി ഇവിടെ ധാരാളം വിമർശനങ്ങൾ നടന്നുകഴിഞ്ഞു. പ്രതിപക്ഷത്തുനിന്നും ഉണ്ടായിട്ടുള്ള വിമർശനങ്ങളിൽ ചില പ്രത്യേകതതന്നെ എനിക്കു കാണാൻ കഴിഞ്ഞു. രണ്ടു മൂന്നു ബഡ്ജററ യോഗങ്ങളിൽ പോലീസ് ഡിമാന്റിനെപ്പററി ചർച്ചകൾ നടന്നിട്ടുള്ള അവസരങ്ങളിൽ ഉണ്ടാകാറുള്ള വിധത്തിലല്ല ഇന്നു ചർച്ചകൾ നടന്നിട്ടുള്ളതു്. ചില ബഹുമാന്യ മെംബറന്മാർ പോലീസ് ഡിപ്പാർട്ടുമെന്റ് വളരെ കാര്യക്ഷമതയില്ലാതെ പ്രവർത്തിക്കുന്നുവെന്ന് പ്രസ്താവിക്കുകയുണ്ടായി. ഈ നാട്ടിലെ ജനങ്ങളുടെ സ്വാതന്ത്ര്യവും ജീവനും രക്ഷയില്ലാത്ത ഒരവസ്ഥയാണ ഇവിടെ അനുഭവപ്പെട്ടിരിക്കുന്നതെന്നു പ്രതിപക്ഷത്തുള്ള എന്റെ ചില സ്നേഹിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ബഹുമാന്യ

[ശ്രീ. ജോസഫ് വാഴപ്പിള്ളി]

സ്നേഹിതൻ ശ്രീ. ആർ. ഗംഗാധരൻ പറയുകയുണ്ടായി ഈ നാട്ടിലുള്ള കളവു കേസ്സുകൾ തെളിയിക്കുന്നതിനു പോലീസ്സുകാർക്ക് ജാഗ്രതയില്ലാതായിരിക്കുന്നുവെന്ന്. അതുപോലെതന്നെ കൊലക്കേസ്സുകൾ തെളിയിക്കുന്നതിനും റൗഡികളെ അമർച്ചവരുത്തുന്നതിനും പോലീസ്സുകാർ ജാഗ്രത കാണിക്കുന്നില്ലെന്നു അദ്ദേഹം ഉദാഹരണസഹിതം പ്രസ്താവിക്കയുണ്ടായി. വളരെക്കാലമായി അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും ഇപ്രകാരമുള്ള ചാർജ്ജുകൾ പോലീസിന്റെ നേരെ കൊണ്ടുവന്നിട്ടില്ല. അവർ അന്നു പറഞ്ഞിരുന്നതു് നാട്ടിൽ പോലീസ്സുകാർ മർദ്ദനം അഴിച്ചുവിട്ടിരിക്കുന്നുവെന്നാണ്. ഇപ്പോൾ പറയുന്നതു് നാട്ടിലുള്ള ഗുണ്ടാകളെ അടിച്ചമർത്താൻ പോലീസ്സുകാർ മുന്നോട്ടു വരുന്നില്ല, കേസ്സുകൾ തെളിയിക്കുന്നില്ല, അവർ ജാഗ്രത കാണിക്കുന്നില്ല എന്നൊക്കെയാണ്. എന്താണു അവരുടെ അഭിപ്രായത്തിന് ഇപ്പോൾ ഒരു മാററം വന്നതെന്നു എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകാതെയാണിരിക്കുന്നതു്. ഈയിടെയായി ശ്രീ. ഗംഗാധരനും അദ്ദേഹത്തിന്റെ സ്നേഹിതന്മാരും തുടർച്ചയായി ഈ അസംബ്ളിയിൽതന്നെ പറയുന്നു ഈ നാട്ടിൽ ഗുണ്ടായിസം നടക്കുന്നുവെന്നു്. എന്താണു ഇവർ ഉദ്ദേശിക്കുന്ന ഗുണ്ടായിസം? അവരുടെ താല്പര്യങ്ങൾക്കു് എതിരായി ആരെങ്കിലും ഏതെങ്കിലും വിധത്തിൽ സമാധാനപരമായി എന്തെങ്കിലും പ്രവർത്തിച്ചാൽ അതെല്ലാം ഗുണ്ടായിസമായിത്തീരും. ഇപ്രകാരമുള്ള ഗുണ്ടായിസത്തെ അടിച്ചമർത്തുന്നതിന് പോലീസ്സുകാർ മുന്നോട്ടു വരുന്നില്ലെന്നാണു അവർ പറയുന്നതു്. ഏതായാലും ഈയവസരത്തിൽ എന്റെ ചില സ്നേഹിതന്മാർ അവരുടെ മനസ്സിൽ ഗുണ്ടാകളായി കാണുന്നവരെ ഞാൻ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്. എന്നാൽ പോലീസ് കാര്യക്ഷമമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വസ്തുത ഞാനും ഈയവസരത്തിൽ സമ്മതിക്കുന്നുണ്ടു്. ആ കാര്യത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റ് ചാർജ്ജുവഹിക്കുന്ന മന്ത്രി ശുഷ്കാന്തി പ്രദർശിപ്പിച്ചു് ആ നില ഭേദപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റൊരു കാര്യംകൂടി ഈ അവസരത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിലേക്കു് കൊടുക്കേണ്ടതായിട്ടുള്ള സ്റ്റേഷനറി സാധനങ്ങൾ ശരിയായി സമയാസമയത്തു് കൊടുക്കാതിരിക്കുന്നതുകൊണ്ടു് പൊതുജനങ്ങൾ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നുവെന്നുള്ളതാണ്. ഈ അസംബ്ലിയിൽതന്നെ ഒന്നുരണ്ടു ചോദ്യങ്ങൾക്കു് ഉത്തരമായി കിട്ടിയ അറിവു വച്ചുകൊണ്ടു് നോക്കിയാൽ പോലീസുകാർക്കു കൊടുക്കേണ്ടതായ സ്റ്റേഷനറിസാമാനങ്ങൾ മുഴുവനും കൊടുക്കുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അല്പം കടലാസ്സും പെൻസിലും കൊടുക്കുന്ന കാര്യത്തിൽ ലുബ്ധു കാണിക്കുന്നതുകൊണ്ടു് ഗവണ്മെന്റിന് യാതൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ആ വക കാര്യങ്ങളിൽ എല്ലാം ഗവണ്മെന്റു കൈയഴച്ചു ചിലവു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സാധനങ്ങളെല്ലാം കൊടുക്കാതെയിരുന്നാൽ കക്ഷികളെയാണു പോലീസുകാർ വല്ലാതെ വിഷമിപ്പിക്കുന്നതു്. അതുകൊണ്ടു് ഗവണ്മെന്റിന്റെ ശ്രദ്ധ അക്കാര്യത്തിൽ ഞാൻ പ്രത്യേകമായി ക്ഷണിച്ചുകൊള്ളുന്നു.

പ്രാദേശികമായിട്ടുള്ള ഒരു കാര്യത്തെപ്പററിക്കൂടി രണ്ടുവാക്കു ഈ അവസരത്തിൽ പറയണമെന്നു ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂറിന്റെ

വടക്കുഭാഗത്തുള്ള ഒരു പകുതിയാണു പുത്തൻചിറ. പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായ പുത്തൻചിറ പോലീസ് സ്റ്റേഷൻ വളരെ അകലെയുള്ള മുനമ്പത്താണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു അവിടെയുള്ള ആളുകൾക്കു് പോലീസിൽ ഒരു പരാതി കൊടുക്കണമെന്നുണ്ടെങ്കിൽ ഒന്നുരണ്ടുദിവസം നടക്കേണ്ടിവരും. യാത്രയ്ക്കുള്ള സൗകര്യക്കുറവാണു അതിനുള്ള കാരണം. പുത്തൻചിറ പകുതിയെ അടുത്ത സ്ഥലമായ മാളയിലുള്ള പോലീസ്സ്റ്റേഷന്റെ അതിർത്തിയിൽ ഉൾപ്പെടുത്തണമെന്നു ഒന്നുരണ്ടു കൊല്ലങ്ങൾക്കു മുമ്പുതന്നെ ഒരു അപേക്ഷ കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷെ, ഇന്നും മുമ്പിലത്തെ സ്ഥിതി തന്നെയാണുള്ളതു്. ആ കാര്യത്തിൽ പെട്ടെന്നുതന്നെ ഒരു നിവാരണം ഉണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സഖാവു് ഗംഗാധരൻ അവതരിപ്പിച്ച കട്ടുമോഷനെ ഞാൻ അനുകൂലിക്കുന്നു. അതോടൊപ്പംതന്നെ ഈ അടുത്ത കാലത്തു് ചേർത്തലയിൽ നടന്ന ചില കാര്യങ്ങൾ സംക്ഷിപ്തമായി ഇവിടെ പറയണമെന്നും ഞാൻ ആഗ്രഹിക്കുന്നുണ്ടു്. സഖാവു് കുമാരപ്പണിക്കർ ഒരു കൊയ്ത്തു സംബന്ധിച്ചുള്ള പോലീസ് കയ്യേറ്റം ഇവിടെ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ ഇലക്ഷൻ നടന്നശേഷം അവിടെ രാഷ്ട്രീയപരമായുള്ള കേസ്സുകൾ ഉണ്ടാക്കുന്നതിനുവേണ്ടി കുത്തിയതോട്ട പോലീസ് ഇൻസ്പെക്ടറെയും, പോലീസിനെയും ഗവണ്മെൻറ ഉപയോഗിക്കുന്നതായിട്ടാണു കാണുന്നതു്. ആലിബാബായും നാല്പത്തു കള്ളന്മാരും എന്നതുപോലെ നേരംവെളുക്കുമ്പോൾ ഇൻസ്പെക്ടർ പറഞ്ഞുവിട്ടു് കേസ്സുകൾ ഉണ്ടാക്കുകയും കേസ്സുകളുണ്ടാക്കിയാൽ പണം കൊടുക്കുന്ന ആളിനു് കേസ്സില്ലാതെ പോരുവാൻ സാധിക്കുകയും അങ്ങനെ തീരുന്നില്ലെന്നു കണ്ടാൽ കൂടുതൽ ആളുകളെ ചേർത്തു കേസ്സു ചാർജ്ജു ചെയ്യുകയുമായിരിക്കും അടുത്തപടിയായി ചെയ്യുന്നതു്. തൊഴിലില്ലായ്മ മൂലം ഗവണ്മെൻറിന്റെ സഹായമാവശ്യപ്പെട്ടുകൊണ്ടു് ബുദ്ധിമുട്ടി ജീവിയ്ക്കുവാൻ നിവൃത്തിയില്ലാത്ത നാട്ടുകാരെ പോലീസ് വെറുതെ വിടുന്നില്ല. ഇപ്പോൾ കോൺഗ്രസ്സുകാരെപ്പോലും വിടുന്നില്ലെന്നാണു കാണുന്നതു്. ഈ അടുത്തകാലത്തു് അരത്തുങ്കൽ പള്ളിയിൽ പോകുന്നതിനായി വന്ന ചിലർ വെയിലായതുകൊണ്ടു എസ്. എൻ. ഡി. പി. ആഫീസിന്റെ വരാന്തയിൽ ഇരുന്നു. ആ വഴിയെ കള്ളുകുടിച്ചുകൊണ്ടുപോയ പോലീസുകാരെ കണ്ടു് അവിടെയിരുന്നവർ ചിരിക്കുന്നതിനിടയായി. ഉടൻതന്നെ അവരെ പിടിച്ചു് കേസു് ചാർജ്ജുചെയ്യുന്നതിനുള്ള സംരംഭം പോലീസ് നടത്തുകയുണ്ടായി. സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയ അവരെ ഇറക്കുന്നതിനു ആ നാട്ടിലെ പത്തുരണ്ടായിരം ആളുകൾ പോലീസ്സ്റ്റേഷനിൽ പോകേണ്ടിവന്നു. അത്രയും ആളുകൾ അവിടെ കൂടിയതിനുശേഷമാണു് നിരപരാധികളായ ആ വഴിയാത്രക്കാരെ സ്റ്റേഷനിൽനിന്നും പുറത്തു വിടുകയുണ്ടായതു്. ഈ സ്റ്റേഷനിലെ പോലീസിനെപ്പററിയും, പോലീസിൻസ്പെക്ടറെപ്പററിയും വളരെക്കാലമായി പരാതിപ്പെടുവാൻ തുടങ്ങിയിട്ടു്. അതുപോലെയുള്ള രണ്ടു മൂന്നു പരാതികൾ ഈ അസംബ്ലി കൂടിയതിനുശേഷവും വന്നിട്ടുണ്ടു്. പലപ്പോഴും പരാതികൾ മന്ത്രിക്കും, ഐ. ജി.-ക്കും കൊടുക്കുന്നുണ്ടു്. പക്ഷെ, അതിലൊന്നിലും യാതൊരു

[ശ്രീമതി കെ. ആർ. ഗൗരി]

നടപടിയും ഉണ്ടായിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലത്തു നാട്ടുകാർ എല്ലാവരുംചേൎന്നു പ്രതിഷേധപ്രകടനം നടത്തിയപ്പോൾ ഒരു ഡി. എസ്. പി. വന്നു. അദ്ദേഹം കാൎയ്യങ്ങളെല്ലാം ശരിയാക്കിത്തരാമെന്നു പറഞ്ഞു. ഇൻസ്പെക്ടർക്ക് പെൻഷൻ ആകുന്നതിനു് ഒന്നു രണ്ടുകൊല്ലം മാത്രമേയുള്ളു. അതിനിടയ്ക്കു കൂടുതൽജനങ്ങളെ അടിയ്ക്കുകയും, കൂടുതൽ കേസ്സുകൾ ഉണ്ടാക്കുകയും ചെയ്യണം. ആ അടിസ്ഥാനത്തിൽ മാത്രമേ അദ്ദേഹത്തിനു കയററം കിട്ടുകയുള്ളുവെന്നു ഒരു ധാരണ അദ്ദേഹത്തിനു് ഗവണ്മെൻറിൻെറ നടപടിയിൽനിന്നും ബോദ്ധ്യംവന്നിരിക്കുകയാണു്. ചേർത്തല മാത്രമല്ല, മററു സ്ഥലങ്ങളിൽ നടക്കുന്ന കാൎയ്യങ്ങളിൽ നിന്നും അദ്ദേഹം അപ്രകാരം വിചാരിക്കുന്നതിനു് അടിസ്ഥാനമുള്ളതായി കരുതേണ്ടിയിരിക്കുന്നു. വളരെക്കൂടുതൽ അടി നടത്തുന്നവൎക്കും, വളരെക്കൂടുതൽ കേസ്സുകൾ ഉണ്ടാക്കുന്നവൎക്കുമാണു പ്രമോഷൻ കിട്ടുന്നതായി കാണുന്നതു്. സ്റ്റേഷനിൽ കൊണ്ടുപോയി അടിച്ചാൽ കേസ്സുകൊടുക്കാമെന്നും മററും ഹൈക്കോടതിയിൽ റൂളിംഗ് ഉണ്ടായിട്ടുണ്ടു്. എത്രപേൎക്കു അതിനു സാധിക്കുമെന്നു നാം ആലോചിക്കേണ്ടതാണു്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആ നിയമം അവൎക്കു് ഒരു ഗുണവുമുണ്ടാക്കുന്നില്ല. ഇത്തരമുള്ള പെരുമാററം അവസാനിപ്പിക്കുന്നതിനു് ഒരു പഞ്ചവത്സര പദ്ധതിയൊന്നും ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അടി നിറുത്തണമെന്നു ആഗ്രഹമുള്ളപക്ഷം ഒരൊററദിവസംകൊണ്ടുതന്നെ അതു അവസാനിപ്പിക്കാൻ സാധിക്കുന്നതാണു്. സർ സി. പി. ഇവിടെനിന്നും പോയപ്പോൾ പോലീസുകാർ വിരണ്ടിരുന്ന ഒരു കാലമായിരുന്നു. അതായതു് കാൺഗ്രസ്സ് അധികാരത്തിൽവന്നാൽ ഞങ്ങളെയെല്ലാം മാററുമോ, ഞങ്ങളോടു കഴിഞ്ഞകാലസംഭവങ്ങൾക്കു പ്രതികാരനടപടികൾ എടുക്കുമോ എന്നെല്ലാം അവർ ഭയന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷെ, അധികാരത്തിൽവന്ന കാൺഗ്രസ്സ് മന്ത്രിമാർ അവരോടു പറഞ്ഞതു കഴിഞ്ഞ ഗവണ്മെൻറിനെ എപ്രകാരംസേവിച്ചോ അപ്രകാരം തന്നെ ഈ ഗവണ്മെൻറിനെയും സേവിക്കണമെന്നാണു്. അതിൻെറ അൎത്ഥം മുൻഗവണ്മെൻറിൻെറ നയം തന്നെയാണു് ഈ ഗവണ്മെൻറിൻെറയും നയം ആയിരിക്കുമെന്നാണല്ലൊ. രാഷ്ട്രീയപ്രവൎത്തകന്മാരെയെല്ലാം അടിച്ചമൎത്തിക്കഴിഞ്ഞു. ഇപ്പോൾ കാൺഗ്രസ്സുകാരെയും പിടികൂടിയിരിക്കുകയാണു്. ഈ നയം വളരെവേഗം അവസാനിപ്പിക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഞങ്ങൾക്കു വളരെ വളരെ പരാതികളുണ്ടു്. ആ പരാതികളെല്ലാം ഐ. ജി. യുടെയും മന്ത്രിയുടെയും മുമ്പിൽ കാണും. അവിടെ സ്ത്രീകളെ കിടന്നുറങ്ങാൻപോലും സമ്മതിക്കുന്നില്ലായെന്നുകാണിച്ചു് ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. ഈ നയം വേഗംതന്നെ അവസാനിപ്പിക്കണമെന്നു് ഞാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സർ, ൧൪൪-ാം വകുപ്പു് ഈ സഭയിലുള്ള എല്ലാവൎക്കും പരിചിതമായ ഒരു വകുപ്പാണല്ലോ. ഇപ്പോൾ ൧൦൭ എന്നൊരു വകുപ്പു പ്രവർത്തനം നടത്തുന്നതു സർവസാധാരണമായിരിക്കുന്നു. ഈ വകുപ്പു ക്രിമിനൽ കോടിൽ സമാധാനപാലനത്തെ അടിസ്ഥാനമാക്കി കൊള്ളിച്ചിട്ടുള്ളതാണു്. ഈ രാജ്യത്തു സമാധാനം വേണമെന്നുള്ളതിൽ ആൎക്കും അഭിപ്രായവ്യത്യാസമില്ല.

പക്ഷെ, ഒരു ചോദ്യമുണ്ട്. ആരുടെ സമാധാനവും, ആരുടെ സുരക്ഷിതത്വവും ആണെന്നുള്ളതിന് ഒരു ഉത്തരം കിട്ടേണ്ടിയിരിക്കുന്നു. ഈ സമാധാനപരിപാലനത്തിന്റെ പേരിൽ ഇന്ന് ഇവിടെ പോലീസുകാർ ചെയ്യുന്ന നടപടികളെപ്പററി നമുക്ക് പരിശോധിക്കാം. ൧൦൭-ാം വകുപ്പിൻപ്രകാരം പോലീസുകാർ നാട്ടൊട്ടുക്ക് അനേകം രാഷ്ട്രീയ പ്രവർത്തകന്മാരുടെപേരിൽ കേസെടുക്കുന്നുണ്ട്. തൊഴിലാളി പ്രവർത്തകരുടെ പേരിലും സെക്ഷൻ ൧൦൭ അനുസരിച്ചാണ് കേസുഎടുത്തുവരുന്നത്. ഇവിടെ ഇന്നു ഭരണത്തിലിരിക്കുന്ന കക്ഷി ജനങ്ങളിൽനിന്നു അകന്നുകഴിഞ്ഞിരിക്കുന്നു. ജനങ്ങളെ മർദ്ദിച്ചുമാത്രമെ അവർക്ക് ഭരിക്കാൻ ഒക്കുകയുള്ളൂ എന്നൊരു നിലയാണ് കാണുന്നത്. ഈ ൧൦൭-ാം വകുപ്പിന്റെ പ്രവർത്തനം എങ്ങനെയാണെന്നു നോക്കേണ്ടതുണ്ട്. സർ, എന്റെ സ്വന്ത അനുഭവംതന്നെ എനിക്കു ഇവിടെ പറയാൻ കഴിയും. ൧൯൪൯-ൽ പൂമംഗലത്തു ഉപതിരഞ്ഞെടുപ്പിൽ ഒരു നിയമസഭാസ്ഥാനാർത്ഥിയായി ഞാൻ നിൽക്കുമെന്നുള്ള സംശയത്തിൽ എന്റെ പേരിൽ ൧൦൭-ാം വകുപ്പനുസരിച്ച് ഒരു കേസ് എടുക്കുകയുണ്ടായി. അതായത്, ഞാൻ ആരോടൊ വോട്ടു തരുമോയെന്നു ചോദിച്ചതായും വോട്ടു തരികയില്ലെന്നു പറഞ്ഞപ്പോൾ ഞാൻ കഴുത്തുവെട്ടുമെന്നു പറഞ്ഞതായും കാണിച്ചാണ് എന്റെപേരിൽ കേസ് ചാർജ്ജുചെയ്തത്.

<u>ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ:</u> കഴുത്തുവെട്ടുമെന്നു മെംബർ പറഞ്ഞുവെന്നാണോ ആരോപണം?

<u>ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ:</u> അതാണ് ചാർജ്ജ്.

<u>ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ:</u> അങ്ങനെ മെംബർ പറഞ്ഞോ എന്നാണ് ചോദിക്കുന്നത്?

<u>ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ:</u> ഉത്തരം കോടതിയിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ, കഴുത്തു വെട്ടുമെന്നു പറഞ്ഞെങ്കിൽക്കൂടി അതാരമോരാളെ ജനങ്ങൾ തെരഞ്ഞെടുക്കുകയുണ്ടായി. മൂന്നുകൊല്ലംവരെ ആ കേസ് നിലനിൽക്കുകയുണ്ടായി. ഒരു സെക്യൂറിററി കേസിനു ഒരു കൊല്ലത്തെ ജാമ്യംമാത്രമെ ആവശ്യമുള്ളൂ. എന്നാൽ ഒരു സെക്യൂറിററി കേസ് മൂന്നുകൊല്ലമാണ് നിലവിൽ നിന്നത്. എന്റെ പേരിലുള്ള ഒരു കേസ് ഒടുവിൽ കോടതിയിൽനിന്നും തള്ളിക്കളയുകയാണുണ്ടായത്. പക്ഷെ ഈ കേസിൽ മറെറാരു പ്രതിയായ സഖാവ് പി. കെ. ചാത്തൻ മാസ്റ്ററെ സംബന്ധിച്ചു പോലീസുകാർതന്നെ കേസ് പിൻവലിക്കേണ്ടതാണെന്നു പറഞ്ഞ് ഗവൺമെന്റിനോട് അഭിപ്രായം ചോദിക്കുകയുണ്ടായി; എങ്കിലും ഈ പോലീസ്മന്ത്രിയുടെ ഉത്തരവിൻപ്രകാരം കേസ് പിന്നെയും തുടർന്നുവന്നു. ൧൯൪൯-ലുള്ള ഒരു സെക്യൂരിട്ടി കേസ് ൧൯൫൨-ലും തുടരുകയാണെങ്കിൽ എന്താണ് ഇതിന്റെ അർത്ഥം? ഒരു ജന്മിക്കു വേണമെങ്കിൽ കുടിയാന്റെപേരിൽ ഒരു കളവുകേസുകൊടുത്തു കുടിഇറക്കാം. അല്ലെങ്കിൽ ജന്മിയെ തല്ലാൻചെന്നുവെന്നോ, പറമ്പിൽനിന്നും നാളികേരം അടച്ചുവെന്നോ പറഞ്ഞു ക്രിമിനൽ കേസെടുക്കാം. അവസാനം പോലീസ് ജന്മിക്കുവേണ്ടി ഇടപെട്ടു ൧൦൭-ാം വകുപ്പിൽ കേസു ചാർജ്ജു ചെയ്യുകയായി. കുടിയിറക്കുന്നതിനുവേണ്ടി ൧൦൭-ാം

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ]

വകുപ്പോടുകൂടി മററ ചാർജ്ജുകളും ഉൾപ്പെടുത്തി പോലീസുകാർ മർദ്ദകരായ ജന്മിമാർക്കുവേണ്ടി പരസ്യമായി കേസെടുക്കുന്ന ഇടപാടുകൾ കുറച്ചൊന്നുമല്ല.

ഈ രാജ്യത്തെ തൊഴിലാളികൾക്കു സംഘടിക്കാൻ അവകാശമുണ്ടെന്നു ഭരണഘടന പറയുന്നു. അവരുടെ ഡിമാൻറ ഉന്നയിക്കാനും അവകാശമുണ്ട്. ഒരു ട്രേഡുയൂണിയനായി സംഘടിച്ചു പ്രവർത്തിക്കാനും പണിമുടക്കാനും നിയമപ്പൂർവ്വം സ്വാതന്ത്ര്യമുണ്ട്. പക്ഷെ പോലീസുകാർ തൊഴിലാളി പണിമുടക്കിനുപോയാൽ അവിടെയും ൧൪൪-ാം വകുപ്പു പ്രയോഗിക്കും. സമാധാനലംഘനത്തിൻെറ യാതൊരു തെളിവുമില്ലാതിരുന്ന അവസരത്തിൽ ഇവിടെ അന്തിക്കാട്ടെ ചെത്തുതൊഴിലാളികളിൽ മുപ്പതോളം പേരെ ഈ ഗവണ്മെൻറ ൧൪൪-ാം വകുപ്പനുസരിച്ചു ചാർജ്ജുചെയ്തു കേസെടുക്കുകയുണ്ടായി. പ്രവർത്തിക്കാൻ കഴിവുള്ള പല തൊഴിലാളികളെയും അറസ്ററുചെയ്തുകൊണ്ടാണു അവിടെ സമാധാനപാലനം നടപ്പാക്കിയതു്. അവിടെ സമാധാനലംഘനം ഉണ്ടാകാത്തതു പോലീസുകാരുടെ ശ്രമംകൊണ്ടാണെന്നു തെളിയിക്കാനായിരുന്നു ഗവണ്മെൻറ ശ്രമിച്ചതു്. ന്യായമായ പണിമുടക്കു സമരത്തെ മർദ്ദിച്ചൊതുക്കാൻ ഒരുമ്പെട്ടതിനുപുറമെ ഈ പണിമുടക്കിനെ തുടർന്നു പല കള്ളക്കേസുകളും അവിടെ പോലീസുകാർ ൧൪൪-ാംവകുപ്പും മററ വകുപ്പുകളും ചേർത്തു ചാർജ്ജു ചെയ്തിട്ടുണ്ടെന്നു മന്ത്രിയോടു എനിക്കു പറയുവാൻ സാധിക്കും. കള്ള കൺട്രാക്ടർമാരുടെ സമാധാനമാണു് അവിടെ പോലീസ് പാലിച്ചതു്. ഞാൻ ഈ വിഷയത്തിലേക്കു കൂടുതൽ കടക്കുന്നില്ല.

സർ, ഈ വെറുക്കപ്പെട്ട ൧൪൪-ാം വകുപ്പുംപ്രകാരം പല കേസുകളും നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണു്. ഈ ൧൪൪-ാം വകുപ്പു എന്തിനാണെന്നു നോക്കിയാൽ, കാൺഗ്രസ്സ് ഭരണത്തിൻ കീഴിൽ വീർപ്പുമുട്ടുന്ന ജനങ്ങൾ അവരുടെ മോചനത്തിനായി സംഘടിച്ചു നിൽക്കുകയാണെങ്കിൽ അതിനെ എതിരിടുവാനായിട്ടാണു്. എവിടെയെവിടെയെല്ലാം തൊഴിലാളികൾ സംഘടിച്ചിട്ടുണ്ടോ, അവിടെയെല്ലാം ഗവണ്മെൻറ പോലീസുകാരെ അയച്ച്, ഈ ഗവണ്മെൻറിനു് ചേരുന്ന രീതിയിൽതന്നെ, അനേകം അനേകം കള്ള കേസുകൾ പല വകുപ്പുകളനുസരിച്ച് ചാർജ്ജു ചെയ്തിട്ടുള്ളതുകാണാൻ സാധിക്കും. ഈ രാജ്യത്തു സമാധാനം വേണം. അതായതു, ജന്മിമാർക്കും, വൻകിട മുതലാളിമാർക്കും സമാധാനം ഉണ്ടായിരിക്കണം; കരിഞ്ചന്തക്കാർക്കു സമാധാനം ഉണ്ടായിരിക്കണം; കൈക്കൂലിക്കാർക്കു സമാധാനമുണ്ടായിരിക്കണം. ഇതാണു പോലീസിൻെറ സമാധാനപരിപാലനം. സാധാരണ ജനങ്ങൾക്കു സൈ്വരമായി ജീവിക്കാനുള്ള ഒരു പരിതഃസ്ഥിതി സംരക്ഷിക്കുന്നതിനു ഗവണ്മെൻറ വേണ്ടതു ചെയ്യണം. ഈ ൧൪൪-ാം വകുപ്പു സാധാരണ ജനങ്ങളുടെ പല മൗലികാവകാശങ്ങളെയും നിരോധിച്ചിട്ടുണ്ട്. സാധാരണക്കാരുടെ താൽപര്യങ്ങൾക്കെതിരായി പെരുമാറുന്ന ഈ ഗവണ്മെൻറിനു് അധികം കാലം നിലനിൽക്കാൻ സാദ്ധ്യമല്ല എന്നും ഈ ഭരണം രാജ്യത്തിനു ദോഷമാണെന്നും മന്ത്രിമാർ മനസ്സിലാക്കണമെന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്.

<u>ശ്രീ. ജെ. രാഘവൻപിള്ള</u> : സർ, ഈ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു, ഇന്നു നമുക്കു ഒരു പോലീസുമന്ത്രി ഇവിടെ ഇല്ലെന്നുള്ളതാണ് എനിക്കു പറയാനുള്ളതു്. പോലീസുമന്ത്രിയുടെ സ്ഥാനത്തു ഒരു വക്കീലാണ് ഇരിക്കുന്നതു്. പോലീസിന്റെ എല്ലാ തെററുകളെയും ന്യായീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു പോലീസുവക്കീലാണു നമ്മുടെ പോലീസുമന്ത്രിയുടെ സ്ഥാനത്തിരിക്കുന്നതു്. വളരെക്കാലം മുൻപുതന്നെ അദ്ദേഹം ഇവിടത്തെ ഒരു വലിയ വക്കീലായിരുന്നു. നാട്ടിൻപുറങ്ങളിൽ ഇപ്പോഴും ഒരു പറച്ചിലുണ്ടു്, 'മള്ളൂരും ആയിരം രൂപയുമുണ്ടെങ്കിൽ ആരെയും കൊല്ലാ'മെന്നു്. അതുപോലെ ശ്രീ. ടി. എം. വർഗ്ഗീസ് പോലീസുമന്ത്രിയാണെങ്കിൽ, എന്നൊരു ധാരണ മുതലാളിമാരുടെ ഇടയിൽ ഇപ്പോഴുണ്ടു്.

സർ, ൯൪,൧൯,൦൦൦ രൂപ ചെലവു വരുന്ന ഒരു ഡിമാൻറാണു ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇതിൽ പതിനെണ്ണായിരത്തിൽശിഷ്ടം രൂപ ഡിപ്പാർട്ടുമെൻറിലെ ൨൫൦ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയാണു്. ഇതു് ആകെയുള്ള ഉദ്യോഗസ്ഥന്മാരുടെ മൂന്നു ശതമാനമാണു്. ഇവിടേ വലിയ വിപ്ലവങ്ങളും പരാതികളും ഉണ്ടായിട്ടുള്ള ഒരു നിയമനമാണു് പാലസ് ഗാർഡിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനം. അതിലേയ്ക്കുവേണ്ടി ഏഴുലക്ഷത്തി എൺപത്താറായിരത്തി നാനൂറുരൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. കോൺഗ്രസ്സ് മന്ത്രിമാരുടെയും, എക്സ് കോൺഗ്രസ്സ് സെക്രട്ടറിമാരുടെയും ബന്ധുക്കൾക്കുവേണ്ടിയാണു ഈ തുക ചെലവാക്കുന്നതു്. ഒരു വലിയ തുക രാജപ്രമുഖനുവേണ്ടി ചെലവാക്കുന്ന തുകയാണു്. അതായതു രഥം, പല്ലക്കു്, മുതലായവ സംരക്ഷിക്കാൻ കൊള്ളിച്ചിരിക്കുന്ന തുകയാണു്. കൂടാതെ കാളയേയും കുതിരയേയും സംരക്ഷിക്കുന്നതിനും പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഈ കാളയ്ക്കും കുതിരയ്ക്കും വേണ്ടി ചെലവാക്കുന്ന പണം പോലീസുകാർക്കു വേണ്ടി ചെലവാക്കിയാൽ കൊള്ളാമായിരുന്നു. കോൺഗ്രസ്സുകാർക്കു ഈയിടെ കാളയോടും കുതിരയോടും കൂടുതൽ പ്രേമം കാണുന്നുണ്ടു്.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : ആനയോടും 'ഉണ്ടു്.

Mr. Speaker : Kindly don't interrupt the member he is losing the trend of his speech.

<u>ശ്രീ. ജെ. രാഘവൻപിള്ള</u> : ഇതു കൃഷി ഡിപ്പാർട്ടുമെൻറിലേക്കാണെങ്കിൽ ശരിയായിരിക്കുമായിരുന്നു.

സർ, ഇതൊരു പോലീസ് സ്റ്റേററാണെന്നു് പറയുന്നതിനു് പല കാരണങ്ങളുമുണ്ടു്. ഈ രാജ്യത്തിലെ സംസ്കാരത്തിന്റെ അധികാരികൾ പോലീസുകാരാണു്. ഇവിടെ ഒരു നാടകം നടത്തണമെങ്കിലും പോലീസിന്റെ അനുമതി വാങ്ങിക്കണം. സ്കൂളുകളിൽ എന്തെങ്കിലും വിശേഷങ്ങൾ ഉണ്ടായാലും പോലീസുകാർ വേണം. തൊഴിൽകുഴപ്പങ്ങൾ ഉണ്ടായാലും പോലീസുവേണം. ഇങ്ങനെ എന്തുണ്ടായാലും പോലീസുകാർ കൂടിയേ കഴിയൂ. സാമാന്യജനങ്ങളുടെ ദൈനംദിന ജീവിതം നിയന്ത്രിക്കുന്നതുതന്നെ ഇന്നു പോലീസാണു്. അതുകൊണ്ടാണു ഇതൊരു പോ

[ശ്രീ. ജെ. രാഘവൻപിള്ള]

പോലീസ്സ്റ്റേറാണെന്നു പറയുന്നതു്. പോലീസുകാരുടെ അക്രമംകൊണ്ടു ഇന്നു സ്വൈരമായും സമാധാനമായും ജീവിക്കാൻപോലും സാധ്യമല്ലാതായിരിക്കുകയാണു്.

മിനിഞ്ഞാന്നു ഇളമണ്ണൂർ എന്ന സ്ഥലത്തു ഒരു തൊഴിലാളിമീററിംഗുണ്ടായിരുന്നു. ആ മീററിംഗിൽ സംബന്ധിക്കാൻപോയ സഖാവു ശാരദയേയും, തെങ്ങമം ബാലകൃഷ്ണനേയും അവിടെക്കൂടിയിരുന്ന ഒരുക്കൂട്ടം ആളുകളും കൈയേററം ചെയ്തു. അവിടേയും പോലീസുകാർ ചെന്നു. കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണിക്കാരും, ഗുണ്ടാകളും ചേർന്നു കൈയേററം നടത്തിയപ്പോൾ പോലീസുകാരും അവിടെ എത്തി അതു കണ്ടുകൊണ്ടു നിൽക്കുകയായിരുന്നു. അവർക്കു പോലീസുകാർ ചൂട്ടുപിടിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്.

ഇപ്പോൾ പുതിയതായി ഒരു പതിനായിരം രൂപകൂടി പോലീസ് ബഡ്ജററിൽ കൊള്ളിച്ചിരിക്കുകയാണു്. അതു സീക്രററ് സർവീസ് ഫണ്ടായിട്ടാണു ചേർത്തിരിക്കുന്നതു്. ആ വകുപ്പു രഹസ്യങ്ങൾ മനസ്സിലാക്കാനുള്ള വകുപ്പായിരിക്കും. അല്ലാതെ ഇതെന്താവശ്യത്തിനാണെന്നു മനസ്സിലാകുന്നില്ല. എന്തു രഹസ്യങ്ങളാണെന്നും മററും അറിവില്ല. രാഷ്ട്രീയമായിട്ടുള്ള രഹസ്യങ്ങളായിരിക്കും. ഇതിന്റെ ആവശ്യമെന്താണു്? ഇത്രയും തുക ഈ സീക്രററ സർവീസിനുവേണ്ടി കൊടുക്കേണ്ട ആവശ്യമെന്താണു്. യാതൊരാവശ്യവുമില്ല. ഇതു കോൺഗ്രസ്സുകാരുടെ ഭയംകൊണ്ടുമാത്രമാണു അവരുടെ സർക്കാർ നിലനിന്നു പോകണമെങ്കിൽ മററു രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനമെന്തെല്ലാമെന്നു അറിഞ്ഞു് അതുപോലെ പ്രവർത്തിക്കാൻവേണ്ടിയാണു്. അല്ലാതെ പൊതുജനാഭിപ്രായമറിഞ്ഞു അതിനനുസരണമായി പ്രവർത്തിക്കണമെന്നുള്ളതല്ല. ഈയിടെ കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും ചേർന്നു ഒരു നാടകം നടത്തി. എന്നാൽ അതു് അറിഞ്ഞുകൊണ്ടു് കോൺഗ്രസ്സുകാരും ഇപ്പോൾ നാടകമഭിനയിക്കുന്നുണ്ടു്. പക്ഷെ അതു വെളിയിൽ എടുക്കാനുള്ള ഭയംകൊണ്ടു അടച്ചുപൂട്ടിയിരിക്കുകയാണു്. ഇങ്ങനെ മററു രാഷ്ട്രീയപാർട്ടിയുടെ രഹസ്യങ്ങൾ മനസ്സിലാക്കി അതുപോലെ പ്രവർത്തിക്കുന്നതിനാണു പോലീസിനെ നിയോഗിച്ചിരിക്കുന്നതു്. സർ, എനിക്കിതിൽ കൂടുതലായി ഒന്നും പറയണമെന്നില്ല.

ശ്രീ. കെ. ജെ. തോമസ്: ശ്രീ. ഗംഗാധരൻ ഇവിടെ മൂവു ചെയ്തിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണു്. വളരെ വേദനയോടുകൂടിയാണു ഞാൻ അങ്ങിനെ ചെയ്യുന്നതു്. ഇന്നു നാട്ടിൻപുറങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നടക്കുന്ന അക്രമങ്ങളും അനീതിയും കണ്ടിട്ടുള്ള പ്രതിഷേധംകൊണ്ടാണു ഞാനിങ്ങനെ ചെയ്യുന്നതു്. അതിനുള്ള ഉത്തരവാദിത്വം മുഴുവൻ പോലീസുകാർക്കാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇന്നിവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞതുപോലെ നാട്ടിൻപുറങ്ങളിലെ സാധുക്കൾക്കും ഇടത്തരക്കാർക്കും കൂലിക്കാർക്കും അവരുടെ മാനത്തിനും ജീവനും രക്ഷയില്ലെന്നായിത്തീർന്നിട്ടുണ്ടു്. ഇതിനു മതിയായ തെളിവുകൾ ഉള്ളതുകൊണ്ടാണു് ഞാൻ ഇങ്ങനെ പറയുന്നതു്.

സർ, എന്റെ നിയോജകമണ്ഡലത്തെപ്പററി മാത്രമേ ഞാൻ പ്രസ്താവിക്കാനൊരുങ്ങുന്നുള്ളു. കഴിഞ്ഞ എലക്ഷൻ കഴിഞ്ഞതിനുശേഷം അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ മുഖ്യമന്ത്രിയുടെയും മററു പോലീസുദ്യോഗസ്ഥന്മാരുടേയും ശ്രദ്ധയിൽ ഞാൻ അപ്പഴപ്പോൾ പെടുത്തിയിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെയുള്ള ആളുകൾ അധികവും ഇവിടെ ഒരു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളമാതിരിയിൽ മാന്യന്മാരല്ല. മാന്യന്മാരെല്ലാം കാൺഗ്രസ്സിലോ, എൻ. എസ്സ്. എസ്സിലോ അംഗങ്ങളായിരിക്കും എന്ന്, ഇവിടത്തെ ഒരു മന്ത്രി പറയുകയുണ്ടായല്ലോ. അങ്ങിനെ ബഹുമാന്യന്മാരായി ജീവിക്കാത്തതുകൊണ്ട് അവരുടെ ജീവനും മാനവും സംരക്ഷിക്കാൻ ഇന്നു നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നതു്.

ഇതിനുമുമ്പ് അവിടെ ഉണ്ടായിട്ടുള്ള സംഗതികളെല്ലാം ഞാൻ അധികാരികളെ അറിയിച്ചിട്ടുണ്ട്. അതിൽ പലതിനും ചില ചില്ലറ പരിഹാരങ്ങളുമുണ്ടായിട്ടുണ്ട്. സർ, ഇന്നലെ എനിക്ക് എന്റെ ഒരു സ്നേഹിതനിൽനിന്നും കിട്ടിയ ഒരു കത്താണിതു്. രണ്ടു ദിവസം മുമ്പ് ഒരു മുതലാളിയുടെ മകനും ഒരു ഇടത്തരക്കാരനും തമ്മിൽ ഒരു വാഗ്വാദമുണ്ടായി. അതിന്റെ ഫലമായി ആ ഇടത്തരക്കാരനെ മുതലാളി പോലീസുകാരെക്കൊണ്ടു പിടിപ്പിക്കാൻ ശ്രമിക്കയാണ്. ഇവിടെ ഒരംഗം പറഞ്ഞതുപോലെ ൧൦൭-ാം വകുപ്പനുസരിച്ച് കേസെടുപ്പിക്കുന്നതിലേക്കു അനേകം കള്ളഹർജികൾ പോലീസിൽ കൊടുപ്പിച്ചിരിക്കുന്നു. പോലീസുകാർ അയാളെ പിടിക്കുന്നതിനുവേണ്ടി അന്വേഷിച്ചു നടക്കുന്നു. അയാൾ ഇപ്പോൾ ഒളിവിൽ ഇരിക്കയാണ്. ഇതുപോലെ പല സംഭവങ്ങളും അവിടെ ഉണ്ടായിട്ടുണ്ട്. ഈ ഒരു മുതലാളിതന്നെ ഉൾപ്പെട്ട മറെറാരു ചെറിയ സംഭവമുണ്ടായി. മുതലാളിയുടെ കൂലിക്കാരനും ഒരു ചായക്കടക്കാരനും തമ്മിൽ ഒരു കശപിശയുണ്ടായി. അതു സംബന്ധിച്ച് പോലീസുകാരെക്കൊണ്ട് കടക്കാരനെ പിടിച്ചു മർദ്ദിപ്പിച്ചു. അതുകൊണ്ടും ആ മുതലാളി തൃപ്തിപ്പെട്ടില്ല. പിന്നീടു അവിടത്തെ പോലീസിന്റെ അകമ്പടിയോടുകൂടി ആ പാവപ്പെട്ടവനെ മുതലാളിയുടെ വീട്ടിൽ കൊണ്ടുചെന്നു സമാധാനം പറയിച്ചു സർ.

ഇനിയും ഒരു കൊലപാതകത്തിന്റെ കാര്യം ഞാൻ പറയാം. കുറച്ചു ദിവസങ്ങൾക്കു മുമ്പ് എരുമേലിക്കടുത്ത് കണ്ണിമല എന്ന സ്ഥലത്തു ഒരു തോട്ടിൽ ഒരു പ്രേതം കാണുകയുണ്ടായി. അതു ഒരു കൊലപാതകമായിരുന്നു സർ. ഇതേപ്പററി ആദ്യം അന്വേഷിക്കാൻപോയ ഹെഡ്കാൺസ്ററബിൾതന്നെ ഇക്കാര്യം ഈ സഭയിലെ ഒരു കാൺഗ്രസ്സ് എം. എൽ. എ-യോട് പറയുകയുണ്ടായി. മാത്രമല്ല അതു പോസ്ററുമാർട്ടം നടത്തിയ ഡാക്ടർതന്നെ അതു പരസ്യമായി പ്രസ്താവിച്ചതായറിയാം. എന്നാൽ ആ കൊലപാതകം ഇന്ന് ചില അജ്ഞാതഹസ്തങ്ങളുടെ സ്വാധീനശക്തികൊണ്ടു ഒരു അപകടമരണമായി തീർന്നിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ആ കാൺഗ്രസ്സ് എം. എൽ. എ. ആരാണെന്നു പറയാമോ?

Mr. Speaker : Order, Order. We don't want to hear the name.

ശ്രീ. കെ. ജെ. താമസ്: ചില പ്രബല ഹസ്തങ്ങളുടെ സ്വാധീനത്തോടുകൂടി ഇന്നതു് ഒരു അപകടമരണമാണെന്നു വരുത്തുന്നതിനുള്ള നടപടി നടത്തിക്കൊണ്ടിരിക്കയാണ്. പോലീസുകാർ അവരുടെ തോട്ടിൽ ചെന്നു തപ്പി ഒരൊട്ടുൽകുററി പറിച്ചുകൊണ്ടുപോയതായി അറിയാം.

മി. സ്പീക്കർ: അതു സബ്ജുഡീസ് അല്ലേ?

ശ്രീ. കെ. ജെ. താമസ്: സബ്ജുഡീസ് ആയില്ല സർ. പോലീസ് റഫർ എഴുതി തള്ളാൻ പോകയാണ്.

Mr. Speaker: The case is under investigation. When the Police has taken the F. I. R. and investigation has been started, it is *sub judice*.

ശ്രീ. കെ. ജെ. താമസ്: കൂടുതൽ പറയുന്നില്ല. ഏതായാലും ചില പ്രബല ഹസ്തങ്ങളുടെ സ്വാധീനംകൊണ്ടു അതു അപകടമരണമായി തീരാൻ പോകുകയാണ്. അതിനുള്ള ഉത്തരവാദികൾ വെറും പോലീസുകാരല്ല. വാസ്തവത്തിൽ നമ്മുടെ നാട്ടിലെ പോലീസുകാർ കാര്യക്ഷമതയിൽ മററു രാജ്യങ്ങളിലെ പോലീസിനെ അപേക്ഷിച്ചു മെച്ചമാണ്. ഇന്നു അവരുടെ അന്തസ്സും സ്റ്റാററസും പരിപാലിച്ചുകൊണ്ടുപോകുന്നതിനു അവർ വളരെ വിഷമിക്കുന്നുണ്ടു്. അതിനുള്ള ശമ്പളം അവർക്കു ലഭിക്കുന്നില്ല.

സർ, മുണ്ടക്കയത്തെ സബ്ബ് ഇൻസ്പെക്ടരെ അവിടെനിന്നും സ്ഥലം മാററുകയുണ്ടായി. പകരം ചാർജെടുക്കാനുള്ള ഇൻസ്പെക്ടർ അവിടെ ചെല്ലുകയുംചെയ്തു. എന്നാൽ ആ ഇൻസ്പെക്ടരെ അവിടെനിന്നും മാററാതിരിക്കുവാൻവേണ്ടി ചില മുതലാളിമാർ പോലീസുമന്ത്രിയെ സമീപിച്ചു അതിലേക്കൊരാർഡർ വാങ്ങിച്ചുകൊണ്ടുപോയി ആ സ്ഥലംമാററം നടപ്പിലാക്കാതെയിരുന്നു സർ. അതുകൊണ്ടു് ഞാൻ പറയുന്നതു ഇതിനെല്ലാം പ്രധാന ഉത്തരവാദി ഈ പോലീസുമന്ത്രിയാണെന്നാണ്. അവിടത്തെ മുതലാളിമാരോടു ഈ പോലീസുമന്ത്രിക്കു ചില കടപ്പാടുകൾ ഉണ്ടു്. അതു വെച്ചുകൊണ്ടു അവർ പരസ്യമായി പലതും കാട്ടിക്കൂട്ടുകയാണ്. അതവർ പറഞ്ഞുകൊണ്ടു നടക്കുന്നതായും എനിക്കറിയാം. അതുകൊണ്ടു ഞാൻ പോലീസുമന്ത്രിയോടാവശ്യപ്പെടുന്നു, ഇത്തരത്തിലുള്ള പെരുമാററം നിറുത്താൻ അങ്ങേയ്ക്കു കഴിവില്ലെങ്കിൽ, അനീതികളെ അടിച്ചമർത്തുവാൻ അങ്ങേയ്ക്കു സാധ്യമല്ലെങ്കിൽ, കാൺഗ്രസ്സിന്റെ നിലനില്പിനെ ഓർത്തെങ്കിലും രാജിവച്ചു് സ്വസ്ഥമായി വിശ്രമം കൊള്ളുക എന്നു്.

Mr. Speaker: Mr. Balakrishna Menon, do you want to speak?

Shri K. Balakrishna Menon: I don't think, Sir, that I can make any useful contribution to the discussion and so I don't wish to speak. Thank you, Sir.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഇന്നിടത്തെ പോലീസ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു നാട്ടിൻപുറത്തുള്ള സാധുജനങ്ങൾക്കു യാതൊരു പ്രയോജനവുമില്ല എന്ന ഒരു പരിതഃസ്ഥിതിയിൽ നാം എത്തിച്ചേർന്നിരിക്കുകയാണ്. ഇന്നു നാട്ടിൻപുറത്തു ധാരാളം നടക്കുന്ന തേങ്ങാ മോഷണവും വാഴക്കുല

മോഷണവും മററും ഞങ്ങൾ എല്ലാവരും മോഷണമല്ലെന്നു പരിഗണിച്ചു തുടങ്ങിയിട്ടുണ്ട്. അതു മോഷ്ടാവിൻെറ ഒരവകാശമായി തീർന്നിട്ടുണ്ട്. മാനവും മര്യാദയുമുള്ളവർ ഇന്നു പോലീസിൻെറ അടുത്തു പോകുകയില്ല. പോകാത്തതു് ഭയംകൊണ്ടുമാത്രമാണ്. പോലീസു് ഇന്നു് കൈക്കൂലിക്കാരും കൊള്ളക്കാരുമായി തീർന്നിരിക്കുകയാണ്. അടുത്ത കാലത്തു എനിക്കൊരു സംഭവം അറിയുവാനിടയായി. ഒരു പ്രാസ്റ്റിറ്റ്യൂട്ട് അദ്ദേഹം പറയുകയുണ്ടായി ആ പ്രദേശത്തുള്ള ആളുകൾക്ക് വളരെ അധികം വിഷമങ്ങൾ ഉണ്ടായി. അതേസംബന്ധിച്ചു എ. എസ്. പി. യുടെ അടുത്തു നാട്ടുകാർ പരാതി പറഞ്ഞതിൽ അദ്ദേഹം പറഞ്ഞു എനിക്കതിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാ എന്നു് അവിടെ ഒരു പോലീസുകാരൻകൂടി എപ്പോഴും ഉണ്ടായിരിക്കും അതാരെന്നു് അന്വേഷിച്ചുകൊണ്ടുവന്നാൽ വേണ്ടതു ചെയ്യും എന്നു പറഞ്ഞു. അതായതു് ഇന്നത്തെ കൊള്ളരുതായ്മകൾക്കെല്ലാം പോലീസുകാർ കൂട്ടുനിൽക്കുകയാണെന്നാണു പറയുന്നതു്.

ഇന്നു് പോലീസിനു് കാര്യക്ഷമതയില്ലാതെ വരുന്നതിനു പ്രധാനമായി രണ്ടു കാരണങ്ങളാണുള്ളതു്. ഇന്നു ജനങ്ങൾക്കു "General defiance of law" അതായതു നിയമം നിഷേധിക്കുന്നതിനുള്ള ഒരു ആസക്തി വളരെ അധികം വദ്ധിച്ചിട്ടുള്ളതാണു പ്രധാനമായ ഒരു കാരണം. അതിനുള്ള പ്രധാന കാരണം ചില രാഷ്ട്രീയകക്ഷികളുടെ പ്രവത്തനമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

Shri P. S. Nataraja Pillai : May I know whether the Member himself has defied l aw?

<u>ശ്രീ. എ. കുഞ്ഞൻ നാടാർ</u>: ഞാൻ തന്നെ പല പ്രാവശ്യവും "ഡിഫൈ" ചെയ്തിട്ടുണ്ട്. അടുത്ത കാലത്തു ഒരു പാക്കററടി കേസിൽ ഞാനും പ്രതിയായി. പാക്കററടിക്കേസിൽ എന്നെപ്പോലെയുള്ളവർ പ്രതിയാകണമെങ്കിൽ പോലീസു് എത്രത്തോളം അധഃപതിച്ചു എന്നുള്ളതു ഞാൻ പറയാതെതന്നെ മനസ്സിലാക്കാവുന്നതാണ്.

രണ്ടാമതെനിക്കു പറയാനുള്ളതു് പോലീസു് സൈന്യത്തിനകത്തു തന്നെ അച്ചടക്കരാഹിത്യം വളരെ അധികം വളന്നിട്ടുണ്ടെന്നാണ്. ഇന്നു ഓരോ പോലീസ്സ്റ്റേഷനിൽ പോയി നോക്കിയാലും എ. എസ്. പി. പറയുന്നതു സക്കിൾ ഇൻസ്പെക്ടർ കേൾക്കുകയില്ല. സക്കിൾ ഇൻസ്പെക്ടർ പറയുന്നതു സബ്ബ് ഇൻസ്പെക്ടർ കേൾക്കുകയില്ല, സബ്ബ്ഇൻസ്പെക്ടർ പറയുന്നതു ഹെഡ്കാൺസ്റ്റബിൾ കേൾക്കുകയില്ല, ഹെഡ്കാൺസ്റ്റബിൾ പറയുന്നതു കാൺസ്റ്റബിൾ കേൾക്കുകയില്ല. ഇങ്ങനെയുള്ള വിഷമങ്ങൾനിറഞ്ഞ ഒരു പരിതഃസ്ഥിതിയാണിന്നുണ്ടായിരിക്കുന്നതു്. ഒരു കേസുംകൊണ്ടു് ഒരു കക്ഷി പോയാൽ ഇൻസ്പെക്ടർ ഒരു പോലീസുകാരനു് ഓർഡർ ഇട്ടുകൊടുക്കും. അയാൾ പോലീസുകാരനു് കഴിവുള്ളതു ചെയ്യുകയും ചെയ്യും കാര്യം നടക്കുകയുമില്ല. ഒടുവിൽ ഇൻസ്പെക്ടരോടു പരാതി പറയുകയാണെങ്കിൽ അയാൾക്കു വല്ലതും കൊടുത്തു ശരിപ്പെടുത്തിക്കൊള്ളണമെന്നു പറയും. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയാണു് ഇന്നു നാട്ടിൽ ഉണ്ടായിട്ടുള്ളതു്. അച്ചടക്കരാഹിത്യത്തെപ്പററി പറയുമ്പോൾ ഫൻ ൭ ൫—൭ ൬—ലെ പോലീസു് അഡ്മിനിസ്ട്രേഷൻ റിപ്പോട്ട് നോക്കിയാൽതന്നെ അതു കാണാവുന്നതാണ്. അതായതു്, ബ്ലാക്കമാക്ക

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

ഫൈൻ, തരംതാഴ്ത്തൽ മുതലായ ശിക്ഷകളുടെ കണക്കു നോക്കിയാൽ അതു ആകെയുള്ള പോലീസ് സൈന്യത്തിന്റെ ൫൫·൭൧ ശതമാനമായിരുന്നു. ഇത്രയധികം അച്ചടക്കരാഹിത്യവും അഴിമതിയുമാണ് ഈ പോലീസ് ഡിപ്പാർട്ടുമെന്റിലുള്ളതെന്നാണെനിക്കു പറയാനുള്ളതു്.

ഈ ൧൧൨൭–൨൮ വർഷത്തിൽ ൯൨ കള്ളനോട്ടുകേസുകൾ ഉണ്ടായിട്ടുണ്ടു്. ജനകീയഭരണം വന്നതിനുശേഷമാണു് ഇതു ഇത്ര അധികം വർദ്ധിച്ചിട്ടുള്ളതു്. ഇതുവരെ തെക്കൻതിരുവിതാംകൂറിൽ കള്ളനോട്ടുകേസുകൾ കുറവായിരുന്നു. ഇന്നു് അവിടെയും അതു് സർവ്വത്ര പ്രചാരത്തിലായിട്ടുണ്ടു്. കള്ളനോട്ടു കേസുകൾ പിടിച്ചിട്ടു് അവയെ ശിക്ഷയിൽ കൊണ്ടുവരുന്നതിനു പകരം ശിക്ഷയില്ലാതാക്കുകയാണു പോലീസുകാർ ചെയ്യുന്ന പതിവു്. ഈ രാജ്യത്തു ഇത്രയധികം കള്ളനോട്ടുകേസുകൾ ഉണ്ടായിട്ടുള്ളതു എത്രത്തോളം രാജ്യത്തെ ബാധിക്കുമെന്നുള്ളതു ഈ ഗവൺമെന്റു് വേണ്ടത്ര അറിയുന്നില്ല എന്നുള്ളതാണു് എനിക്കു തോന്നുന്നതു്.

3. P. M.

അതുപോലെതന്നെ ചാരായം പിടിപ്പുകേസ്സും. ഈ സിററിയിൽ വളരെ അധികം ചാരായവും സാമഗ്രികളും ഏതാനും മാസങ്ങൾക്കു മുമ്പു് ഒരു സർക്കിൾ ഇൻസ്പെക്ടർ കണ്ടുപിടിക്കുകയുണ്ടായി. അവിടെ നാലുവഴിയും പേരേടും വച്ചാണു് പററവർവ്വ നടത്തിക്കൊണ്ടു് വന്നതു്. പോലീസു് ഹെഡ്കാൺസ്റ്റബിൾമാരും കാൺസ്റ്റബിൾമാരും ഈ പററവരവുകാരിൽ ഉൾപ്പെട്ടും. ഈ രജിസ്റ്റർ ഐ. ജി. ക്കു അയച്ചുകൊടുത്തതായും ഇതു കണ്ടുപിടിച്ച സർക്കിൾ ഇൻസ്പെക്ടരെ തരംതാഴ്ത്തുകയും ചെയ്തതായിട്ടാണറിവു്. ഇങ്ങനെയുള്ള ഒരു പോലീസു് സേനയെ വച്ചുകൊണ്ടിരുന്നാൽ അവരെക്കൊണ്ടു് നാട്ടുകാർക്കു് വളരെ ഒന്നും ഗുണം ഉണ്ടാകുമെന്നു തോന്നുന്നില്ല.

സർ, എനിക്കു നാഗർകോവിൽ പോലീസുകാരുടെ ചെയ്തികളെ പററിയാണു് ഇനി പറയാനുള്ളതു്. അവിടെ അടുത്തകാലത്തു ഉറങ്ങിക്കിടന്നിരുന്ന ഒരു പോസ്റ്റാഫീസ് പാക്കറെ പോസ്റ്റാഫീസിൽവച്ചു നിർദ്ദയമായി വെട്ടി കൊല്ലുകയുണ്ടായി. വളരെ മാനം മര്യാദയോടുകൂടി ജീവിച്ചുപോന്നിരുന്ന ഈ വ്യക്തിയെ ഇത്ര നിഷ്ഠൂരമായ വിധത്തിൽ കൊന്നതിനു് അവിടത്തെ പോലീസു് യാതൊരു നടപടിയും നടത്തിയില്ല. ഇതുവരെ അതിനു എന്തെങ്കിലും തെളിവുണ്ടാക്കാൻ സാധിച്ചിട്ടില്ല. നാഗർകോവിലിനെപ്പോലെ, ഇത്ര തെരക്കുള്ള ഒരു സ്ഥലത്തു്, ജനങ്ങൾ അഹോരാത്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലത്തു നടന്ന ഈ കൊലപാതകത്തെപ്പററി പോലീസുകാർക്കു യാതൊരു വിവരവും ഇല്ലെന്നു പറയുന്നതു—

Shri T. M. Varghese: Does the hon. Member know that the case is under investigation?

ശ്രീ. എ. കുഞ്ഞൻനാടാർ : ഇതുവരെ കേസു ചാർജ്ജു ചെയ്തിട്ടില്ല. ഇത്രയും കാലമായിട്ടും കേസു ചാർജ്ജു ചെയ്തിട്ടില്ലെന്നുള്ളതുതന്നെ അവിടത്തെ പോലീസിന്റെ അമാന്തത്തെ കാണിക്കുന്നുണ്ടു്. സർ, അവിടെ നടത്തുന്ന ഇൻവെസ്റ്റിഗേഷന്റെ രീതി എന്താണെന്നുകൂടി ഞാൻ പറയാം.

Mr. Speaker : That means you are going beyond the purview of the motion.

ശ്രീ. എ. കുഞ്ഞൻ നാടാർ : എന്നാൽ ഞാൻ അതിലേക്കു കടക്കുന്നില്ല.

അവിടെ ഒരു ദിവസം പത്തും പതിനഞ്ചും മോഷണങ്ങളല്ല നടക്കുന്നതു്. സഖാവു രാമസ്വാമിയുടെ സ്ഥലത്തു്, മോഷണത്തിന്റെ ഉപദ്രവം സഹിക്കവയ്യാതെ ജനങ്ങൾതന്നെ സംഘടിച്ചു് അതിനെ നേരിടുവാൻ രാത്രി ചുററിസഞ്ചരിക്കുകയാണു് ജനലുകൾ കെട്ടുന്നു്, മണ്ണെണ്ണപ്പാട്ട വച്ചും. കള്ളന്മാർവന്നു് ജനൽ തുറക്കുമ്പോൾ മണ്ണെണ്ണപ്പാട്ട താഴെവീണു ശബ്ദം ഉണ്ടാകും. ഇവിടത്തെ പോലീസു് സേനയുടെ അച്ചടക്കരാഹിത്യം കൊണ്ടാണു് ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടാകുന്നതു്. ഇതിലേക്കു വേണ്ടതു ചെയ്യണമെന്നും കുറെക്കൂടി ശ്രദ്ധിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ഇ. കൃഷ്ണൻനായർ : സർ, ൩൪ ലക്ഷം രൂപയാണു് ഇവിടത്തെ പോലീസുസേനക്കുവേണ്ടി ഇത്തവണത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ.

Mr. Speaker : Mr. Krishnan Nair, are you speaking on the policy ?

Shri E. Krishnan Nair : I am supporting the Cut Motion. അതുകൊണ്ടു് ഈ സംസ്ഥാനത്തിൽ ആളൊന്നുക്കു ഒരു രൂപാ വീതം ഈ ഡിപ്പാർട്ടുമെന്റിലേക്കു ചെലവാകുന്നുണ്ടെന്നു കാണാം. കഴിഞ്ഞ വർഷത്തേക്കാൾ ൫൩ ലക്ഷം രൂപയാണു് ഇക്കൊല്ലത്തെ ബഡ്ജററിൽ കൂടുതലായി കൊള്ളിച്ചിരിക്കുന്നതു്. സമാധാനകാംക്ഷികളായ സാധാരണജനങ്ങളുടെ അവസ്ഥക്കു യാതൊരു കുഴപ്പവും വരാതെ സൂക്ഷിക്കുവാൻ വേണ്ടിയാണു് ഇവിടത്തെ പോലീസിനെ ഇത്രമാത്രം വർദ്ധിപ്പിച്ചതും ഡിപ്പാർട്ടുമെന്റിലേക്കു് കൂടുതലായി തുക ചെലവാക്കുന്നതെന്നും ഞാൻ വിചാരിക്കുന്നു.

എനിക്കു് എന്റെ നിയോജകമണ്ഡലമായ കൊട്ടാരക്കരയെപ്പററി ഒന്നു രണ്ടു വാക്കുകൾ പറയാനുണ്ടു്. അവിടെ ഒരു യുവാവിനെ പോലീസുസ്റ്റേഷനിൽവച്ചു് നിർദ്ദയമായി മർദ്ദിച്ചുകൊന്നു എന്നു പറയപ്പെടുന്ന കൊലപാതകത്തെപ്പററി വലിയ പരാതികൾ ഉണ്ടാകുകയും അതിനെപ്പററി അന്വേഷിക്കുവാൻ പ്രത്യേകം ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മററി ഒരു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തതായി അറിയാം. എന്നാൽ ആ കമ്മിററി നടത്തിയ അന്വേഷണത്തിന്റെ ഫലം എന്താണെന്നു് ആർക്കും അറിയാൻ കഴിയുന്നില്ല. കൂടാതെ ആ താലൂക്കിന്റെ രണ്ടു ഭാഗങ്ങളിലായിട്ടു സംശയാസ്പദങ്ങളായ രണ്ടു മരണങ്ങൾ ഉണ്ടായിട്ടുണ്ടു്. മുമ്പു് എന്റെ മാന്യസ്നേഹിതൻ പ്രസ്താപിച്ച

[ശ്രീ. ഇ. കൃഷ്ണൻ നായർ.]

ആ മരണങ്ങളെ സംബന്ധിച്ചു് പോലീസ് ഇടപെട്ടു് വേണ്ട അന്വേഷണങ്ങൾ ഇതുവരെ നടത്തിയിട്ടില്ല. നേരെമറിച്ചു് പോലീസ് ഉദ്യോഗസ്ഥന്മാർ ധാരാളമായിച്ചെന്നു നല്ലൊരു തുക കൈക്കൂലി വാങ്ങിയതിന്റെ ഫലമായി ആ കേസുകൾ റഫർചെയ്തു എന്നാണു് എന്റെ അറിവു്. ഇതുകൂടാതെ സാധാരണജനങ്ങൾ വഴക്കുകൾ ഉണ്ടാകുമ്പോൾ കേസുകൾ കൊടുക്കുകയും കോടതികളെ ആശ്രയിക്കുകയും ചെയ്യുമെങ്കിലും അതിനെ തുടർന്നു പല ഹർജികൾ അയക്കുകകൂടി പതിവുണ്ടു്. അതിനെപ്പററി അന്വേഷണങ്ങൾ നടത്തുന്നതു് ഒരു പ്രത്യേക രീതിയിലാണു്. പരസ്യമായി അന്വേഷണത്തിനു് ആരും പോകാറു പതിവില്ല. സ്റ്റേഷൻ ഡ്യൂട്ടിയിൽ ഇരിക്കുന്ന കാൺസ്റ്റബിൾമാരെ ഒഴിച്ചു ബാക്കി വരുന്നവരുടെ പക്കൽ ഈ തരത്തിൽവരുന്ന ഹർജികൾ കൊടുത്തയക്കാറുണ്ടു്. അവർ പരാതി അയച്ചവരുടെ പക്കൽനിന്നുതന്നെ കൈക്കൂലി വാങ്ങാൻ ശ്രമിക്കുന്നു. ഇവരെക്കൊണ്ടുള്ള ഉപദ്രവവും ക്ലേശവും ഒത്തു ഇവർ ആവശ്യപ്പെടുന്ന തുകകൾ എങ്ങനെയെങ്കിലും കടംവാങ്ങി ആളുകൾ കൊടുത്തുപോകുന്നു.

സർ, ഇവിടത്തെ പോലീസ് സേനയുടെ ഇടയിൽ ഇത്രത്തോളം കൈക്കൂലിയും അഴിമതിയും കാണുന്നതിനു് ഞാൻ കാണുന്ന ഒരു കാരണം അവർക്കു് സമാധാനപരമായി ജീവിക്കുവാൻ ഉള്ള യാതൊരു പരിതഃസ്ഥിതിയും ഇല്ലാത്ത ഒരു സ്ഥിതിയാണു് ഈ നാട്ടിന്റെ നാനാഭാഗങ്ങളിലും നിലവിലിരിക്കുന്നതു് എന്നുള്ളതാണു്. അക്രമത്തിനും അനീതിക്കും കൊള്ളക്കും കൈക്കൂലിക്കും കൂട്ടുനിൽക്കുന്നതിനുള്ള കാരണം എന്താണെന്നു ഈ ബഡ്ജററുനോക്കിയാൽതന്നെ പ്രത്യക്ഷമായി കാണാൻ കഴിയും. ബഡ്ജററിൽ ഒന്നു കണ്ണോടിച്ചപ്പോൾ എനിക്കു് പ്രധാനമായി കാണാൻ കഴിഞ്ഞതു് അവിടെ പെർമെനൻറു് സബ് ഇൻസ്പെക്ടർമാർ ൩൬ ഉള്ളപ്പോൾ ടെമ്പററിയായി ൧൩൬ പേർ ഉള്ളതായിട്ടാണു്. ൧൦, ൧൫ കൊല്ലത്തെ സർവീസുള്ളവർ ഇക്കൂട്ടരിൽ ഉണ്ടു്. ഇവർക്കു് അവരുടെ സബ്സ്റ്റാൻഷ്യൽ പേയുടെ ഒരുഭാഗംമാത്രം പെൻഷനായി കിട്ടിയേക്കാം. ഹെഡ്കാൺസ്റ്റബിൾമാരെയാണു് സബ്ഇൻസ്പെക്ടർമാരായി ടെമ്പററിയായി നിയമിക്കുന്നതു്. അവർക്കിപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളംകൊണ്ടു് ഇന്നത്തെ പരിതഃസ്ഥിതിയിൽ ജീവിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് എങ്ങനെയെങ്കിലും ഈ ടെമ്പററി പോസ്ററുകിട്ടിയിരിക്കുന്ന സന്ദർഭം വേണ്ടപോലെ ഉപയോഗിച്ചു് ധനം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ ആരായുകയും അവ വേണ്ടപോലെ ഉപയോഗിക്കുകയും ചെയ്യും. അതിനാൽ ഈ ടെമ്പററി സബ്ഇൻസ്പെക്ടർമാരെ എത്രയും വേഗത്തിൽ സ്ഥിരപ്പെടുത്തി അവർക്കു ജീവിക്കുവാനുള്ള ശമ്പളം കൊടുക്കുന്നപക്ഷം ഈ ഡിപ്പാർട്ടുമെന്റിലുള്ള കൈക്കൂലിക്കും അഴിമതിക്കും വളരെ ഒക്കെ ശമനം വരുന്നതാണു്. സർ, ഇതു് ഇൻസ്പെക്ടർമാരെമാത്രം ബാധിക്കുന്ന കാര്യമല്ല. ജീവിതത്തെ നിലനിറുത്തുവാൻ പര്യാപ്തമായ ശമ്പളം ആ ഡിപ്പാർട്ടുമെന്റിലുള്ള എല്ലാ ജീവനക്കാർക്കും നൽകേണ്ടതാണു്. അല്ലാത്തപക്ഷം നമ്മുടെ സമാധാനകാംക്ഷികളായ സാമാന്യജനങ്ങൾക്കു് പോലീസുസേനയെക്കൊണ്ടു് യാതൊരു ഉപയോഗവും ലഭിക്കാതെവരും. ഇക്കാര്യത്തിൽ ഗവണ്മെന്റു സത്വരം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker: Does the Minister want to speak on the Motion? You can reply to the discussions that have so far taken place.

Shri. T. M. Varghese: Yes.

ഇവിടെ അവതരിപ്പിക്കപ്പെട്ട ഖണ്ഡനോപക്ഷേപങ്ങൾ പലതെങ്കിലും അവയിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പ്രധാനമായി മൂന്നാണ്. അവയ്ക്കു പ്രത്യേകമായും മൊത്തമായും സമാധാനം പറയാൻ ശ്രമിക്കാം.

ഏററവും പ്രധാനമായി പുറപ്പെടുവിച്ച ആക്ഷേപം പോലീസ് ഭരണത്തിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വൈകല്യങ്ങളെപ്പററിയാണ്. ആദ്യമായി ബഹുമാനപ്പെട്ട കോട്ടയം മെമ്പർ ഒന്നുരണ്ടു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പൊലീസ് അധികാരികൾ കാണിക്കുന്നതായി വിവരിക്കുന്ന അക്രമങ്ങളെപ്പററി പൊതുവായ വിമർശനങ്ങൾ നടത്തിക്കൊണ്ട് അദ്ദേഹം കോട്ടയത്തു നടന്ന ഒരു പറിച്ചുനടീലിനെ സംബന്ധിച്ച് പൊലീസ് ഉദ്യോഗസ്ഥന്മാർ കൃത്യസ്ഥലത്തു ചെന്നു വളരെ ന്യായരഹിതമായി പെരുമാറി എന്നു പ്രസ്താവിച്ചു. ഇതിനെ സംബന്ധിച്ചു പല ഹർജികളും ഗവണ്മെൻറിനു ലഭിച്ചു. അതിനെ തുടർന്ന് അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. അതിൻെറ ഫലമായി ഗവണ്മെൻറിനു ലഭിച്ചിട്ടുള്ള വിവരങ്ങൾ—അവിടെ നടന്ന സംഭവങ്ങൾ ബഹുമാനപ്പെട്ട കോട്ടയം മെമ്പർ വളരെ അക്രമപരമായ നടപടികളായി ഈ സഭ മുമ്പാകെ ചിത്രീകരിച്ചു കേട്ടതുകൊണ്ട്—പ്രസ്താവിക്കേണ്ടതു ആവശ്യമാണെന്നു തോന്നുന്നു. പറിച്ചുനടീൽസ്ഥലത്തു നടക്കുന്ന ജോലികളെപ്പററിയുള്ള ഏകദേശമായ വിവരമെങ്കിലും ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് എല്ലാവർക്കും ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. നിലത്തിൻെറ എല്ലാ ഭാഗത്തും ഒന്നുപോലെ പറിച്ചുനടീൽ നടത്തുകയില്ല. ജോലിയുടെ സ്ഥിതിയനുസരിച്ച് അതിലേക്ക് ആവശ്യമുള്ള വേലക്കാരെ നിലത്തിൻെറ ഉടമസ്ഥന്മാർ ഏർപ്പെടുത്തുക പതിവാണ്. ആവശ്യത്തിലധികം വേലക്കാർ നിലത്തിൽ ഇറങ്ങിയാൽ ജോലിക്കു തടസ്സവും ഉടമസ്ഥന്മാർക്ക് നഷ്ടവുമാണ് ഫലം. ആ സ്ഥലത്തിൻെറ വിസ്തീർണ്ണം അനുസരിച്ചും ജോലിയുടെ സ്വഭാവം അനുസരിച്ചും എത്ര വേലക്കാർ വേണമെന്നു നിശ്ചയിക്കുവാനുള്ള അധികാരവും അവകാശവും നിലത്തിൻെറ ഉടമസ്ഥന്മാരിൽ നിക്ഷിപ്തമായിരുന്നില്ലെങ്കിൽ കാര്യമായ ജോലിനടത്തിപ്പ് അസാദ്ധ്യമാകും. വിവാദസംഭവത്തിനു ആസ്പദമായ നിലത്തിൻെറ സ്വഭാവം നോക്കിയാൽ ഒരു ൫൦൦ ആളുകളിൽ കൂടുതൽ ആ നിലത്തിൽ ഇറങ്ങി ജോലി ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എന്നാണ് അറിവായിട്ടുള്ളത്. ആവശ്യമുള്ളതിൽ വളരെ അധികം ആളുകൾ സ്ഥലത്തുചെല്ലുകയും ഉടമസ്ഥൻെറ അനുവാദം കൂടാതെയും എതിർപ്പിനെ അവഗണിച്ചും നിലത്തിൽ ഇറങ്ങുകയും ചെയ്തു. കൂടുതൽ ആളുകൾ ജോലിക്ക് ഇറങ്ങിയാൽ പറിച്ചുനടീൽ വേണ്ടപോലെ നടക്കുകയില്ല എന്നുമാത്രമല്ല ഉള്ളനടിച്ചിൽ ചവുട്ടി നാശപ്പെടുന്നതിന് സംഗതിയാവുകയും ചെയ്യും. ഇതൊന്നും കണക്കാക്കാതെ ജോലിക്ക് ഇറങ്ങേണ്ടതും ജോലിചെയ്യേണ്ടതും തങ്ങളുടെ മൗലികാവകാശത്തിൽ പെട്ടതാണെന്നുള്ള നിലയിൽ കുറെ അധികംപേർ നിലത്തിൽ ഇറങ്ങുകയാണ് ഉണ്ടായത്. പലവിധത്തിൽ

പറഞ്ഞുനോക്കിയിട്ടും അവർ പിൻമാറുന്ന മട്ട് കണ്ടില്ല. ഗത്യന്തരമില്ലാതെ വന്നപ്പോൾ വിവരം പൊലീസുകാരെ അറിയിച്ചു. അതനുസരിച്ച് പൊലീസുകാർ സ്ഥലത്തുപോയി എന്നുള്ളതും ശരിയാണ്. അതു ഒരപരാധമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എത്ര സാഹസപ്പെട്ടു പറഞ്ഞിട്ടും കേറിപ്പോകുന്നില്ലെന്നു കാണുകയും അവരെക്കൊണ്ടുള്ള ഉപദ്രവം വഹിക്കാനും സഹിക്കാനും നിവൃത്തിയില്ലാതെ വരികയും ചെയ്തതിന്റെ ഫലമായിട്ടാണ് പൊലീസുകാരെ ആശ്രയിച്ചതു്. അവർ വന്നു. അനാവശ്യമായി അനധികൃതമായി ഇറങ്ങിയ ആളുകളോട് കേറിപ്പോകാൻ പറഞ്ഞു, നിഷ്ക്കർഷയായി ആവശ്യപ്പെട്ടു. വളരെ ചുരുക്കം കയറിപ്പോയി. ബാക്കിയുള്ളവർ അസ്വസ്ഥരായി അവിടെ നിന്നു. അവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ട്. അവർ കുറെനേരം അങ്ങിനെ അവിടെ നിന്നു. മനഃപൂർവ്വമായി നടിച്ചിലും മററും ചവുട്ടിത്തേച്ചുകളയുന്നതിൽ അവരിൽ പലരും ഏർപ്പെട്ടുകൊണ്ടിരുന്നു.

ഇതു കാണുന്നതിനു വന്നുകൂടിയ ആളുകളിൽ കുറേപ്പേരും അവിടെ നടന്നുകൊണ്ടിരുന്ന ദ്രോഹകൃത്യങ്ങളിൽ കുറെ ഒക്കെ പങ്കെടുത്തുകൊണ്ടിരുന്നു. ഇതാണ് അവിടെ നടന്ന യഥാർത്ഥസംഭവങ്ങൾ. ഈ അക്രമപ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടി മാത്രമാണ് പോലീസുകാർ ഇടപെട്ടതു്. അനീതിപരമായ ഈ പ്രവൃത്തികളെ ഒരു തൊഴിൽത്തർക്കമെന്നു നാമകരണംചെയ്യുന്നതു എങ്ങിനെ ആണെന്നു മനസിലാകുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള അന്വേഷണത്തിന്റെ ഫലമായിട്ടാണോ ഇപ്രകാരം പറയുന്നതു്, അതോ പരാതിപ്പെട്ട എം. എൽ. എ. യോട് വേണ്ടതായ തെളിവു ഹാജരാക്കാൻ ആവശ്യപ്പെട്ടതിനു ശേഷമാണോ ഇതു പറയുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: മന്ത്രി നേരിട്ടു സ്ഥലത്തുപോയി അന്വേഷിച്ചില്ല. തികച്ചും വിശ്വാസയോഗ്യമാണെന്നു മന്ത്രിക്ക് ബോദ്ധ്യപ്പെട്ട വിവരങ്ങൾ ലഭിച്ചതിൽ നിന്നും അവിടെ നടന്ന സംഭവങ്ങളുടെ യഥാർത്ഥസ്ഥിതി മന്ത്രിക്ക് മനസ്സിലായി. കൂടുതൽ തെളിവു ശേഖരിക്കുകയോ സ്ഥലപരിശോധനയും മററും നടത്തുകയോ ചെയ്യണമെന്നു തോന്നിയില്ല. അന്വേഷണഫലം അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. അപ്പോഴപ്പോൾ കൃഷിനിലങ്ങളിൽ നടത്തേണ്ട കൃഷിജോലിക്ക് ആ ജോലിയുടെ സ്ഥിതിയനുസരിച്ച് എത്ര ആളുകൾ ജോലിക്കു വേണമെന്നു നിശ്ചയിക്കുന്നതു് ജോലിക്കാരല്ല, നിലമുടമസ്ഥനായിരിക്കണമെന്നുള്ളതിനെപ്പററി സംശയത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. അതിനു വിപരീതമായി നിലത്തിലിറങ്ങി അക്രമപ്രവർത്തനങ്ങൾ നടത്തുന്നതായി പൊലീസിനോടു പരാതിപ്പെട്ടാൽ അവർ ഇടപെടരുതെന്നാണോ മെംബർ പറയുന്നതു്. അങ്ങനെയുള്ള സന്ദർഭത്തിൽ പൊലീസു പ്രവേശിച്ചു് സമാധാനപാലനം നടത്തിയതിന് അവരെ അഭിനന്ദിക്കുകയും അങ്ങിനെ ചെയ്യാതിരുന്നെങ്കിൽ അതൊരു കൃത്യവിലോപമായി അവരെപ്പററി കരുതുകയും ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള അകൃത്യങ്ങൾക്കു ഏതെങ്കിലും പ്രോത്സാഹനമോ പ്രേരണയോ തൊഴിലാളികൾക്ക് ആരെങ്കിലും കൊടുത്താൽ അതു തൊഴിലാളികളുടെ നന്മയെക്കരുതിയാണോ എന്നു നോക്കേണ്ടതാണ്.

ശ്രീ. പി. ഭാസ്കരൻനായർ: ഈ അഭിപ്രായം വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും വെറുതെ അവിടെ ഇരുന്ന ആളുകളെ പരസ്യമായി മർദ്ദിക്കുന്നതിനു് ഏതെങ്കിലും നിയമം നടപ്പിലുണ്ടോ?

Mr. Speaker: Because the hon. Member is involved in this matter, is it not better that he does not put questions?

Shri. P. Bhaskaran Nair: No, I am not involved.

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല. വെറുതെ ഇരുന്നവരെമർദ്ദിച്ചെങ്കിൽ അതു് ഒരിക്കലും ശരിയല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ശരിയല്ലെങ്കിൽ അവരെ ഉപദ്രവിച്ചതു് ഏതു നിയമം അനുസരിച്ചാണു്.

Mr. Speaker: Order, order. Such questions will not lead us anywhere because these are facts which cannot be settled here.

ശ്രീ. പി. ഭാസ്കരൻ നായർ: വെറുതെ അവിടെ ഇരുന്ന ആളുകളെയാണു് തല്ലിയതു്.

ശ്രീ. ടി. എം. വർഗ്ഗീസ്: വെറുതെയിരുന്ന ആളുകളെ തല്ലിയെങ്കിൽ അതു ഒരിക്കലും ശരിയല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട കോട്ടയം മെമ്പറും ഞാനും തമ്മിൽ ആ കാര്യത്തിൽ അഭിപ്രായ ഐക്യമാണുള്ളതു്. വെറുതെ ഇരുന്നവരെ കേറി തല്ലിയെങ്കിൽ അതു പരസ്യമായിട്ടല്ല, രഹസ്യമായിട്ടായാലും കുറ്റകരമാണു്: ബഹളസ്ഥലത്തു കൂട്ടം കൂടി നിൽക്കുന്നവരോടു സ്ഥലംവിട്ടുപോകുവാൻ നല്ലവാക്കു പറഞ്ഞാൽ പോകണം. പോയില്ലെങ്കിൽ പിടിച്ചുമാറ്റേണ്ടിവരും. എന്നിട്ടും പോയില്ലെങ്കിൽ ബഹളം ഒഴിക്കുവാൻ ബലം പ്രയോഗിക്കേണ്ടിവന്നേക്കാം. ഒടുവിൽ അറസ്റ്റുചെയ്യേക്കാം. ഇങ്ങനെയാണു് നടപടികളുടെ പോക്കു്. അതുകൊണ്ടു് എനിക്കു് ബഹുമാനപ്പെട്ട മെമ്പറിന്റെ അറിവിനായി ഒന്നുരണ്ടു കാര്യങ്ങൾ പറയേണ്ടതുണ്ടു്. നാട്ടിലുള്ള തൊഴിലാളികൾക്കു് തൊഴിലുവേണം. അവരുടെ തൊഴിലിനു ന്യായമായ കൂലികിട്ടണം. ചിലപ്പോഴെല്ലാം ചില്ലറ തൊഴിൽ തർക്കങ്ങളുണ്ടാകും. തർക്കങ്ങൾ ന്യായമായി തീർക്കാനുള്ള പല വഴികളുമുണ്ടു്. ആ വഴികളിൽ കൂടി തൊഴിൽ തർക്കം തീർക്കാൻ ഉത്സാഹിക്കണം. വല്ല സ്ഥലത്തും ഒരു തൊഴിൽതർക്കം ഉണ്ടാകുകയും അതു പെട്ടെന്നു അവസാനിക്കുന്ന ലക്ഷണം ഇല്ലാതിരിക്കുകയും തൻമൂലം നാട്ടിൽ സമാധാനലംഘനത്തിനു ഇടയാകുകയും ചെയ്യുമ്പോൾ പൊലീസുകാർ ഒരു പക്ഷെ ഇടപെടേണ്ടിവന്നു എന്നു വരാം. വെറും ഒരു തൊഴിൽതർക്കം മാത്രമേ ഉള്ളുവെങ്കിൽ അതിൽ പൊലീസുകാർ ഇടപെടേണ്ടതില്ല. അതു അവരുടെ അധികാരത്തിൽ പെട്ടതല്ല, എന്നാൽ ഇവിടെ നടന്നതു ഒരു തൊഴിൽ തർക്കമല്ല. തൊഴിലാളികൾ ഉൾപ്പെടുന്ന തർക്കങ്ങളും ബഹളങ്ങളുമെല്ലാം തൊഴിൽ തർക്കങ്ങളാണെന്നു പറയുന്നതു് സർവത്ര തെറ്റാണു്. തൊഴിൽതർക്കമെന്ന ഭാവേന അഞ്ഞൂറോ അറുനൂറോ ആളുകൾ ബഹളമുണ്ടാക്കാൻ ഒരുമിച്ചുകൂടി എന്നു വരാം. ഏതുപക്ഷത്തു ഉണ്ടായിരിക്കുന്നതു അഞ്ചോ ആറോ

ആളുകൾ മാത്രമായിരിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ അവരുടെ ജീവന്റെയും വസ്തുവകകളുടേയും രക്ഷയെകരുതി പോലീസുസഹായം ആവശ്യപ്പെട്ടാൽ അതു നിഷേധിക്കുന്നതു യഥാർത്ഥത്തിൽ കുററകരമാണ്. പോലീസുകാർ ഇടപെടുന്നതിന് അത്യാവശ്യമായിവരുന്ന സാഹചര്യങ്ങൾ മനഃപൂർവ്വം സൃഷ്ടിക്കാതിരിക്കുകയാണ് വേണ്ടതു്. പോലീസുകാർ ഇടപെടേണ്ടതായ ഒരു അവസ്ഥ ഉണ്ടാക്കിത്തീർക്കുകയും പോലീസുകാർ ഇടപെടുകയും ചെയ്യുമ്പോൾ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെയും മന്ത്രിമാരെയും മററും കുററം പറഞ്ഞതുകൊണ്ടു് ഒരു വിശേഷവുമില്ല.

ശ്രീ. ടി. വി. താമസ്: പോലീസുകാർ ഈ കാര്യത്തിൽ ഇടപെട്ടതു തെററാണെന്നുള്ളതിലേയ്ക്കു് തെളിവു തരികയാണെങ്കിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ തയ്യാറാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇതു് ഒരു "ഹൈപ്പോതെററിക്കൽ ക്വസ്റ്റ്യനാണ്"

ശ്രീ. ടി. വി. താമസ്: ബഹുമാനപ്പെട്ട മന്ത്രിതന്നെ "ഹൈപ്പോതെററിക്ക"ലായിട്ടാണ് മിക്കവാറും സംസാരിക്കാറുള്ളതു്. അതായതു് "അങ്ങിനെയാണെങ്കിൽ, ഇങ്ങനെ വരുമെങ്കിൽ" ഇങ്ങനെയല്ലേ പറയുന്നതു്?

Mr Speaker : I am just telling the House—when a certain set of facts were placed by the hon. Member on this side of the House, the Minister must meet those sets of facts by a different sets of facts, if they are facts. If hon. Members assert that they are not facts, and the Minister asserts that they are facts, is this the forum where they could be settled finally ? You have been heard, and now he has to be heard. Then, decide it by the vote. That is the parliamentary procedure.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, ഒരു "Point of o.der" പല വസ്തുതകളുടേയും യാഥാർത്ഥ്യങ്ങളെ മറയ്ക്കുന്നതായിട്ടുള്ള ഒരു സ്റ്റേററ്മെൻറ് ബഹുമാനപ്പെട്ട മന്ത്രി പുറപ്പെടുവിച്ചാൽ അതിലേക്കു എന്തു നടപടിയാണ് എടുക്കേണ്ടതു് ?

Mr. Speaker : With regard to these matters now under discussion, the court is the final authority.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇവിടെ ഉന്നയിച്ച പല സമാധാനങ്ങളും—

Mr. Speaker : I am unable to make it more clear, Mr. Karunakaran. How can the Speaker make clear an incident which took place some time ago in one corner of Travancore and which is in dispute in this House? How can I give a ruling?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ അസംബ്ലി പ്രൊസീഡിംഗ്സിനകത്തു വന്നിട്ടുള്ള ഒരു സംഗതിക്കു എതിരായിട്ടു മന്ത്രി ഉത്തരം പറഞ്ഞാൽ എന്തു നടപടികളാണെടുക്കേണ്ടതു എന്നാണു എനിക്കറിയാനുള്ളതു്.

Mr. Speaker : That itself is an assertion. I repeat, that itself is an assertion. Nobody can say one way or the other. The Minister will proceed.

ശ്രീ. ടി. എം. വർഗീസ് : എനിക്കു പറയാനുള്ളതു മുഴുവൻ പറയുന്നതിനുതന്നെ സമയമില്ലാതാണിരിക്കുന്നതു്. സർ, ബഹുമാനപ്പെട്ട കോട്ടയം മെംബർ തന്നെ പറയുകയുണ്ടായി, പറിച്ചുനടീൽ ജോലിക്കു കൂലികൊടുക്കുന്നതു ഒരാൾക്കു ൩ ഇടങ്ങഴി നെല്ലാണെന്നു്. ൫൦ പേർ ചെയ്യേണ്ട ജോലി ചെയ്യാൻ ൧൦൦ പേർ ഇറങ്ങിയാൽ ഈ ൩ ഇടങ്ങഴി നെല്ലുവീതം ൧൦൦ പേർക്കും കൊടുക്കണമെന്നാണല്ലോ പറയുന്നതു്. ഓരോ ജോലിക്കും ഓരോ തരത്തിലുള്ള കൂലിയാണല്ലോ കൊടുക്കേണ്ടതു്. ജോലിക്കാരുടെ എണ്ണവും മൊത്തത്തിൽ വേണ്ടിവരുന്ന കൂലിച്ചെലവും നിശ്ചയിക്കുന്നതു ഉടമസ്ഥനല്ല ജോലിക്കാരാണു എന്നു വന്നാൽ കൃഷിജോലി നടക്കുന്നതല്ല. പിന്നീടു അദ്ദേഹം മറ്റൊരു പരാതി ഇവിടെ ഉന്നയിച്ചു. അതായതു ചെറുവള്ളി എസ്റ്റേറ്റിലെ ഒരു തൊഴിലാളിയെ ദേഹോപദ്രവം ഏല്പിച്ചതിന്റെ ഫലമായിട്ടു ഒരു കേസ് ഉത്ഭവിച്ചിട്ടുണ്ടെന്നും ഇതുവരെ അതിനെപ്പററി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലെന്നും മററും. ഈ കേസ് ഇപ്പോൾ അന്വേഷണത്തിൽ ഇരിക്കുകയാണു്. അതുകൊണ്ടു് അതേപ്പററി കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പല മെമ്പറന്മാരും പോലീസു നടപടികളെ സംബന്ധിച്ചു് പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും ആരോപണങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ബഹുമാനപ്പെട്ട കൽക്കുളം മെമ്പർ ആ സ്ഥലത്തു ഒരു പോലീസ് സ്റ്റേഷന്റെ കൂടുതൽ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. കൂടുതൽ പോലീസുസ്റ്റേഷൻ ഉണ്ടായിരുന്നാൽ മോഷണക്കേസുകൾക്കു് സാരമായ കുറവുകൾ സംഭവിക്കുമെന്നും മററും അദ്ദേഹം സൂചിപ്പിച്ചു. കൂടുതൽ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുന്ന കാര്യത്തെപ്പററി ഗവണ്മെന്റ് ചിന്തിക്കുന്നതാണു്. ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ ക്രമക്കേടുകളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളെപ്പററി എനിക്കു് പൊതുവേ പറയാനുള്ളതു് ആ പ്രസ്താവനകൾ അർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ ഗവണ്മെന്റു കണക്കാക്കുമെന്നും അവയെപ്പററി തെളിവു കിട്ടുന്നതനുസരിച്ചു് അതാതു ഉദ്യോഗസ്ഥന്മാരോടു പെരുമാറുന്നതാണെന്നുമാണു്. ബഹുമാനപ്പെട്ട ചിറയിൻകീഴ് മെമ്പർ പോലീസുഇൻസ്പെക്ടരെപ്പററി പുറപ്പെടുവിച്ചിട്ടുള്ള ആരോപണങ്ങളെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തി. ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നാണ് കണ്ടതു്. ആ പോലീസ് ഇൻസ്പെക്ടർ പറയുന്നപോലും "എനിക്കു് ഈ സ്ഥലത്തുനിന്നും എതെങ്കിലും വിധത്തിൽ പോയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. പക്ഷെ സാധിക്കുന്നില്ല" എന്നൊക്കെ. ഒരു പക്ഷെ ഇൻസ്പെക്ടർക്കു് ഒരു സ്ഥലം മാററം വേണ

മെന്നു് ആഗ്രഹമുണ്ടായിരിക്കും. അതു ഗവണ്മെൻറിൻെറ അറിവിൽ പെട്ടിട്ടില്ല. വീണ്ടും ബഹുമാനപ്പെട്ട മെമ്പർ, ചിറയിൻകീഴ് നടന്നതായി പറയുന്ന ഒരു മർഡർ കേസിനെപ്പററിയും ശബരിമലകേസിനെപ്പററിയും നടത്തിയ വിമർശനങ്ങൾക്കിടയിൽ ഈ മാതിരി സംഭവങ്ങൾ ഉണ്ടായതിനെപ്പററി ശരിയായ രീതിയിൽ അന്വേഷണം നടത്തിയിട്ടില്ലെന്നും അങ്ങിനെ നടത്തിയിരുന്നുവെങ്കിൽ ഇതിനുമുമ്പു് ഈ കേസുകൾക്കു് വേണ്ടതായ തെളിവു് ശേഖരിക്കാമായിരുന്നു എന്നും, ഇതുവരെ തെളിവു ശേഖരിക്കാൻ സാധിക്കാത്തതു് പൊലീസുകാരുടേയും മേലുദ്യോഗസ്ഥന്മാരുടേയും കാര്യക്ഷമത കുറവു കൊണ്ടാണെന്നും മററം പ്രസ്താവിക്കുകയുണ്ടായി. ഈ വക അന്വേഷണത്തിനു് നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ തെളിവുകൾ ശേഖരിച്ചു വരികയാണു്. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതുണ്ടു്. ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അവയെപ്പററി കൂടുതൽ അറിവു ലഭിച്ചിട്ടുണ്ടെങ്കിൽ അതു ഗവണ്മെൻറിനെ അറിയിക്കാവുന്നതാണു്. അന്വേഷണത്തിനു ഉപയോഗയോഗ്യമാണെന്നു കണ്ടാൽ ആ അറിവു സ്വീകരിച്ചു് ഉപയോഗപ്പെടുത്തുന്നതാണു്. സത്യം കണ്ടുപിടിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള അന്വേഷണമാണെങ്കിൽ ചിലപ്പോൾ താമസം നേരിട്ടു എന്നുവരാം, ചിലപ്പോൾ ശരിയായ തെളിവു കിട്ടിയില്ലെന്നു തന്നേയും വരാം. അന്വേഷണത്തെ സംബന്ധിച്ചു് ഇങ്ങനെയുള്ള പ്രതിബന്ധങ്ങളും കാലതാമസവും സംഭവിച്ചതിനുശേഷവും ഒടുവിൽ സത്യം വെളിപ്പെട്ടതായ കേസുകളും ഉണ്ടായിട്ടുണ്ടു്. ഇവിടേയും അന്യസ്ഥലങ്ങളിലും അങ്ങിനെ സംഭവിച്ചിട്ടുണ്ടു്. ഡിറെക്ഷനെ സംബന്ധിച്ചാണെങ്കിൽ മററു പല സ്ഥലങ്ങളേയും അപേക്ഷിച്ചു് താരതമ്യേന നമ്മുടെ പോലീസ് ഒട്ടും പിന്നിലല്ല എന്നു പറയുന്നതിനു എനിക്കു് സന്തോഷമുണ്ടു്.

മററു പല രാജ്യങ്ങളേയും അപേക്ഷിച്ചു് നമ്മുടെ രാജ്യത്തെ പൊലീസിനു് കേസുകളുടെ സത്യസ്ഥിതി കണ്ടുപിടിച്ചു് തെളിവിൽ വരുത്തുന്നതിനുള്ള പാടവം കുറവല്ലെന്നുള്ള വസ്തുത, സ്ഥിതിവിവരകണക്കുകൾ കൊണ്ടുതന്നെ കാണാവുന്നതാണു്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ വേറെയും ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഒരു സംഗതിയെ സംബന്ധിച്ചു് ഒരു ഹർജി കിട്ടിയിട്ടുണ്ടു്. അതിനെപ്പററി വേണ്ട അന്വേഷണം നടത്തുന്നുണ്ടു്. മേൽ നടപടിക്കു് വിഷയമാക്കേണ്ടതാണെന്നു അന്വേഷണത്തിൽ വെളിപ്പെട്ടാൽ അങ്ങിനെ നടത്തുകതന്നെ ചെയ്യും. നിയമാനുസരണമല്ലാത്ത പ്രവൃത്തനങ്ങളിൽ ഏർപ്പെടുകയും അഴിമതിക്കും അക്രമത്തിനും വിധേയമാകയും ചെയ്യുന്ന ഉദ്യോഗസ്ഥൻെറ മേൽ കർശനമായ നടപടികൾ നടത്തുന്നതായിരിക്കും. നേരെമറിച്ചു് അഴിമതി ചെയ്തിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടു വരുന്ന പരാതികളെ മാത്രം അടിസ്ഥാനപ്പെടുത്തി നടപടി നടത്തണമെന്നു പറയുന്നതു ശരിയല്ല, സാദ്ധ്യമല്ല. ഒരു പരാതി കിട്ടിയാൽ ആരാണു്, ആരെയാണു്, എപ്പോഴാണു്, എവിടെയാണു്, എന്തൊക്കെ അക്രമങ്ങളാണു് നടത്തിയതായി പറയുന്നതു്, അങ്ങിനെ നടത്താൻ കാരണം, പറയാൻ കാരണം ഇതൊക്കെ അന്വേഷിക്കാതെ ഒന്നും ചെയ്യുവാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള പരാതികൾ ചിലപ്പോൾ എന്തെങ്കിലും ഒരു പ്രത്യേക കാര്യ

സാദ്ധ്യത്തിനവേണ്ടി അകാരണമായി. അയച്ചു കാണാറുണ്ടു്. പരാതി വരണം ശിക്ഷിച്ചുതീരണം എന്നുള്ളതാണ് പ്രമാണമെങ്കിൽ അതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതെല്ലാം അന്വേഷിച്ചശേഷമേ നടപടി നടത്തുകയുള്ളു എന്നു പറയുന്നതിന്റെ അർത്ഥം സത്യമായി കൊണ്ടുവരുന്ന പരാതികളായിരുന്നാൽ കൂടിയും ഉടനെ നടപടി നടത്തുവാൻ സാദ്ധ്യമല്ല എന്നാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണത്തിൽ തെളിയുന്ന കുററകൃത്യങ്ങളെ നടപടികൾക്കു് വിധേയമാക്കും. അന്വേഷണംകൊണ്ടാണ സത്യാസത്യങ്ങൾ സാധാരണ വെളിപ്പെടുന്നതു്. ഒരു പൊലീസു ഉദ്യോഗസ്ഥന്റെമേൽ കുററം കണ്ടാൽ ശിക്ഷിക്കണമെന്നുള്ളതുപോലെതന്നെയോ അതിൽ കൂടുതലായോ പ്രധാന്യം അർഹിക്കുന്ന ഒരു പ്രമാണമാണ് അന്വേഷിച്ചു് സത്യമറിയാതെ ശിക്ഷിക്കരുതു് എന്നുള്ളതു്. എല്ലാ താലൂക്കുകളിലും ഒട്ടുവളരെ പൊലീസുകാരുണ്ടു്, സബ്ബ് ഇൻസ്പെക്ടർമാരുണ്ടു്, സർക്കിൾ ഇൻസ്പെക്ടറന്മാരുണ്ടു്, ഏ. എസ്. പി ഉണ്ടു്. ചില സ്ഥലങ്ങളിൽ തൊഴിൽ തർക്കമെന്നുള്ളഭാവത്തിൽ തൊഴിലാളികൾ സംഘംചേർന്നു് അക്രമങ്ങൾക്കു് ഒരുമ്പെടുകയും പൊലീസുകാർ സ്ഥലത്തെത്തി അക്രമങ്ങളെ തടയുകയും കൂടുതൽ അനിഷ്ടസംഭവങ്ങൾക്കു് കാരണമാകാതെ സമാധാനം പാലിക്കയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ നടന്ന പല സംഭവങ്ങളിൽ ഒന്നിനെ സ്പർശിച്ചെങ്കിലും എതിർപക്ഷത്തുനിന്നും ഒരു നല്ല വാക്കുപോലും പൊലീസിനെപ്പററി പറയാതിരുന്നതിൽ സാധാരണഗതിയിൽ അത്ഭുതപ്പെടാമെങ്കിലും എനിക്കു് അതിൽ അത്ഭുതം ഒട്ടുമില്ല.

ശ്രീ. ടി. വി. തോമസ്: ഏതെങ്കിലും അക്രമം ചെയ്തിട്ടുള്ള ഒരു ഇൻസ്പെക്ടറുടെ കാര്യത്തിലെങ്കിലും നടപടി എടുത്തിട്ടുള്ളതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു് പറയുവാൻ സാധിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അക്രമം ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു ഇൻസ്പെക്ടറുടെ കാര്യം ചൂണ്ടിക്കാണിച്ചാൽ അതേപ്പററി എന്തുചെയ്തു എന്നു പറയാം.

ശ്രീ. ടി. വി. തോമസ്: അങ്ങിനെയുള്ള ഒരു ഇൻസ്പെക്ടറെങ്കിലും ഉണ്ടെന്നു മന്ത്രി അവർകൾക്കു് പറയുവാൻ സാധിക്കുമോ? എന്തെങ്കിലും ഉണ്ടെങ്കിൽ വളച്ചുതിരിച്ചു് പറയാതെ നേരെ പറയണം.

ശ്രീ. ടി. എം. വർഗ്ഗീസ്: വളച്ചും തിരിച്ചും കാണുന്നതു് നോട്ടത്തിന്റെ കുററമാണ്. അതിനു ഞാനെന്തുചെയ്യും. കുററം ചെയ്തിട്ടുള്ളതായി തക്കതായ തെളിവുകിട്ടുന്നപക്ഷം വേണ്ട നടപടികൾ നിഷ്കർഷയായി നടത്തുന്നതിനും ശിക്ഷാർഹന്മാരാണെന്നു കണ്ടാൽ ശിക്ഷിക്കുന്നതിനും ഗവണ്മെൻറ തീർച്ചയായും ഒരുക്കമാണെന്നുള്ള വിവരം ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ഹീയർ, ഹീയർ)

പൊലീസ് ഉദ്യോഗസ്ഥന്മാർ ന്യായമായി പ്രവർത്തിക്കേണ്ടവരാണ്. അവരുടെ ചുമതലകൾ ഏററവും ചുമതലയേറിയതാണ്. കക്ഷിപിടിക്കാതെയും ന്യായബോധത്തോടും സത്യത്തോടും വിശ്വസ്തതയോടുംകൂടി

പ്രവർത്തിക്കേണ്ടവരാണ് അവർ. അവരുടെ ജോലികൾ അവരുടെ സ്ഥാനത്തിനു അനുയോജ്യമായ ഗൗരവത്തോടും നിഷ്പക്ഷമായും നടത്തുന്നതിനുള്ള കടമ അവർക്കുണ്ടു്. അതുകൊണ്ടു് ഈ ഗവമ്മെൻറു ഒരിക്കലും ഒരു കാരണവശാലും ഒരു പക്ഷം പിടിച്ചുകൊണ്ടു് പക്ഷപാതമനഃസ്ഥിതിയോടുകൂടി യാതൊന്നും ചെയ്യാറില്ലെന്നും അങ്ങിനെ ചെയ്യുന്നതു് ന്യായമായിട്ടുള്ളതല്ലെന്ന ബോദ്ധ്യത്തോടുകൂടിത്തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ഞാൻ ഈ സഭയിൽ ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. പൊലീസ് ഉദ്യോഗസ്ഥന്മാർ കുററം ചെയ്താൽ അവരെ ശിക്ഷിക്കാതെ മൗനം ദീക്ഷിക്കണമെന്നുള്ള മനഃസ്ഥിതിയല്ല ഗവമ്മെൻറിനുള്ളതു്. ജനകീയ ഗവമ്മെൻറു—അതിനെ നിയന്ത്രിക്കുന്ന ഭരണാധികാരികൾ ആരായിരുന്നാലും—ചില പൊതുതത്വങ്ങൾ അടിസ്ഥാനമാക്കിയേ ഭരണം നടത്തുവാൻ സാദ്ധ്യമാകുകയുള്ളു. സമാധാനപരിപാലനത്തിനുള്ള വ്യവസ്ഥകളും നടപടികളും എപ്പോഴും ഊർജ്ജിതമായിരിക്കണം. അതിനു വിപരീതമായുള്ള പ്രവർത്തനങ്ങളെ ശക്തിയായി തടയേണ്ടതാണ്. ആരുടേയും—കക്ഷികളുടേതായാലും വ്യക്തികളുടേതായാലും—ഇഷ്ടാനിഷ്ടങ്ങൾ നോക്കാൻ അതിൽ സാദ്ധ്യമല്ലാതെ വരും. അകാരണമായ അനിഷ്ടത്തിൽനിന്നും ഉത്ഭവിക്കുന്ന അടിസ്ഥാനരഹിതങ്ങളും ഉത്തമവിശ്വാസശൂന്യവുമായ ആരോപണങ്ങളെ അവഗണിക്കുകയും, എന്നാൽ ന്യായവും സൃഷ്ടിപരവുമായ വിമർശനങ്ങളെ എപ്പോഴും സ്വാഗതം ചെയ്യുകയും ചെയ്യേണ്ടതു് ഗവമ്മെൻറിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണ്. രാജ്യത്തിൻെറ പൊതുവേയുള്ള അഭിവൃദ്ധി സുരക്ഷിതമാകണം, നിഷ്പക്ഷമായ നിലയിൽ നീതിയും ന്യായവും നാട്ടിൽ എല്ലാവർക്കും ലഭിക്കണം, കൃഷിയും വ്യവസായവും ക്രമമായി അഭിവൃദ്ധിപ്പെടണം. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ ഭീഷണി അന്തർഭവിക്കുന്ന ഭാഷയിലും സ്വരത്തിലും വയലാർ പുന്നപ്ര സംഭവങ്ങളെപ്പററി പറയുകയുണ്ടായി. ഈ ഭീഷണികളെ അവ അർഹിക്കുന്ന അവജ്ഞയോടുകൂടി ഗവമ്മെൻറു അവഗണിക്കുകയും ന്യായവും നീതിയും നടത്തുന്നതിനും സമാധാനം പാലിക്കുന്നതിനും ഗവമ്മെൻറു സർവ്വശക്തിയോടും ആത്മാർത്ഥതയോടുംകൂടി വേണ്ടതെല്ലാം ചെയ്യുമെന്നു് ഈ സഭയെ അറിയിക്കുകയും കക്ഷിഭേദങ്ങൾ ഒന്നും കൂടാതെ രാജ്യരക്ഷയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി യോജിച്ചു് പ്രവർത്തിക്കുന്നതിനു് നമുക്കു് ധാരാളമായുള്ള സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു് എല്ലാവരേയും ആഹ്വാനം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മെമ്പർ പറഞ്ഞു അവിടെ മുതലാളികൾ ധാരാളം ഉണ്ടു്. ആ മുതലാളികളോടു ചില കടപ്പാടുകളും കെട്ടുപാടുകളുമുള്ള ഒരു മന്ത്രിയാണു പൊലീസുമന്ത്രിയെന്നും മററും. ആ പൊലീസുമന്ത്രിയെ ഒഴിക്കാത്തപക്ഷം മുതലാളിമാർമൂലം നാട്ടിൽ ഇനിയും അക്രമങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാഞ്ഞിരപ്പള്ളി മുതലാളികളുമായി മന്ത്രിക്കുള്ള കെട്ടുപാടുകളും കടപ്പാടുകളും അവഗണിച്ചു പ്രവർത്തിക്കുവാൻ മന്ത്രിക്കു സാധിക്കുകയില്ലെന്നും അതുകൊണ്ടു മന്ത്രിയായിരിക്കുന്ന ആൾ ആ സ്ഥാനത്തുനിന്നും മാറുന്നതാണു നല്ലതെന്നും അദ്ദേഹം മുമ്പു ചിലപ്പോൾ പറയാറുള്ളതുപോലെ ഇന്നും പറയുകയുണ്ടായി. മന്ത്രിയോടുള്ള താല്പര്യംകൊണ്ടും മെമ്പറുടെ സ്ഥല

ത്തുള്ള മററ മുതലാളിമാരുമായി ഉണ്ടായിട്ടുള്ള ഏതോ അഭിപ്രായ വ്യത്യാസംകൊണ്ടുമായിരിക്കും മെമ്പർ ഇങ്ങനെ അഭിപ്രായം പുറപ്പെടുവിച്ചതെന്നു വിചാരിക്കുന്നു. മെമ്പറുടെ സ്ഥലത്തു മെമ്പറുടെ വീട്ടുകാർ ഉൾപ്പെടെ അവിടെയുള്ള മുതലാളിമാരിൽ പലരുമായി എനിക്കു ദീർഘകാലമായി അടുത്തു പരിചയമുണ്ട്. എന്നാൽ ആരുമായിട്ടും എനിക്കു യാതൊരു വിധമായ കെട്ടുപാടും കടപ്പാടും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത മെമ്പർക്കു നേരിട്ടു അറിവുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.

Shri T. V. Thomas: Sir, on a point of order. ഇവിടെ അവതരിപ്പിച്ച 'cut motion' ന് മറുപടിയായി മന്ത്രി ഞങ്ങളുടെ സമയം നഷ്ടപ്പെടുത്തിക്കൊണ്ട്, പ്രസംഗിക്കുന്നതിൽ യാതൊരു കഴമ്പും ഇല്ലെന്നു പറയേണ്ടി വന്നതിൽ വ്യസനിക്കുന്നു. അങ്ങനെ യാതൊരു കഴമ്പും ഇല്ലാത്ത പ്രസംഗം ചെയ്യുവാൻ അദ്ദേഹത്തെ അനുവദിക്കുന്നതു് ശരിയാണോ ?

Mr. Speaker: With due respect to the Leader of the Opposition, I would ask, is it right on your part to say so? If the speech is unsubstantial I am to decide it. When hon. Members start discussion on a controversial subject, we must be able to carry on the debate accepting the principle of cut and thrust. That is the essence of debate. The hon. Minister is answering a personal question raised by that Member . I have absolutely no doubt on that.

I will put a time-limit, because any number of speeches may be made on this side of the House. If you don't expect any reply, I will ask the Government Member to sit down and keep quiet. As I said the other day, we must develop healthy conventions. You may make a dozen points. If those points are not explained and an authoritative statement is not made before the House, what is the use of the debate here ?

<u>ശ്രീ് ടി. വി. താമസ്</u> : അതിന് അഞ്ചുമണിയോടുകൂടി ഇനിയും സൗകര്യം കിട്ടുമല്ലോ ?

<u>ശ്രീ. ടി. എം. വർഗ്ഗീസ്</u> : ഇവിടെ ഒട്ടാകെ 18 പ്രസംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾക്കു അനുകൂലമായും പ്രതികൂലമായും നടന്നു. ഇതേവരെ നടന്ന വിമർശനങ്ങളെ അടിസ്ഥാനമാക്കി പറയുവാനുള്ളതു പറയണമെന്നു സ്പീക്കർ പറഞ്ഞതനുസരിച്ചു ഞാൻ പ്രസംഗിക്കവെ കാഞ്ഞിരപ്പള്ളി മെമ്പറുടെ വിമർശനങ്ങൾക്കു മറുപടി പറയുക ഉണ്ടായി.

<u>ശ്രീ. കെ. ജെ. താമസ്</u> : അവിടെയുള്ള ആളുകൾക്ക് സൈ്വരമായി ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുമോ ?

<u>ശ്രീ. ടി. എം. വർഗ്ഗീസ്</u> : സൈ്വരജീവിതത്തിനു അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണല്ലോ ഗവണ്മെന്റിന്റെ ചുമതല. ഇതിൽ കൂടുതലായിട്ടൊന്നും പറയണമെന്നു വിചാരിക്കുന്നില്ല.

(*Shri K. J. Thomas*: *stood up.*)

Mr. Speaker : Order, order please. Let him conclude his speech.

ശ്രീ. ടി. എം. വർഗ്ഗീസ്: ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചിട്ടുള്ള മെംബറന്മാർ അതു് പിൻവലിക്കുകയോ അല്ലെങ്കിൽ അതിനെ ഈ സഭ തള്ളിക്കളയുകയോ ചെയ്തു് ഈ ഡിമാൻറു പാസാക്കണമെന്നു അപേക്ഷിക്കുന്നു.

Mr. Speaker : In the circumstances, Mr. Bhaskaran Nair, do you want to press that motion (No. 4)?

Shri P. Bhaskaran Nair : No, Sir.

The motion was by leave withdrawn.

Mr. Speaker : Mr. Gangadharan, do you want to press your motion (No. 15) —"To reduce the allotment of Rs. 5,33,600 for Superintendence by Re. 1"?

Shri R. Gangadharan : I press the motion, Sir.

The motion was put and lost.

Shri R. Gangadharan : I demand a poll, Sir.

Mr. Speaker : It is too late. When the result is evident, why do you want a poll and court defeat openly?

Now, we come to District Executive Officers. I am just throwing out a suggestion for the acceptance of the hon. Members. You may proceed according to the rules. If you go to the District Executive Forces, there are 3 substantial motions of Shri P. S. Nataraja Pillai. Are you going to move all the 3 motions? If you move all of them, we may not reach the total cut motions at all.

Shri P. S. Nataraja Pillai : There are two or three motions in my name. I will move only one motion. That is, motion No. 60, to reduce the allotment of Rs. 48,43,400 by Rs. 2,27,700.

Mr. Speaker : I think that is acceptable to the House. Mr. Nataraja Pillai has tabled some substantial motions. I will call upon him to move motion No. 60.

Shri P. S. Nataraja Pillai : Sir, I move:

To reduce the allotment of Rs. 48,43,400 for District Executive Force by Rs. 2,27,700.

Sir, in moving that motion, I regret I have to make an observation. Sir, in spite of your earnest effort to establish healthy conventions and even throwing out suggestions and adjusting the debates of this House to give chances to the Treasury Benches to lay out

healthy conventions, I was really disappointed today when the demand for Police was moved by the hon. Minister, that he was not kind enough to explain the incidence or implications of the Budget he was presenting to this House.

Mr. Speaker : That has not been the practice in this House.

Shri P. S. Nataraja Pillai : That is a new practice which would have helped us and that practice would have been welcome to us. Let us have such healthy practices. When a demand is moved, it should be explained in this House, especially under the present system when we have not got any Finance Committee to go into the Budget—we have got only a Public Accounts Committee and an Estimates Committee, not a Finance Committee.

Shri A. J. John : As far as Government are concerned, Government have no objection to accept that suggestion.

Mr. Speaker : Even the other day there was an attempt on my part. But that was not approved by the House.

Shri C. Achyutha Menon : Sir, It was I who raised a point of order. What I objected to was that opportunity to speak was given for more members from the Congress party than from other parties. I had no objection to the Minister's speech.

Mr. Speaker : Can any Member honestly say that I was giving preference to any party?

Shri P. S. Nataraja Pillai : It need not be understood that any Member on this side is unwilling to receive any information which the Treasury Benches will be pleased to place before the House.

Now, Sir, I refer to Appendix IV of the Explanatory Memorandum—Part II—Schemes provided for in the Budget for 1953-54. On page 29 of that Appendix, there is a provision of Rs. 2,27,000 for the appointment of additional staff. What I want to state is if the hon. Minister in charge had explained why this additional staff has become necessary, why at the present moment the situation in the country is such that the Police Force has to be increased and what is the number that is sought to be increased, and if any of those facts were placed before the House, the discussion could have been more to the point. As it is, I have no information available from the published records. In the Administration report for 1950-51 that has been published by this Department, the total strength of the constabulary is 4382. From the Budget provision for 1953-54 as I was able to calculate, it comes to 8502. So, it is an increase of nearly 3476 according to the budget. So, in the course of four years, the personnel of the constabulary has increased by 3400 persons.

Shri N. P. Varghese : That is inclusive of the Palace Guards, I suppose.

Shri P. S. Nataraja Pillai : Certainly Palace Guards, also. But there is a provision of Rs. 56,500 for appointment of additional staff under Special Police.

So, Sir, the strength of the Constabulary has increased. What necessitated this increase is a matter which we are not aware of. There is absolutely no situation in the country of which we are aware of, to necessitate such an increase in the Police Force. Then, take another aspect of it. Take the Police Budget for the District Police. In 1948-49 it was 57.20 lakhs. Now, in 1953-54, we are estimating it at Rs. 83.831 lakhs. So, in the course of 3 years we have increased the expenditure by 28 lakhs and the increase is about 50 per cent. Is it justifiable in the existing conditions in the country, is the question which I would like to ask. After all, there is no disturbance in the country; there is no abnormal crisis in the country. Ordinary people in the country do not believe or realise that they are living in a disturbed place where life and property are insecure. On the other hand, the challenge thrown out is that the public peace is disturbed by the Police staff. Police are unnecessarily interfering in the normal activities of the people is the allegation before us. How far it is true, I do not want to examine now. At any rate, I have no hesitation in asserting that we were in normal times during the last 4 years. But the strength of the constabulary has increased by 50 per cent.

ശ്രീ എൻ. പി. വർഗ്ഗീസ് : പോലീസ്സ്റ്റേഷൻ പൊളിച്ചതും മററും നാർമൽ ടൈമിലാണോ ?

Shri P. S. Nataraja Pillai : Is it after 1950, No. That is what I said. During 1949-50, where were we? We are in normal times. There was at the time in 1948-49, I concede, when power was transferred to the shoulders of the representatives of the people, some disturbance in the country.

Shri O. C. Ninan : Is the Member aware that the traffic has increased very much and Police force is required for the purpose of regulating the traffic?

Shri P. S. Nataraja Pillai : I understand that, Sir. I would request my friend, the hon. Member for Kallooppara to contribute to the debate by giving the number. That will be useful and pertinent. What I say is, I was unable to account for the number. What I say is that the strength of the constabulary has increased. We know the genesis of the Special Police, i. e. the Palace Guards,

The Palace Guards was not a portion of the normal Police Force of this country. It was maintained at a time when we had Maharajas in this country, when we had the Crown over us as the symbol of this State.

4 P. M.]

To keep up the dignity, prestige and the necessities of the Palace and the Crown we had a palace guard, a semi military force. Whether that force ought to have been integrated with the Indian military or not, is a question which I do not want to go into now. When we have the Rajpramukh on the analogy of the Governor, whether there should be a special police for the Rajpramukh is a question for consideration. In the present set up, where is the necessity for a special police ? After having added them on to the regular police force to do the normal police duties why label it as special police. It was answered on the floor of this House that the Palace Guard formed part of the police force. What is the meaning underlying this classification ? I can understand a special police being trained to do a particular duty or kept up as reserve to meet some emergency. But why should you have 700 men under a separate category with separate office as a parallel to the normal police force ? This is a thing which I cannot understand. At any rate, this provision which the Government are asking for year after year to meet the increased expenditure of the constabulary is unjustifiable, unnecessary and unwanted. The conditions that exist in the country do not justify it.

Shri N. P. Varghese : What should be the number of police in proportion to the population ?

Shri P. S. Nataraja Pillai : My hon. friend, the Member for Muvattupuzha will realise that the equation will depend upon the density of the population and the area. One hundred insubordinate people in an area of 100 sq. miles may require more police. On the other hand, one police officer will be able to control 10,000 peaceful people in a sq. mile. So, to equate on the total number of people will not be correct. People in Travancore are peace loving. We know our duties. Especially in Travancore people are law-abiding, intelligent, educated and they have got a civic sense of duty. That being the case, why should there be an increase in the strength of the police?

Shri N. P. Varghese : Will a thousand policemen be sufficient for a million of the population?

Shri P. S. Nataraja Pillai : I have not studied the question on that basis. To compare the law-abiding, highly cultured people of Travancore, who have developed a civic sense, with those of Assam, Rajasthan or the hill tribes of Naga Hills is not at all fair.

Shri N. P. Varghese : Is the member aware that we have no military to meet any emergency?

Shri P. S. Nataraja Pillai : We are an integral part of the Union of India. The Union Government is responsible to protect the State from not only external aggression but also to maintain the internal peace of the country. We are contributing to the upkeep of the Union Force. If there is aggression or disorder, then the Military is available to us. Therefore, we need not go to the analogy of the old Independent Travancore, when we thought of maintaining our military force with machine-gun and all that. Now, we have to maintain only a normal police force. If that be the case, I do not understand why there has been this increase of nearly 50 per cent. in the police force during the last four years. I think it is unjustifiable. I have only to say that the Government must at least now, before getting the sanction of this House, re-examine the question from every point of view and if they can come to the conclusion that the additional provision can be deleted, I honestly and seriously suggest that they must be prepared to accept the cut I propose in the Demand and see that no additional appointment is made. True there are many unemployed in the country. I myself have said that there are many educated unemployed, and that the only source of employment is Government Service. This patronage should not be availed of for the appointment of constables and head constables increasing thereby the expenditure unnecessarily. If the amount provided for is meant for people in permanent service, my suggestion is that the Police force, like the Military, be asked to help the agricultural population of the country in the community project areas. There is absolutely no work for the police personnel in the ordinary maintenance of peace in the country. The ordinary police itself are not so very few as to entitle the Government to ask for an additional number. Therefore, with all the earnestness which I can command, I suggest two alternatives to Government. Government may either accept the cut motion under Demand for Rs. 1 lakh or if the appointments have already been made and if the persons have alreaby been recruited, to set apart a force to help and alleviate the ordinary people in the economic activity which the Government propose to do under the Five Year Plan. With these words I place my cut motion for the consideration of the House.

Shri Nedumangad R. Kesavan Nair : What should the policeman be asked to do?

Shri P. S. Nataraja Pillai : Just as what Jawaharlal Nehru did by taking up the basket and putting the soil over the railway line.

Shri T. M. Varghese : I submit that the hon. Member for Trivandrum has not correctly mentioned the need for the various items under this Demand. Some of the hon. Members, put some questions to the hon. Member with regard to the comparative strength and expenditure in relation to other States, Particularly at the present juncture, for maintaining peace and keeping law and order and for protecting the people and to see that their rights are safeguarded as may be directed by the Government, a strong police force is absolutely necessary. There is no doubt about that. Probably, there might have been a time when we could have intended upon other forces but these are no more available to us now. Therefore, the question is whether for the purpose of maintaining peace and law and order and for protecting the rights of individuals or communities and of the country as a whole is it not necessary that we should have such a large police force? I think it is necessary and it will become patent if we make a comparison of the strength of the police force of this State with other States or Provinces in India. The police may be asked to do cultivation or a thousand other things. But the question is whether we want them to carry out their normal duties. A comparison of the proportionate expenditure on population and the number of police force whether Constabulary or higher ranks of this State with those of other countries in India, in the Provinces or the Centre, will reveal that it is lower here. Therefore there is absolutely no need why we should question the correctness of this entry or make it appear that we are wasting money for police who may be directed for doing other things. I think it is an expenditure which we have to incur for the purpose of making it possible to live in a manner that will make us feel that we are safe, that justice will be administered, that law will be respected and therefore there will be order in the country. That is why this amount has been asked for.

ശ്രീ. എൻ. പി. വർഗീസ്സ്: ഒരുലക്ഷത്തി എഴുപത്തയ്യായിരം രൂപാ വെഹിക്കിൾസിനായി പ്രൊവൈഡുചെയ്തിട്ടുണ്ട്. അതുകൊണ്ട് എല്ലാ സ്ഥലത്തും വെഹിക്കിൾ കൊടുക്കാൻ കഴിയുമോ?

ശ്രീ. ടി. എം. വർഗീസ്സ്: എല്ലാ സ്ഥലത്തും കൊടുക്കാൻ കഴിയുകയില്ല. ഇരുപത്താറു സർക്കിളുകളിലും കൊടുക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ ആറു ജീപ്പും, രണ്ടു വാനും വരുന്നുണ്ട്.

Mr. Speaker : Does the member press his motion?

Shri P. S. Nataraja Pillai : I regret I have to press it.

The motion was put and lost.

Mr. Speaker : May I now go to the 'total cut'? Is the House agreeable to that?

The House agreed.

Shri T. K. Divakaran: Sir, I beg to move: to reduce the total allotment of Rs. 94,19,000 under Demand XV by Rs. 10.

സർ, ഈ രാജ്യത്തു ജനകീയഭരണം ആരംഭിച്ചതിനുശേഷം ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത രീതിയിൽ പോലീസിന്റെ അഴിമതികൾ നാട്ടിന്റെ നാനാഭാഗത്തും ഉണ്ടാകുന്നതായി പരാതികൾ കാണുന്നുണ്ട്. കഴിഞ്ഞ ഒരു കൊല്ലത്തിനിടയിലുള്ള പത്രറിപ്പോർട്ടുകൾ എടുത്തുനോക്കിയാൽ ഒരു ദിവസമെങ്കിലും പോലീസിന്റെ അഴിമതിയെപ്പററി റിപ്പോർട്ടുകൾ ഇല്ലാതിരിക്കുന്ന ദിവസം കാണുകയില്ല. ജനാധിപത്യഭരണത്തിൻകീഴിൽ പോലീസിന്റെ പെരുമാററത്തെ ആശ്രയിച്ചാണു ജനാധിപത്യഭരണത്തെപ്പററി ജനങ്ങളുടെ ഇടയിൽ ഒരഭിപ്രായം ഉണ്ടാകേണ്ടതു്. ഉണ്ണിയെക്കാണുമ്പോൾ അറിയാം ഊരിലെ പഞ്ഞം; എന്ന മാതിരി പോലീസു ജനങ്ങളോടു എങ്ങനെ പെരുമാറുന്നോ അതിനെ അടിസ്ഥാനമാക്കിയാണു പൊതുജനങ്ങൾ ജനാധിപത്യത്തെപ്പററി വിധിയെഴുതുന്നതു്. ഇന്നലെ പ്രതിപക്ഷ നേതാവു ബഡ്ജററിനെപ്പററി സംസാരിച്ചപ്പോൾ ധനകാര്യമന്ത്രി പറയുകയുണ്ടായി ചെലവുകളെപ്പററി നോക്കുമ്പോൾ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു തിരുവിതാംകൂർ-കൊച്ചിയിൽ പോലീസിനു കുറഞ്ഞ ചിലവാണു ചെയ്യുന്നതെന്നു്. ഈ നാട്ടിൽ പോലീസിന്റെ ഏററവും കുറഞ്ഞ ശമ്പളം കൂട്ടേണ്ട ഒരു ആവശ്യകതയെയാണു് അതു തെളിയിക്കുന്നതു്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഇവിടെ ശമ്പളം കുറവാണു്. എന്നാൽ അതിനെ അവഗണിക്കുന്ന അർത്ഥത്തിലല്ല പോലീസു ബഡ്ജററിനെപ്പററി പ്രതിപക്ഷനേതാവു് സംസാരിക്കയുണ്ടായതു്. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിനുശേഷം ഇന്നുവരെ ഉണ്ടായിട്ടുള്ള നിലവാരം വച്ചുകൊണ്ടു നോക്കിയാൽ കഴിഞ്ഞതിനെക്കാൾ ഭേദപ്പെട്ട ഒരു പെരുമാററം പോലീസിൽനിന്നു ഈ നാട്ടിലെ ജനങ്ങൾക്കു അനുഭവപ്പെട്ടിട്ടില്ലെന്നു കാണാവുന്നതാണു്. പ്രത്യേകിച്ചും പ്രതിപക്ഷത്തിൽപ്പെട്ട പല ആളുകൾക്കും വിപരീതമായ അനുഭവമാണുണ്ടായിട്ടുള്ളതെന്നും കാണാം. ഈ സഭയിൽ രാജപ്രമുഖന്റെ പ്രസംഗത്തെ വിമർശിച്ചുകൊണ്ടു പ്രതിപക്ഷനേതാവു് ആലപ്പുഴയുള്ള ഒരു ഇൻസ്പെക്ടരുടെ കാര്യം സംസാരിക്കുകയുണ്ടായി. അതിനുശേഷം, ആ പ്രസംഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു തന്നെ അവിടത്തെ ഇൻസ്പെക്ടർ നാട്ടുകാരെ മർദ്ദിക്കുകയുണ്ടായി എന്നു പ്രതിപക്ഷനേതാവു ഈ സഭയിൽ സംസാരിക്കുകയുണ്ടായി. ഇതേ അനുഭവംതന്നെ കൊല്ലത്തു ഞങ്ങൾക്കും ഉണ്ടായിട്ടുണ്ടു്. അവിടെ ഇരിക്കുന്ന മി. രാമനാഥന്റെ പേരിൽ ഏതാനും പരാതികൾ ഉന്നയിച്ചിട്ടുള്ള കാരണത്തിൻപേരിൽ തൊഴിലാളി സഖാക്കളെ ലാക്കപ്പിൽവച്ചു് മർദ്ദിക്കുകയുണ്ടായി. എറിയുന്ന കല്ലിനെ കടിക്കുന്ന നായ്ക്കളെ ശരിയായി നിർത്താൻ കഴിയാത്തതു ലജ്ജാവഹമാണു്. പ്രതിപക്ഷ നേതാവെന്ന ഉന്നതസ്ഥാനത്തെ മാനിക്കാൻ തയ്യാറുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞ ആ ആരോപണങ്ങളിന്മേൽ എന്തു നടപടി എടുത്തു എന്നറിയാൻ ഞാനാഗ്രഹിക്കുന്നു. വേറെയും ആരോപണങ്ങൾ വളരെയുണ്ടു്. പ്രതിപക്ഷത്തുനിന്നും ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെതിരായി പറഞ്ഞാൽ ആ ഉദ്യോഗസ്ഥനു ഒരു പ്രമോഷൻ കിട്ടുന്നതിനു സഹായകമായിത്തീരുമെന്നു

പോലീസുദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ധാരണ കടന്നുകൂടിയിട്ടുണ്ട്. ഈ അടുത്ത കാലത്തുതന്നെ വളരെ അധികം മർദ്ദനങ്ങൾ നടത്തിയ ഒരു പോലീസ് ഇൻസ്പെക്ടർ എന്നോടുതന്നെ പറയുകയുണ്ടായി, ഞാനും നിങ്ങളെയെല്ലാം അടിക്കാൻ പോകുകയാണെന്നു്; എങ്കിൽമാത്രമെ ഞാനും ഒരു ഇൻസ്പെക്ടറായി സർവീസിൽ ഇരിക്കുന്നുവെന്നു് ഗവൺമെൻറും ജനങ്ങളും അറിയുകയുള്ളുവെന്നു്. അങ്ങനെയാണെങ്കിലെ എനിക്കും പ്രമോഷൻ കിട്ടാൻ അർഹതയുണ്ടാകയുള്ളു എന്നും അദ്ദേഹം പറയുകയുണ്ടായി. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ എതിരായി സംസാരിക്കാൻ വിചാരിക്കുമ്പോൾ പ്രധാനമായി എനിക്കു തോന്നുന്നതു് ഇതാണ്. മാത്രമല്ല, ഏതെങ്കിലും ഒരു പോലീസുദ്യോഗസ്ഥൻെറ അഴിമതിയെപ്പററി പറഞ്ഞാൽ അതിനു് സാധാരണക്കാരനായ ഒരുത്തനാണ മർദ്ദനം അനുഭവിക്കേണ്ടിവരുന്നതു്. പ്രതിപക്ഷനേതാവിനു് ഒരു പോലീസ് ഇൻസ്പെക്ടരിൽനിന്നും ഉണ്ടായ അനുഭവത്തിൻെറ വെളിച്ചത്തിൽ ഈ നാട്ടിലെ ജനാധിപത്യം എന്താണെന്നുള്ളതിനെപ്പററി വളരെയധികം സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. പോലീസിൽനിന്നും ഈ മാതിരിയുള്ള പെരുമാററം ഞങ്ങൾക്കുണ്ടായിട്ടുള്ളതു് ഈ ഗവൺമെൻറിൻെറ പ്രതിപക്ഷത്തോടുള്ള മനോഭാവത്തെയാണ സൂചിപ്പിക്കുന്നതു്. ഇവിടെ പ്രതിപക്ഷത്തെ യാതൊരു കാര്യത്തിലും സഹകരിപ്പിക്കുന്നില്ല. പ്രധാനപ്പെട്ട പല കാര്യങ്ങളും ഇവിടെ പ്രതിപക്ഷത്തെ സഹകരിപ്പിക്കാതെതന്നെ നടത്തുന്നുണ്ട്. കമ്മ്യൂണിററി പ്രോജക്ററ്, ചേർത്തല ദുരിത നിവാരണ നടപടികൾ എന്നിവയിൽനിന്നെല്ലാം ഒഴിച്ചുനിർത്തിയിരിക്കുന്നതുകൊണ്ടാണു് മററുള്ളവരുടെ ഇടയിലും പ്രതിപക്ഷത്തിനു പരിഗണനയില്ലാതെ വന്നിരിക്കുന്നതു്.

മുൻപു ഒരുകാലത്തും ഇല്ലാതിരുന്നമാതിരി ഇപ്പോൾ ഗവൺമെൻറും പോലീസും തൊഴിൽ കാര്യങ്ങളിൽ ഇടപെടുന്നുണ്ടെന്നുള്ളതു ഒരു വാസ്തവമാണ്. ബഹുമാനപ്പെട്ട പോലീസ് മിനിസ്റ്ററോടു ഒരു കാര്യം വളരെ വിനയപൂർവ്വം ഓട്ടക്കൂടി ഞാൻ അറിയിക്കുകയാണ്. ഈ നാട്ടിലെ മുതലാളിമാരുടെയും, ജന്മിമാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു് "ഞങ്ങളുടെ വർഗ്ഗീസു സാർ" ഉണ്ടെന്നു ഈ നാട്ടിൽ അങ്ങോളമിങ്ങോളം ഒരു ധാരണ പരന്നുകഴിഞ്ഞിരിക്കുന്നു. ആ ഒരു പിൻബലത്തിൽ തൊഴിൽകാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ തൊഴിലാളികളെ ഒരു സമരത്തിലേയ്ക്കു വലിച്ചിഴച്ചു് സമരം പൊളിക്കാമെന്നു തെററായും ശരിയായും മുതലാളിമാർ ധരിച്ചിരിക്കുന്നു. അതുപോലെതന്നെ, പണിമുടക്കുണ്ടാകുന്ന രംഗങ്ങളിൽ പണിമുടക്കിയവരേയും അല്ലാത്തവരേയും തൊഴിലുകളിൽ പ്രവേശിപ്പിക്കുന്നതിനു് പോലീസ് ശ്രമം നടത്തുന്നുണ്ട്. ഇതൊന്നും കഴിഞ്ഞകാലത്തു ഈ രാജ്യത്തു ഉണ്ടായിട്ടില്ലാത്ത പ്രത്യേകതകളാണ്. ഐ. എൻ. ടി. യു. സി. പ്രവർത്തനങ്ങളേയും പോലീസ് പ്രത്യേകമായി ശ്രദ്ധിച്ചു് പല ഒത്താശകളും ചെയ്തു വരുന്നതായി അറിയുന്നുണ്ട്.

കഴിഞ്ഞതവണ ലാക്കപ്പു പരിഷ്കരണത്തിനു ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഒരു വാഗ്ദാനം നൽകിയിട്ടുണ്ട്. ആ വാഗ്ദാനം ഇതുവരെ നിറവേററി

[ശ്രീ. ടി. കെ. ദിവാകരൻ.]

യിട്ടില്ല. കഴിഞ്ഞകാലത്തുണ്ടായിരുന്ന അവസ്ഥതന്നെയാണു ഇപ്പോഴും ലാക്കപ്പുകളിൽ തുടരുന്നതു്. ലാക്കപ്പുകളിലുള്ള പ്രതികൾക്കു ശരിയായി ആഹാരം കിട്ടുന്നില്ലെന്നുള്ള പരാതി ഇപ്പോഴുമുണ്ടു്. ദിവസമൊന്നുക്കു ഒന്നേകാൽ രൂപ കൊടുക്കുന്നുണ്ടെങ്കിലും, അതിനുള്ള ആഹാരം പുള്ളികൾക്കു കിട്ടുന്നില്ല. ചോറുകൊടുക്കുന്ന കൺട്രാക്ടർമാരിൽനിന്നും ഇൻസ്പെക്ടർമാരും ഹെഡ്കാൺസ്റ്റബിൾമാരും അതിലൊരംശം പററുന്നതുകൊണ്ടാണു് പുള്ളികൾക്കു ആഹാരം ശരിയായി കിട്ടാതിരിക്കുന്നതു്.

അടുത്തായി ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണു് എനിക്കു പറയാനുള്ളതു്. ഇതിൻെറ മേലധികാരിയായി ഒരു വലിയ പോലീസുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. ഏററവും കൂടുതൽ കറപ്ഷൻ നടക്കുന്നതായ ഡിപ്പാർട്ടുമെൻറാണു് പോലീസുഡിപ്പാർട്ടുമെൻറു്. കള്ളനെ കാവൽക്കാരനാക്കുന്നതുപോലെയാണു് പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നുതന്നെ ഒരാളെ ഈ ഡിപ്പാർട്ടുമെൻറുമേലധികാരിയായി നിയമിച്ചിരിക്കുന്നതു്. ഇതിലേയ്ക്കു് പ്രത്യേകം പരിശീലനമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറു പരിഷ്കരിക്കണം.

പൊതുജനങ്ങളോടു പെരുമാറേണ്ട രീതി പഠിപ്പിക്കുന്നതിനു് പോലീസുകാർക്കു് ആയുധാഭ്യാസം കാററിക്കിസവും കവാത്തും പഠിക്കുന്നപോലെ ഒരു പ്രത്യേക ക്ലാസ്സു് നടത്തുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഒരു ജനാധിപത്യഭരണ വ്യവസ്ഥയിൽ-- മാറിയ പരിതഃസ്ഥിതിക്കനുസരണമായി പോലീസുകാർ, പൊതുജനങ്ങളോടു് പെരുമാറാനുള്ള രീതി പഠിക്കേണ്ട ആവശ്യമുണ്ടു്. അതിലേയ്ക്കു മന്ത്രിമാരും പോലീസു ഡിപ്പാർട്ടുമെൻറു മേലധികാരികളുംകൂടി ആലോചിച്ചു വേണ്ട പരിഹാരമുണ്ടാക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇനി നമ്മുടെ പോലീസു ഡിപ്പാർട്ടുമെൻറിൻെറ ഇൻവെസ്റ്റിഗേഷൻ രീതിയെപ്പററിയും അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഇവർ പല കേസ്സുകളും ന്യായമായ രീതിയിൽ അന്വേഷണം നടത്തിക്കാണുന്നില്ല എന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണു്. ഇതിലേയ്ക്കു ഉദാഹരണമായി ഇവിടെ ഇപ്പോൾ ഉണ്ടായിട്ടുള്ള കള്ളനോട്ടുകേസ്സുകളുടെ എണ്ണം നോക്കിയാൽ അറിയാം. ആ കാര്യത്തിൽനിന്നും തന്നെ ഇൻവെസ്റ്റിഗേഷൻ കാര്യത്തിൽ നമ്മുടെ പോലീസു എത്രമാത്രം അധഃപതിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കാം. ലക്ഷക്കണക്കിനുള്ള കള്ളനോട്ടുകൾ തിരുവനന്തപുരത്തും പുറത്തും പ്രചരണം നടത്തിയതിനുശേഷം മാത്രമേ അതു കണ്ടുപിടിക്കാൻ നമ്മുടെ പോലീസിനു കഴിവുണ്ടായുള്ളു. ഇന്നു രാജ്യത്തിൽ അങ്ങോളം ഇങ്ങോളം മോഷണങ്ങൾ നടക്കുന്നുണ്ടു്. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടില്ലാത്ത രീതിയിൽ മോഷണങ്ങൾ നടന്നുവരുന്നു. ഇന്നലെ രാത്രി, ഇതിനടുത്തുവച്ചു്, ഈ സഭയുടെ ആറുവാര അകലെവച്ചു് ഒരു മോഷണം നടന്നിരിക്കുന്നു. കൊലപാതകവും മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ വർദ്ധിച്ചിരിക്കുന്നു. അതുപോലെതന്നെ സംശയാസ്പദങ്ങളായ മരണങ്ങളും വളരെ കൂടുതലായി കാണുന്നുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങളിൽ വേണ്ടപ്പെട്ടവരെ സ്വാധീനപ്പെടുത്തിയാൽ മതി. കേസ്സു് ഇല്ലാതെയാകുവാൻ എന്നു ഒരു ധാരണ പലരുടെയും

ഇടയിലുണ്ട്. ഇതിന് അനേകം ഉദാഹരണങ്ങൾ എനിക്കറിയാം. ൧൯൫൨—ൽ ഹരിപ്പാട്ട് ധീവര സമുദായത്തിൽപ്പെട്ട ഒരു യുവതിയെ അവിടെയുള്ള ചിലർകൂടി മാനഭംഗം ചെയ്തു എന്നൊരു കേസ്സ് ഉണ്ടായിട്ടുണ്ട്. ഈ കേസ്സിലെ പ്രതികളെ പിടിക്കാൻ ഇതേവരെ പോലീസിനു കഴിവുണ്ടായിട്ടില്ല. ഇതിനെപ്പററി പല പരാതികളും ഇൻസ്പെക്ടർ ജനറലിനും പോലീസുവകുപ്പുമന്ത്രിക്കും അയച്ചിട്ടുണ്ട്. ഈ വിവരം ഞാൻതന്നെ പോലീസുവകുപ്പുമന്ത്രിയെ നേരിട്ടു അറിയിച്ചു, ഇതുവരെയായിട്ടും ഈ കേസ്സിലെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. പ്രതികളിൽ പല ആളുകളും വലിയ ശുപാർശകളും ആയി, കൊല്ലത്തു നടക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ പോലീസുവകുപ്പുമന്ത്രിയുടെ വീട് കൊല്ലത്താണ്. എന്റെ സ്വദേശവും കൊല്ലത്താണ്. ഈ ശുപാർശയുടെ കാര്യത്തിനുവേണ്ടി ഹരിപ്പാട്ടുകേസ്സിലെ പ്രതികൾ പോലീസുവകുപ്പുമന്ത്രിയെ സമീപിച്ചിട്ടില്ലാ എന്നു പറയുവാൻ ഈശ്വരവിശ്വാസമുള്ള മന്ത്രിയെ, യേശുക്രിസ്തുവിന്റെ പേരിൽ ഈ സഭയിൽ പറയുവാൻ ഞാൻ വെല്ലുവിളിക്കുന്നു. പല സിവിൽ കേസ്സുകളിലും പോലീസു ഇടപെടുന്നുണ്ടെന്നുള്ള കാര്യവും ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. കൊട്ടാരക്കര ചെറിയവെളിയനെല്ലൂരിൽ ഒരു സിവിൽ കേസിലെ കക്ഷി എതിർ കക്ഷിക്കു അയ്യായിരം രൂപ കൊടുത്തു ആ കേസ്സു രാജിയാക്കാൻ പുനലൂർ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞതിനെ അനുസരിക്കാത്തതുകൊണ്ട് ആ കക്ഷി പല ക്രിമിനൽ കേസ്സുകളിലും പ്രതിയായി അനേകം രൂപ നഷ്ടം സഹിക്കേണ്ടതായും വന്നിരിക്കുന്നു. അതിനെപ്പററി ഇൻസ്പെക്ടർ ജനറലിനോട് നാലു പ്രാവശ്യം ഒരു അഡ്വക്കേററു മുഖാന്തിരം പരാതിപ്പെട്ടതായും അറിയാം. എന്നാൽ ഇതേപ്പററി അന്വേഷിക്കാൻ ആ സർക്കിൾ ഇൻസ്പെക്ടരെ തന്നെയാണ് ചുമതലപ്പെടുത്തിയതു്. ഈ മാതിരി കാര്യങ്ങൾക്കു സാധാരണക്കാർക്ക് ന്യായമായ പരിഹാരം പോലീസിൽനിന്നു ലഭിക്കുമോ എന്നു എനിക്കു സംശയമാണ്. സാധാരണമായി പരാതിയുംകൊണ്ടു പോലീസു സ്റ്റേഷനിൽ ചെന്നാൽ യാതൊരു പരിഹാരവും ഉണ്ടാകുന്നില്ല. പീരുമേടു താലൂക്കിൽ ഏകദേശം പതിനായിരം രൂപയുടെ സ്വത്തുക്കൾ നഷ്ടപ്പെടുന്നതിന് ഇടവന്നിട്ടുള്ള ഒരു കേസുണ്ടായിട്ടു്. ഇതുവരെ അതിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഈ കേസിലെ കക്ഷി ൨൨—൯—൧൯൫൨-ലാണ് ആദ്യം പീരുമേട് സ്റ്റേഷനിൽ പരാതിപ്പെട്ടതു്. വളരെ നാളത്തേയ്ക്കു അതിന്മേൽ യാതൊരു നടപടിയും നടത്തിക്കാണാത്തതിനാൽ വീണ്ടും അതിനെപ്പററി പരാതിപ്പെട്ടതിന്റെ ഫലമായി ഡി. എസ്സ്. പി. യുടെ നിർദ്ദേശപ്രകാരം അതിലെ എഫ്. ഐ. ആർ. എടുത്തതു് ൨൩—൧൦—൧൯൫൨-ലാണ്. ഇപ്രകാരമുള്ള വലിയ കേസുകൾക്കും, തീവയ്പ്, കൊലപാതകം മുതലായ കേസുകൾക്കും മേലധികാരികളുടെ നിർദ്ദേശം കിട്ടിയാൽ മാത്രമേ നടപടികളാരംഭിക്കുകയുള്ളു എന്നു വരുന്നതു് വലിയ കഷ്ടമാണ്.

ശ്രീ. എസ്സ്. ജി. ദേവിയപ്പൻ: ഈ കേസു നടന്നതു് പീരുമേട്ടിൽ ഏതു ഭാഗത്താണ്?

ശ്രീ. ടി. കെ. ദിവാകരൻ: പീരുമേടു താലൂക്കിൽ പെരിയാർ പകുതിയിൽ വിളാടിപുതുവലിൽ താമസം, എടച്ചേരിക്കുന്നിൽ ദേവസ്യ

[ശ്രീ. ടി. കെ. ദിവാകരൻ.]

മറിയ കൊടുത്ത പരാതിയാണ്. ഈമാതിരി കേസുകൾ ഉണ്ടാകുന്ന അവസരത്തിൽ കേസെടുക്കാത്ത ഉദാഹരണങ്ങൾ ഈ രാജ്യത്തു അനവധി യുണ്ട്. എതിർപക്ഷത്തിലുള്ളവർ ഇടപെടുന്ന കേസുകളിൽ കാണിക്കുന്ന ക്രമക്കേടുകളും കൃത്രിമങ്ങളും ധാരാളമാണ്. തൊഴിൽ തർക്കങ്ങളിൽ ഉണ്ടായിരിക്കുന്ന കേസ്സുകൾ പരിശോധിച്ചാൽ ഇതറിയാൻ കഴിയും. സർ, പ്രതിപക്ഷകക്ഷിയിലെ ഒരു മെമ്പർ, സഖാവ് പി. ഭാസ്കരൻ നായർ അദ്ദേഹത്തിന് നേരിട്ടനുഭവപ്പെട്ട ഒരു സംഭവം ഇവിടെ വിവരിക്കുകയുണ്ടായി. കോട്ടയം സർക്കിൾ ഇൻസ്പെക്ടർ അദ്ദേഹത്തോടു പെരുമാറിയ രീതി, ഏററവും ധിക്കാരപരമായിരുന്നു. ഒരു വരവരച്ചു കാണിച്ചിട്ട് 'ഈ അതിർത്തിവിട്ടു കടക്കരുതു്' എന്നു ഒരു സർക്കിൾ ഇൻസ്പെക്ടർ ഈ നിയമസഭയിലെ ഒരു അംഗത്തോട്, വിശേഷിച്ചു് പ്രതിപക്ഷത്തിലെ ഒരംഗത്തോടു പറയത്തക്ക ധാർഷ്ട്യം ഒരു പോലീസുദ്യോഗസ്ഥനുണ്ടായി. അതിനു സമാധാനം പറയേണ്ട ചുമതല മന്ത്രിക്കുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇതിനൊരു മറുപടി, വ്യക്തമായ ഒരു മറുപടി—മയിലെണ്ണപുരട്ടിയ ഭാഷയിലുള്ളതല്ലാത്ത ഒരു മറുപടി—ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നു.

അതുപോലെതന്നെയാണ് സാർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആരോപണങ്ങൾക്കും ശരിയായ മറുപടി പറയണം. അന്യായം കാണിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശക്തിയായ നടപടികൾ അധികാരത്തിലിരിക്കുന്ന ഗവണ്മെന്റും മേലധികാരികളും എടുക്കുമെന്നു കണ്ടിരുന്നാൽ ഈ ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ ഇല്ലാതാക്കാൻ കഴിയുന്നതാണ്.

ഈ രാജ്യത്തു് പോലീസിന്റെ മൊറയിൽ നില നില്ക്കണമെങ്കിൽ അധികാരത്തിലിരിക്കുന്ന ഗവണ്മെന്റ് അവരുടെ അഴിമതികൾക്കും അക്രമങ്ങൾക്കും കൂട്ടു നിൽക്കുന്നതുകൊണ്ടുമാത്രമേ സാധിക്കുകയുള്ളുവെന്നു ധാരണ മന്ത്രിക്കാണെന്നുതോന്നുന്നു. ജനങ്ങളുടെ മനോവീര്യം നില നിർത്തുകയാണാവശ്യം. അതിലേയ്ക്കു് പോലീസിന്റെ അഴിമതികളെപ്പററി സാർവത്രികമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ശബ്ദങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കേണ്ടതാണ്. അപ്പോൾ ജനങ്ങൾക്കു് അവരുടെ മേലുള്ള ഭയവും വിശ്വാസമില്ലായ്മയും ഇല്ലാതാക്കാൻ കഴിയുന്നതാണ്. അതിലേയ്ക്കു് ശക്തിയായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

കഴിഞ്ഞ നിയമസഭയിൽ ചെയ്ത ഒരു വാഗ്ദാനം ബഹുമാനപ്പെട്ട പോലീസുമന്ത്രി ഇതുവരെ നിറവേററിയിട്ടില്ല എന്നു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. കൊല്ലത്തു് ഇൻസ്പെക്ടർ രാമനാഥന്റെ പേരിൽ ഞാൻ അയച്ചിട്ടുള്ള പരാതിയെപ്പററി എന്നോടു നേരിട്ടു, ഗവണ്മെന്റു വേണ്ടതു ചെയ്യുന്നതാണെന്നു ഈ സഭ മുൻപാകെ കഴിഞ്ഞ തവണ പോലീസുമന്ത്രി പറയുകയുണ്ടായി. പക്ഷെ ഇതുവരെയായി യാതൊരന്വേഷണവും നടത്തുകയോ എന്റെ പരാതിക്കു പരിഹാരമുണ്ടാക്കുകയോ ചെയ്തിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചും ന്യായമായ ഒരു മറുപടി പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. രാമകൃഷ്ണൻ: സഖാവ് ദിവാകരന്റെ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് രണ്ടുവാക്കു പറയാൻ ഒരവസരം കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു. പോലീസു ഡിപ്പാർട്ടുമെന്റിലെ അഴിമതികളെപ്പറ്റി വിമർശനം ചെയ്യുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല എന്നുള്ളതു നമ്മുടെ ആഭ്യന്തരമന്ത്രിയുടെ മറുപടിയിൽനിന്നും വിശദമായി. എങ്കിലും നമ്മുടെ നാട്ടിലെ ജനങ്ങളുടെ വ്യാമോഹം ഇന്നും നാം വസ്തുതകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ചില ഗുണങ്ങൾ ഉണ്ടാകുമെന്നാണ്. പഴയ ദിവാൻ ഭരണകാലത്തും പല അഴിമതികൾ നടന്നിട്ടുണ്ട്. ഇന്നു ട്രഷറി ബഞ്ചുകളിൽ ഇരിക്കുന്ന മന്ത്രിമാരിൽ ധനകാര്യമന്ത്രിയുടെ മുതുകിൽ കിട്ടിയിട്ടുള്ള പാടു നോക്കിയാൽ അതു് വ്യക്തമാകും.

ശ്രീ. നെടുമങ്ങാട്ടു ആർ. കേശവൻ നായർ: എത്രകൊല്ലത്തിനുമുമ്പാണ് അടി കിട്ടിയതു്?

ശ്രീ. രാമകൃഷ്ണൻ: ദിവാൻ ഭരണകാലത്താണ്. രാജേന്ദ്രമൈതാനത്തുണ്ടായ സംഭവം അദ്ദേഹം മറന്നുകാണുകയില്ല. ഞാൻ ചില പഴയ കാലസംഭവങ്ങളെപ്പറ്റി ഓർമ്മിച്ചുപോകുകയാണ്. അതേ സംബന്ധിച്ചുണ്ടായ അടിയന്തിരപ്രമേയവേളയിൽ മന്ത്രിയായിരുന്ന ശ്രീ. ടി. കെ. നായർ പറഞ്ഞ ചില വാചകങ്ങൾ അതായതു്, ലാത്തിചാർജ്ജ് രണ്ട് ഔൺസ് കൊടുക്കാൻ പറഞ്ഞാൽ പോലീസുകാർ നാലു് ഔൺസുപയോഗിച്ചുപോകുമെന്നാണ്. അന്ന് അനേകം പേരുടെ തല തല്ലിപ്പൊട്ടിക്കുകയുണ്ടായി. അന്നു ജനങ്ങൾക്കുണ്ടായിരുന്ന മാതിരിയുള്ള ഒരു ധാരണയാണ് ഇന്നു ജനങ്ങളിൽ പോലീസിനെപ്പറ്റി ഉണ്ടായിരിക്കുന്നതു്. അന്നു ദിവാൻഭരണമായിരുന്നു. എന്നാൽ ഇന്ന് ഉത്തരവാദഭരണം കിട്ടിയിട്ടും അതിന്റെ പേരിൽ നിരുത്തരവാദപരമായ മർദ്ദനമുറകൾ വർദ്ധിച്ചു വർദ്ധിച്ചുവരുകയാണ്. ഇന്ന് ഗവണ്മെന്റിനു് ഒരു ധാരണയുണ്ട്. പോലീസും പട്ടാളവും കൈവശമുണ്ടെങ്കിൽ ഏതൊരു കാര്യവും സാധിക്കാമെന്നു്. ഈയൊരു ധാരണയുടെ ഫലമാണെന്നു തോന്നുന്നു ഇന്നു ഇവിടെ നടക്കുന്ന മർദ്ദനം. പക്ഷെ അതിനുള്ള മറുപടിയും ജനങ്ങൾതന്നെ പറയുന്നതാണ്. പഴയ കാലങ്ങളും അനുഭവങ്ങളുമെല്ലാം ഇന്ന് മറന്നുപോയിട്ടുണ്ടെങ്കിൽ അതു് ഒന്നുകൂടി ഓർമ്മിച്ചാൽ കൊള്ളാം. ഇന്നു് കക്ഷിഭേദംകൂടാതെയാണ് ചില ആളുകൾക്കുവേണ്ടി കാൺഗ്രസ്സ് എന്നോ ഐക്യമുന്നണിയെന്നോ മറ്റേതെങ്കിലും പാർട്ടിയിൽപ്പെട്ടവരെന്നോ ഉള്ള ഭേദം കൂടാതെ ജനങ്ങളെ മർദ്ദിച്ചുവരുന്നതു്. പെരുമ്പാവൂർവച്ച് ഒരാളെ ഒരു കാൺഗ്രസ്സുകാരനെതന്നെ മർദ്ദിച്ചു കൊലപ്പെടുത്തി. എറണാകുളത്തും അതുപോലെ കാൺഗ്രസ്സിൽപ്പെട്ട ഒരാളെത്തന്നെയാണ് പോലീസു മർദ്ദിച്ചതു്. ഇങ്ങനെ രാജ്യത്തിന്റെ ഓരോ ഭാഗത്തും മർദ്ദനം നടന്നുകൊണ്ടിരിക്കുന്നു.

ഇന്ന് ഏതെങ്കിലും കാരണത്തിന്മേൽ ഒരാളെ ലാക്കപ്പിൽ കൊണ്ടുപോയാൽ അയാളുടെമേൽ സർവ്വവിധത്തിലുള്ള മർദ്ദനങ്ങളും പ്രയോഗിക്കുന്നു. ദാരിദ്ര്യം ഒരു കുററമല്ല. ഏതെങ്കിലും ഒരു മോഷണം ഉണ്ടായാൽ അതു് പാവപ്പെട്ടവരായിരിക്കും ചെയ്തിരിക്കുന്നതു എന്നുള്ള ധാരണയിൽ അവരെ ലാക്കപ്പുകളിൽ കൊണ്ടുപോയി സർവ്വവിധ മർദ്ദന

[ശ്രീ. രാമകൃഷ്ണൻ.]

ങ്ങളും അയാളിൽ പ്രയോഗിക്കുന്നു. ചിലപ്പോൾ അയാൾ തല്ലു കൊണ്ടു സഹിക്കവയ്യാതെ കുററം സമ്മതിച്ചു എന്നുവരാം. വാസ്തവത്തിൽ അയാൾ അതു ചെയ്യുകയായിരിക്കയില്ല. ഇതുപോലെയുള്ള സംഭവങ്ങൾ തടയേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. അതു് നമ്മുടെ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നാണെനിക്കു് പറയാനുള്ളതു്.

ഈ അവസരത്തിൽ ഒരു കാര്യംകൂടി എനിക്കു പറയാനുള്ളതു് പണ്ടു് ഒരു നമ്പൂതിരി ആദ്യമായി തീവണ്ടിയിൽ കയറി യാത്ര ചെയ്തപ്പോൾ ഉണ്ടായ അനുഭവത്തെ വിവരിച്ചുകൊണ്ടുള്ളതാണു്. ആ നമ്പൂതിരി ആദ്യമായി രണ്ടാംക്ലാസ്സിൽ യാത്ര ചെയ്തുകൊണ്ടിരിക്കവെ വണ്ടിയിൽ തുപ്പുകയുണ്ടായി. ഇതു കണ്ടു് അടുത്തിരുന്ന സഹയാത്രക്കാരൻ നമ്പൂതിരിക്കു് ഒരു പ്രഹരം കൊടുത്തു. നമ്പൂതിരി മടങ്ങിവന്നപ്പോൾ 'യാത്ര എങ്ങനെയിരുന്നു' എന്നു ചോദിച്ചതിനു് യാത്ര നന്നായിരുന്നു പക്ഷെ ഇടയ്ക്കുള്ള അനുഭവംമാത്രം അത്ര സുഖമല്ലയെന്നു പറഞ്ഞു. അതുപോലെ ജനാധിപത്യഭരണത്തിൽ ഈ അനുഭവം അത്ര നല്ലതല്ല. ജനാധിപത്യം നല്ലതാണു്. ഇടയ്ക്കുള്ള മർദ്ദനമാണു് സഹിക്കവയ്യാത്തതു്. ഈവക മർദ്ദനങ്ങളെല്ലാം നിറുത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ നിറുത്തുന്നു.

ശ്രീ. കെ. കുട്ടപ്പൻ: സഖാവു ടി. കെ. ദിവാകരൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് ഈ സഭയുടെ ശ്രദ്ധയിൽ ഏതാനും കാര്യങ്ങൾ കൊണ്ടുവരാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിൽ ഇതുപോലെയുള്ള സന്ദർഭത്തിൽ ഈ സഭയുടെ ശ്രദ്ധയിലും പോലീസുമന്ത്രിയുടെ ശ്രദ്ധയിലും ഞാൻ ഒരു കേസിൻെറ സംഗതി കൊണ്ടുവരുകയുണ്ടായി. ആ കേസിനെ സംബന്ധിച്ചുതന്നെ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് സഖാവു ശ്രീ. ടി. കെ. ദിവാകരനും സംസാരിച്ചു. അതായതു് കാർത്തികപ്പള്ളിയിൽ നടന്ന ബലാൽസംഗകേസിനെ സംബന്ധിച്ചാണു് ഞാൻ പറഞ്ഞതു്. ഈ സെക്ഷനിൽതന്നെ ഒരു ചോദ്യത്തിനുത്തരമായി എനിക്കു കിട്ടിയ മറുപടി ആ കേസു സംബന്ധിച്ചന്വേഷണം നടത്തിയെന്നും പ്രതികൾ ഈ രാജ്യത്തില്ലയെന്നുമാണു്. ഇതു ശരിയാണോ, സഖാവു് ദിവാകരൻ പറഞ്ഞതു പോലെ ആത്മാർത്ഥതയോടുകൂടി, സത്യസന്ധതയോടുകൂടി പോലീസുമന്ത്രി ഇതിനൊരു മറുപടി പറയണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പോലീസുമന്ത്രിക്കു്, ആയിരംതെങ്ങു ബോട്ടുജെട്ടിക്കടുത്തു് ഒരു മൈൽ സ്ഥലം വിജന പ്രദേശമാണെന്നു് അറിയാം. അവിടെ പല സംഭവങ്ങളും ഉണ്ടാകുന്നുണ്ടു്. രാത്രികാലങ്ങളിൽ ബോട്ടുജട്ടിയിൽനിന്നും കിഴക്കോട്ടു വരുന്ന യാത്രക്കാരെ ആ വിജന പ്രദേശത്തുവച്ചു് അക്രമികൾ പല അക്രമങ്ങളും ചെയ്യുന്നുണ്ടു്. അസമയത്തു അക്രമികൾ അതിലെ പോകുന്ന ആളുകളെ ചിക്കിട്ടു പിടിക്കുകയും അതായതു്, തലയിൽക്കൂടി ചിക്കിട്ടു മൂടി പിടിച്ചുനിറുത്തി ഉപദ്രവിച്ചു കൈയിലുള്ള പണവും സാധനങ്ങളും അപഹരിച്ചതിനുശേഷം കൊലപ്പെടുത്തിയിട്ടുള്ളതായുള്ള സംഗതികൾ പല പ്രാവശ്യവും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ ഒരു വർഷക്കാലത്തിനകം ഇങ്ങനെ സംശയാസ്പദമായി മൂന്നു കൊലപാതകം അവിടെ നടന്ന

തായി അറിയാൻ കഴിഞ്ഞു. ഈ മൂന്നു സംഭവങ്ങൾ സംബന്ധിച്ചു് അന്വേഷണം നടത്തി അക്രമികളെ പിടികൂടുന്നതിനൊ, ഈ സംഭവങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നതിനൊ ഊർജ്ജിതമായ് നടപടികൾ യാതൊന്നും നടത്തിയിട്ടില്ലയെന്നുള്ളതു് ആ സ്ഥലത്തു പരക്കെ അറിവുള്ള സംഗതിയാണു്. അതുപോലെതന്നെ രണ്ടു ദിവസത്തിനുമുമ്പു ട്രാൻസ്പോർട്ടു ചെക്കിംഗ് ഇൻസ്പെക്ടർ മാധവപ്പണിക്കർ ലാസ്റ്റ്ബസ്സു് ചെക്കു ചെയ്തുകഴിഞ്ഞതിനുശേഷം കീരിക്കാട്ടുവഴി പോകുന്ന അവസരത്തിൽ ഇതുപോലെ ഒരു സംഭവമുണ്ടായി. എന്നാൽ അദ്ദേഹം ഉച്ചത്തിൽ കിടന്നു വിളിച്ചതുകൊണ്ടു് രക്ഷപ്പെടുകയുണ്ടായി എന്നു എനിക്കു നേരിട്ടു ഇന്നലെ അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ അനുഭവം ഒരു പ്രസ്താവന മൂലം പത്രങ്ങളിൽക്കൂടി പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടു്. ട്രാൻസ്പോർട്ടു ഉദ്യോഗസ്ഥന്മാരേയും പോലീസിനേയും വിവരങ്ങൾ അറിയിച്ചിട്ടും ഉണ്ടു്. ഇവിടത്തെ പോലീസ് ആത്മാഭിമാനവും അന്തസ്സുള്ളവരും നല്ല തറവാടിത്വം ഉള്ളവരുമാണെന്നു പറഞ്ഞ പോലീസുമന്ത്രി പൌരന്മാർക്കു് മാനമായി ജീവിക്കത്തക്കവണ്ണവും മാനമായി യാത്ര ചെയ്യത്തക്കവണ്ണവുമുള്ള സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും ഈ വക കാര്യങ്ങൾ ശരിയായി മനസ്സിലാക്കണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

മറെറാരു കാര്യം കഴിഞ്ഞ ബഡ്ജററ സമ്മേളനത്തിൽ പോലീസിനെപ്പററി സംസാരിച്ചയവസരത്തിൽ കായംകുളത്തെ സബ്ബ്ഇൻസ്പെക്ടരുടെ കൊള്ളരുതായ്മകളെപ്പററി പരാതി പറയുകയുണ്ടായി. ഭാഗ്യവശാലൊ, നിർഭാഗ്യവശാലൊ ആ സബ്ബ് ഇൻസ്പെക്ടരെ അവിടെ നിന്നും സ്ഥലംമാററുകയുണ്ടായി. ആ സബ്ബ് ഇൻസ്പെക്ടർ കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളക്കേസുകളിൽ ഈ സഭയിലെ അംഗങ്ങൾ ഇന്നും പ്രതികളാണു്. എന്താണു ഞങ്ങൾ ചെയ്തിട്ടുള്ള കൃത്യങ്ങൾ? ഈ സഭയിലെ അംഗങ്ങളായ സഖാവു് പ്രാക്കുളം ഭാസിയും ഞാനും പി. എസ്. പി. യിലെ പല അംഗങ്ങളും ഇന്നു പ്രതികളാണു്. ഞങ്ങൾ കായാകുളം പേട്ട മൈതാനത്തു പ്രസംഗിച്ചു എന്നുള്ളതിനാണു് പോലീസ് കേസു ചാർജ്ജു് ചെയ്തിട്ടുള്ളതു്, എന്നു് പോലീസിനും ഗവണ്മെൻറിനുതന്നെയും അറിയാം. എന്നാൽ കേസു വിസ്തരിച്ചു് ഞങ്ങൾ ശിക്ഷാർഹരാണെങ്കിൽ ശിക്ഷിക്കണം. അല്ലാതെ ഞങ്ങളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തിനാണു്. നിയമസമാധാനവും ക്രമസമാധാനവും പാലിക്കേണ്ട പോലീസു ഇങ്ങനെയാണു് ജനങ്ങളോടു പെരുമാറുന്നതു്.

ശ്രീ. ടി. എം. വറുഗീസ്: ഏതു കോടതിയെ സംബന്ധിച്ചാണു് ബഹുമാനപ്പെട്ട മെംബർ പ്രസ്താവിച്ചതു്?

ശ്രീ. കെ. കുട്ടപ്പൻ: കായംകുളം മജിസ്ട്രേട്ടുകോടതിയെ സംബന്ധിച്ചാണു് ഞാൻ പറഞ്ഞതു്. ഇങ്ങനെ പോലീസു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനംകൊണ്ടു് ഇവിടെ നിയമസമാധാനം പാലിക്കുന്നതിനും നീതി ലഭിക്കുന്നതിനും നിവൃത്തിയില്ലാതെ വന്നിരിക്കുകയാണു്. സർ, ഈ രാജ്യത്തു് ഏതു രാഷ്ട്രീയകക്ഷിക്കും രാഷ്ട്രീയമില്ലാത്ത കക്ഷിക്കും യോഗം നടത്തുന്നതിനും പ്രസംഗിക്കുന്നതിനും അവകാശം കിട്ടിയിട്ടുള്ളതാണു്. എന്നാൽ ഇന്നു കക്ഷിഭേദമില്ലാതെ കാൺഗ്രസ് കക്ഷികളുടേയും ഇടതുപക്ഷക്കാരുടേയും യോഗങ്ങൾ നടത്താൻ സാധ്യ

[ശ്രീ. കെ. കുട്ടപ്പൻ.]

മല്ലാത്ത ഒരു പരിതഃസ്ഥിതി ഉണ്ടായിരിക്കുകയാണു്. ഏതു പാർട്ടിയോഗം ചേർന്നാലും അതിൽ കൂക്കുവിളിയും അക്രമവും നടത്തുകയും യോഗം അലങ്കോലപ്പെടുത്തുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഇളമണ്ണൂർ ഒരു തോട്ടം തൊഴിലാളി യോഗത്തിൽ ഇത്തുമാതിരി അക്രമികൾ ലഹള ഉണ്ടാക്കുകയും അതിന്റെ ഫലമായി ൭൦ വയസ്സോളം പ്രായം വരുന്ന ഒരു ബ്രാഹ്മണൻ ശ്രീ. പരശുരാമയ്യർ അക്രമത്തിനു വിധേയനായിത്തീർന്നു എന്നും എനിക്കു് അറിവു കിട്ടിയിട്ടുണ്ടു്. ആ യോഗത്തിൽ ഉപയോഗിച്ചിരുന്ന മൈക്കിന്റെ പല സാധനങ്ങളും അവർ എടുത്തുകൊണ്ടു പോകുകയും നാശപ്പെടുത്തുകയും ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. രാഷ്ട്രീയപാർട്ടിയുടെ യോഗത്തിലെന്നല്ല, ഏതു യോഗത്തിലായാലും ഇത്തരം അക്രമങ്ങളും മദ്യപാനികളുടെ ശല്യങ്ങളും അമർച്ച ചെയ്യേണ്ടതു് രാജ്യത്തിന്റെ നിലനില്പിനും സമാധാനത്തിനും ആവശ്യമാണു്. ഈ വക കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവണ്മെന്റും ബഹുമാനപ്പെട്ട മന്ത്രിയും ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ സംസാരം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ്: ബഹുമാനപ്പെട്ട കൊല്ലം മെമ്പറുടെ അറിവിൽപ്പെട്ട ഒന്നുരണ്ടു സംഭവങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയും അതിലേയ്ക്കു് വ്യക്തമായ മറുപടികൾ കിട്ടണമെന്നു് ശക്തിയായി ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നതനുസരിച്ചു് വ്യക്തമായ മറുപടികൾ തന്നെ കൊടുക്കാമെന്നു വിചാരിക്കുന്നു എന്നാൽ മെമ്പറുടെ ആവശ്യമനുസരിച്ചു് മറുപടികൾ വേണ്ടിടത്തോളം വ്യക്തമാണോ എന്നു് മെമ്പർതന്നെ തീരുമാനിച്ചുകൊള്ളേണ്ടതാണു്.

കൊല്ലം ഇൻസ്പെക്ടർ ശ്രീ. രാമനാഥൻ അവിടെ ഒരാളിനെ ദേഹോപദ്രവം ഏല്പിച്ചു എന്നും അതേപ്പറ്റിയുള്ള പരാതിയിന്മേൽ ഗവണ്മെന്റ് വേണ്ട അന്വേഷണമോ നടപടിയോ നടത്തിയില്ലെന്നുമാണു് കൊല്ലം മെമ്പറുടെ ഒരു ആരോപണം. ഈ പരാതിയെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തുകയും പരാതി അടിസ്ഥാനരഹിതമെന്നു് അന്വേഷണത്തിൽ വെളിപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള പരാതികൾ വന്നാൽ അതേപ്പറ്റി അന്വേഷണം നടത്താൻ അവകാശവും അധികാരവും ഉള്ളവരെക്കൊണ്ടു് അന്വേഷിപ്പിച്ചു് അവരിൽനിന്നും കിട്ടാവുന്ന അറിവു് ഉപയോഗപ്പെടുത്തി ഒരു നിഗമനത്തിൽ എത്തിച്ചേരുവാനേ സാദ്ധ്യമാകയുള്ളു. മന്ത്രിതന്നെ നേരിട്ടു നടത്താത്തതൊന്നും അന്വേഷണമല്ലെന്നു മെമ്പർ പറയുമെന്നു തോന്നുന്നില്ല. പരാതികളിൽ ചേർത്തിരിക്കുന്ന പ്രസ്താവനകളെല്ലാം വേദവാക്യമെന്ന വിധത്തിൽ അവയെ അക്ഷരംപ്രതി സ്വീകരിച്ചും വിശ്വസിച്ചും അന്വേഷണം കൂടാതെ തീരുമാനത്തിലെത്തുവാനും സാദ്ധ്യമല്ല. മെമ്പർ ദൈവഭയത്തിന്റേയും, മനസ്സാക്ഷിയുടേയും, യേശുക്രിസ്തുവിന്റേയും ഒക്കെ കാര്യം പറഞ്ഞുകേട്ടതിൽ എനിക്കും സന്തോഷമുണ്ടു്. മനസ്സാക്ഷി എല്ലാവർക്കും ഉണ്ടെങ്കിലും അതുമായുള്ള ബന്ധം എല്ലാവരും പാലിക്കാത്തതുകൊണ്ടാണു് ഈ കുഴപ്പങ്ങൾക്കു് കാരണമാകുന്നതെന്നു് മെമ്പറും സമ്മതിക്കുമെങ്കിൽ അതിനോടു ഞാനും യോജിക്കുന്നു.

ഏതായാലും കാത്തികപ്പള്ളിയിൽ നടന്നതായി പറയുന്ന കേസ്സിനെപ്പററി എനിക്ക് യാതൊരു വിവരവും ഇല്ല. അവിടെ ഉണ്ടായതായി പറയുന്ന മരണം എങ്ങിനെയാണ് സംഭവിച്ചതെന്നും അറിഞ്ഞുകൂടാ. നോട്ടീസ്സ് കിട്ടിയിരുന്നുവെങ്കിൽ അന്വേഷിച്ച് വിവരം സഭയെ അറിയിക്കാമായിരുന്നു. കേസ്സിൽനിന്നും ഒഴിവാക്കിക്കിട്ടാൻ എന്നെ സമീപിച്ചതായി മെമ്പറിനു കിട്ടിയതായിപ്പറയുന്ന അറിവ് ഒന്നു വിശദമാക്കി പറയുവാനുള്ള ചുമതല മെമ്പർക്കുണ്ട്. മെമ്പറെ എനിക്ക് നേരിട്ട് ദീർഘകാലത്തെ പരിചയം ഉണ്ട്. മനഃപൂർവ്വം വ്യാജമായ ഒരു ആരോപണം എന്നിൽ ചുമത്താൻ മെമ്പർ തുനിയുമെന്ന് വിചാരിപ്പാൻ ന്യായമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഞാൻ 'മർഡർ' കേസ്സിനെപ്പററിയല്ല പറഞ്ഞത്. കാത്തികപ്പള്ളിയിലെ ബലാൽസംഗകേസ്സിനെപ്പററിയാണ്.

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ശ്രീ. കുട്ടപ്പൻ കോയിക്കലിന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചതു ആ കേസ്സിനെപ്പററി ആയിരിക്കാം. കേസ്സിന്റെ സ്വഭാവം എന്തായാലും ആ കേസ്സിൽനിന്നും എന്റെ സഹായത്തോടുകൂടി ഒഴിവാകാൻ ശ്രമിച്ചതു ആരാണെന്നും എങ്ങിനെയാണെന്നും മററുമുള്ള വിവരങ്ങൾ മെമ്പർക്ക് അറിയാമെങ്കിൽ പറയേണ്ടതാണ്. മെമ്പറുടെ പ്രസ്താവനയിൽ അതു അസ്പഷ്ടമായി സൂചിപ്പിച്ച സ്ഥിതിക്ക് ഈ സഭയോടും, മെമ്പറോടുതന്നെയും, എന്നോടും മെമ്പർക്കുള്ള ചുമതലയും സാധാരണ നീതിയുമനുസരിച്ച് മെമ്പർ ആ വിവരങ്ങൾ വെളിപ്പെടുത്തേണ്ടതായിരുന്നു. ഈ സംഗതിയിൽ യാതൊരു പരമാർത്ഥമോ അടിസ്ഥാനമോ ഇല്ലാത്ത സ്ഥിതിക്ക് ഇതൊന്നുകിൽ ഒരു വാസ്തവവിരുദ്ധമോ അല്ലെങ്കിൽ തെററിദ്ധാരണയിൽ നിന്നു ഉത്ഭവിച്ചതോ ആയ ഒരു പ്രസ്താവനയായിട്ടേ ഞാൻ കരുതുന്നുള്ളു. ശ്രീ. രാമനാഥനെ ഉൾപ്പെടുത്തിയും മററും മെമ്പർ ചെയ്തിട്ടുള്ള പ്രസ്താവനകളും ഇത്തരത്തിലുള്ളതായിരിക്കാമെന്ന് വിചാരിക്കുന്നതിൽ തെററില്ലല്ലോ.

ഒരു കുററം ചെയ്തതായി ഇൻസ്പെക്ടരെപ്പററിയോ മററ ആരെയെങ്കിലും പററിയോ പരാതി ഉണ്ടായാൽ സ്വീകാര്യയോഗ്യമായ തെളിവിനെ അടിസ്ഥാനമാക്കി മാത്രമേ നടപടി നടത്താവൂ എന്നുള്ളതു് സാധാരണ നീതി മാത്രമാണ്. ഈ നയമാണ് ഗവർണ്മെന്റ സ്വീകരിച്ചിരിക്കുന്നതും, മേലാൽ സ്വീകരിപ്പാൻ നിശ്ചയിച്ചിരിക്കുന്നതും.

ശ്രീ. ടി.കെ. ദിവാകരൻ : ഈ മാതിരിയുള്ള കാര്യങ്ങളിൽ പരാതി പറയുന്ന ആളുകളോട് തെളിവുകൾ ആവശ്യപ്പെട്ടുകൂടേ?

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ആവശ്യപ്പെടാം, സന്ദർഭം അനുസരിച്ച് ആവശ്യപ്പെടാതെയുമിരിക്കാം. ആവശ്യപ്പെടാതെതന്നെ പരാതിപ്പെടുന്നവർക്ക് തെളിവുകൾ ഹാജരാക്കാം. അധികാരികൾക്ക് മററുവിധത്തിൽ തെളിവുകൾ ശേഖരിക്കയും ചെയ്യാം. പോലീസ് ഡിപ്പാർട്ടുമെന്റിലാണെങ്കിൽ എതെങ്കിലും ഒരു പരാതി ലഭിച്ചാലുടനെ അതു ഐ. ജി. ക്ക് അയയ്ക്കും. ഐ. ജി. ആ പരാതി ഡി. എസ്സ്. പി., എ. എസ്സ്. പി. തുടങ്ങിയ ഉദ്യോഗസ്ഥന്മാർക്കയച്ച് അന്വേഷണം

നടത്തിക്കയും അതിന്മേൽ റിപ്പോർട്ടു ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുകയും ചെയ്യും. ഏറെക്കുറെ സാധാരണഗതിയിൽ ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗവണ്മെൻറ നടപടി നടത്തുകയാണു് പതിവു്.

ശ്രീ. ടി. വി. താമസ്സു്: കുററംചെയ്താൽ വിളിച്ചു ചോദിക്കുകയില്ല, അഥവാ വിളിച്ചുചോദിച്ചാൽ അവർ കുററം സമ്മതിക്കുകയുമില്ല. ഞങ്ങൾ പറഞ്ഞാൽ വിശ്വസിക്കയില്ല, മന്ത്രിക്കു് പോയി അന്വേഷിക്കുവാൻ സമയവുമില്ല. പിന്നെ എന്തുചെയ്യണമെന്നാണു് പറയുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്സു്: പിന്നെ വേണ്ടതെല്ലാം ന്യായവും നീതിയും അനുസരിച്ചു ചെയ്യുമെന്നാണു് പറയുന്നതു്. എന്നാൽ എല്ലാവക്കും അതു ഇഷ്ടപ്പെട്ടില്ലെന്നു വരാം. സാധാരണ രീതിയിൽ ഈമാതിരിയുള്ള പരാതികളെ സംബന്ധിച്ചു് അന്വേഷണം നടത്തി ആരോപണം ശരിയാണെന്നു കണ്ടാൽ അതിന്മേൽ ഗവണ്മെൻറ നടപടികൾ നടത്തും.

ശ്രീമാൻ കുട്ടപ്പനും ആ കേസിനെപ്പററി പറഞ്ഞു.

Shri N. Rajagopalan Nair : Sir, You have been informing the House that the points raised by us will be met by the Treasury Benches. But there is no use in discussing and debating the Demand in the face of the answers given by the Treasury Benches. There is no use in getting such answers. Therefore, I suggest you will be pleased to have a vote taken, and then let us off. These answers are of no use. It will serve no purpose. Our points are not at all met by the Treasury Benches.

Mr. Speaker : That is one point of view.

ശ്രീ. എൻ. രാജഗോപാലൻ നായർ: മയിലെണ്ണ പുരട്ടിയതു് പോലെ സംസാരിക്കരുതെന്നു് പ്രത്യേകം പറഞ്ഞിട്ടുണ്ടു്.

Mr. Speaker : It may be some phraseology used by some hon. Member , but I think the points are being met.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, മയിലെണ്ണ പുരട്ടിയതു എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം എന്താണു്?

Mr. Speaker: When a matter has been ignored and voted down, why is it given undue importance, I do not know.

ശ്രീ. ടി. എം. വർഗ്ഗീസ്സു്: അടുത്തകാലത്തു് കീരിക്കാട്ടുവച്ചു് ഇതുപോലെ ചില സംഭവങ്ങൾ ഉണ്ടായി എന്നു പറഞ്ഞു. അതിനെപ്പററിയുള്ള വിവരങ്ങൾ അന്വേഷിച്ചിട്ടില്ല. അങ്ങനെ ഒരു സംഭവം നടന്നതായി അറിവില്ല. എന്തെങ്കിലും പരാതികൾ കിട്ടുന്നപക്ഷം അന്വേഷിച്ചു നിവർത്തിയുള്ള പരിഹാരം ഉണ്ടാക്കാവുന്നതാണു്. കായംകുളം കേസ്സിനെ അടിസ്ഥാനപ്പെടുത്തിയും ഇവിടെ ചിലതു പറഞ്ഞു. ആ സംഭവങ്ങളെ അടിസ്ഥാനമാക്കി ആലപ്പുഴയിൽ കേസ്സുകൾ നടന്നതായി

അറിയാം. അതിൽ ഉൾപ്പെട്ട പ്രതികളെയും ലാക്കപ്പിൽ ഇട്ടിരുന്ന ആളുകളെയും വിട്ടയയ്ക്കുകയും പിഴ ഒടുക്കിയ ആളുകൾക്ക് പിഴ തിര്യെ കൊടുക്കുകയും ചെയ്തു എന്നാണ് എന്റെ അറിവ്. ഇപ്പോൾ പറയുന്ന കേസ്സ് ഏതാണെന്ന് വെളിവാകുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: പച്ചത്തൊണ്ടുവ്യവസായികളുടെ മേൽ എടുത്ത കേസ്സിനെപ്പററിയാണ് ഇപ്പോൾ മന്ത്രി പ്രസ്താവിച്ചത്. അതിനുശേഷം പേട്ട മൈതാനത്തുവച്ചു യോഗം കൂടിയതിന്മേൽ ഒരു കേസ്സെടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനെപ്പററി അന്വേഷിക്കാം.

Shri P. K. Krishna Menon: On a point of order. ഒരു കേസ്സിന്റെ കാര്യം പറഞ്ഞിട്ട് മെമ്പറന്മാരും മന്ത്രിയും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും കുററപത്രം കൊടുത്തുകൊണ്ടിരിക്കുന്ന രീതി ശരിയാണോ?

Mr. Speaker: I have been telling the hon. Members that any purpose will not be served by such questions.

ശ്രീ. ടി. എം. വർഗ്ഗീസ്: അനാവശ്യമായ കേസ്സുകൾ എടുത്തിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഏതെങ്കിലും തരത്തിൽ ഗവണ്മെന്റിന് അതിനെപ്പററി അറിവു ലഭിക്കുന്ന പക്ഷം ആ വക കാര്യങ്ങൾ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. പുറപ്പെടുവിച്ചതായി കേട്ട വിമർശനങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ ഹാജരാക്കുന്നതിനോ ഡിമാന്റിനെ എതിർക്കുന്നതിനോ പര്യാപ്തമാണെന്നു തോന്നുന്നില്ല. അതിനാൽ ഈ ഡിമാന്റ പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

The cut motion was put and lost.

The question that the Government be granted a sum of Rs. 94,19,000 under Demand XV—Police—was put and carried.

The grant was made.

Mr. Speaker: The House will now rise and meet again at 11 o'clock tomorrow.

The Assembly adjourned at 5 P. M. to meet again at 11 A. M. on Tuesday, the 17th March, 1953.

APPENDIX I

[*(Please see answer to question No. *393 (6)*]

Statement showing the arrears due to each of the Local Bodies at the end of the financial year 1950-51.

	Name of institution.	*Arrears at the end of 1950-51*			*Amount of arrears written off*					
					1950-51			1951-52		
		Rs.	*A.*	*P.*	*Rs.*	*A.*	*P.*	*Rs.*	*A.*	*P.*
1.	Alleppey	.. 1,50,379	0	0	Nil			6,554	0	0
2.	Quilon	.. 1,52,426	0	0	343	0	0	Nil		
3.	Nagercoil	.. 53,873	0	0	1,593	0	0	3,628	4	11
4.	Kottayam	.. 1,45,522	0	0	Nil			399	7	3
5.	Parur	.. 8,782	0	0	Nil			Nil		
6.	Changanacherry	. 7,926	0	0	Nil			149	9	10
7.	Shencottah	.. 29,756	0	0	49	7	0	83	2	11
8.	Kuzhithurai	.. 18,718	0	0	5	3	4	56	6	11
9.	Padmanabhapuram	25,858	0	0	1	3	1	68	14	8
10.	Neyyattinkara	14,082	0	0	9	7	5	58	4	5
11.	Kayamkulam	.. 23,246	0	0	1,444	15	2	Nil		
12.	Thiruvalla	.. 8,860	0	0	22	9	0	Nil		
13.	Alwaye	.. 48,890	0	0	Nil			115	8	1
14.	Vaikom	.. 11,934	0	0	81	12	0	4	10	1
15.	Colachel	.. 10,654	0	0	Nil			D.C.B. not furnished		
16.	Attingal	.. 15,958	0	0	Nil			114	8	8
17.	Mavelikara	.. 18,468	0	0	Nil			Nil		
18.	Palai	.. Nil			..			..		
19.	Trichur	.. 42,402	0	0	833	4	10	1,147	14	7
20.	Ernakulam	.. 1,24,860	0	0	2,646	1	2	2,794	8	7
21.	Mattancheri	.. 2,15,951	0	0	669	12	3	Nil		
22.	Kunnamkulam	.. 16,936	0	0	26	2	3	482	3	11
23.	Irinjalakkuda	.. 67,295	0	0	6	0	0	439	2	2
24.	Chittur-Tattamangalam	.. 32,870	0	0	6	5	2	398	7	0
25.	Trivandrum Corporation	.. 10,36,460	15	3	3,22	5	5	2,538	7	9

APPENDIX II

[*Please see answer to question No.229 (20)*]

List of Medical institutions for which grant has been given by Government in 1951 and 1952.

TRAVANCORE.

Sl. No.	*Name of institution*	*Amount of grant Given per mensem*
		Rs.
1.	Grant-in-aid L.M.S. Hospital, Neyyoor	300
2.	Do. Marthandom	50
3.	Do. Attingal	30
4.	Grant-in-aid Rama Row Hospital, Nedungolam	35
5.	Do. Catherine Booth Hospital, Vadassery	100
6.	Do. Salvation Army Branch Hospital, Aramboly	25
7.	Do. St. Joseph's Hospital, Manjummel	74
8.	Do. Dispensary, Granby	100
9.	Do. ,, Chittavurrai	100
10.	Do. ,, Periakannal	100
11.	Do. ,, Munnar	100
12.	Do. ,, Ponmudi	100
13.	Do. ,, Kuruppampady	30
14.	Do. ,, Kalthuruthy	100
15.	Do. Rural Dispensary, Vechur	30
16.	Do. Sree Ramakrishna Asrama Charitable Hospital, Sasthamangalam	100
17.	Do. Maternity Welfare Centre, Melkavu	20
18.	,, C.P. Memorial Leper Asylum, Neyyoor	1,700
19.	Do. Salvation Army Leper Hospital, Puthencrus	1,700
20.	Do. Little Flower Hospital, Angamali	50

Note.—Grant-in-aid dispensaries at Vechur and Karuppampady are being given annual money grants of Rs. 300 each for purchase of medicines in addition to the monthly grants of Rs. 30 each. Of the above 20 institutions grant-in-aid Hospital at Marthandom was closed on 10 th December 1951, and since then no grant was given.

COCHIN.

1.	Grant-in-aid Dispensary,	Ollur	..	108
2.	Do.	Elanad	..	108
3.	Do.	Varandarappilly	..	108
4.	Do.	Velur	..	165
5.	Do.	Chennamangalam	..	108
6.	Do.	Malayattur	..	108
7.	Do.	Desamangalam	..	108
8.	Do.	Tattamangalam	..	108
9.	Do.	Palangi	..	123
10.	Do.	Chelakara	..	108
11.	Do.	Kallattinkara	..	108
12.	Do.	Kumbalam	..	108
13.	Do.	Trikkar	..	40
14.	Do.	Pattikad	..	65
15.	Do.	Thiruvilwamala	..	108
16.	Do.	Cheruthuruthy	..	108
17.	Do.	Vadavucode	..	108

Note.—In addition to the monthly grant sanctioned to each institution as shown above, an annual grant of Rs. 1,000 each is being given for medicines and Rs. 5 each for service labels. Of the above 17 institutions grant-in-aid dispensary at Kumbalam was closed on 15th march 1951 and since then no grant was given.